KNANAYADEEPAM

# ക്നാനായ ദീപം

Vol: 35 / Issue: 11 November 2024 ₹:10/-



# 2nd Death Anniversary

**27-11-2024**



## ഷാന്റി ഏബ്രഹാം

മുക്കാട്ട്, കുറിച്ചി

By Sorrowing Family & Friends

Advt -G

# ക്നാനായ ദീപം

2024 നവംബർ പുസ്തകം 35 ലക്കം 11

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

നിഖ്യാസുന്നഹദോസിനു ശേഷം.. 08
പ്രൊഫ. പി.കെ. സ്കറിയ കുന്നത്തിൽ

പരിശുദ്ധ പരുമല തിരുമേനി 09

ആടുകളുടെ ശബ്ദം... 10
ബിജു ഇ.പി. ഇളംപള്ളിൽ

പേരെന്റിംഗ്... 15
സുനിൽ ഡി. കുരുവിള

എല്ലാം മായ അത്രേ.. 17
റിയു റോയി മുളമൂട്ടിൽ

ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും... 19
അമ്മാൾ രാജൻ പുളിമൂട്ടിൽ

ആദമിനു ലഭിച്ച ദിവ്യദാനങ്ങൾ 20
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

ഏവൻഗേലിയോൻ ദീപം 21
ഫാ. സിജോ ഏബ്രഹാം വട്ടോത്ര
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

കുടുംബപ്രാർത്ഥനയുടെ... 23
ജയ്നമ്മ മർക്കോസ് നടുവിലെപറമ്പിൽ

ക്നാനായ സഭയുടെ ശ്ലൈഹിക... 24
Late ചാണ്ടി ആൻഡ്രൂസ് പൂമംഗലം

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 ഒരില കൊഴിഞ്ഞെന്നു കരുതി...
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

40 ശബ്ദമുണ്ടാക്കുന്ന ചില കാര്യങ്ങൾ
റ്റി.യു. ജോസ് തൈത്ര

41 രോഗി സന്ദർശനം
ക്നാനായ ദീപം ലൈബ്രറി

43 മല്പാനോട് ചോദിക്കാം

44 ഈശ്വരനോ, ടൊത്തൊരുമ
കെ.എം. മാനുവൽ കളപ്പുരയ്ക്കൽ

45 കാൽപ്പാടുകൾ - എബി

46 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ,
പരസ്യചാർജ് എന്നിവ
ക്യുആർ കോഡ് സ്കാൻ ചെയ്ത്
യുപിഐ ആപ്പ് വഴി പേയ്മെന്റ്
ചെയ്യുവാനുള്ള സൗകര്യം
ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ
കുടിശ്ശിഖയുള്ളവർ
ക്നാനായ ദീപം ഓഫീസിൽ
എത്തിക്കണം

മാസികയിൽ
പ്രസിദ്ധീകരിക്കുവാനുള്ളവ
തലേമാസം 25 ന് മുമ്പായി
ക്നാനായദീപം ഓഫീസിൽ
എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ
ആപ്പിൽ പരസ്യങ്ങൾ
സ്വീകരിക്കുന്നു. കുടുതൽ
വിവരങ്ങൾക്ക് ഓഫീസുമായി
ബന്ധപ്പെടുക




**കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനം.**

കർത്താവിൽ പ്രിയരെ,

സഭാകലണ്ടർ അനുസരിച്ച് ആണ്ടാരംഭമായ കൂദോശ് ഈത്തോ (സഭയുടെ ശുദ്ധീകരണവും) ഹൂദോശ് ഈത്തോ (സഭയുടെ പ്രതിഷ്ഠയും) നവംമ്പർ മാസത്തിൽ ആഘോഷിച്ചുവല്ലോ. നാം പ്രതിദിനം ഉപയോഗിക്കുന്ന വിശ്വാസപ്രമാണത്തിൽ കാതോലികം, അപ്പോസ്തോലികം, ഏകം, വിശുദ്ധം എന്നീ നാലു ലക്ഷണങ്ങളോടുകൂടിയ സഭയിൽ വിശ്വസിക്കുന്നതായി നാം ഏറ്റു പറയുന്നു. നിഖ്യാവിശ്വാസ പ്രമാണം ഉപയോഗിക്കുന്നവരെല്ലാം, അവരവർ ഉൾപ്പെട്ട സഭ പ്രസ്തുത ലക്ഷണങ്ങൾ ഉള്ളതാണെന്ന് അവകാശപ്പെടുന്നുണ്ട്. യോഹന്നാന്റെ സുവിശേഷം 17–ാം അദ്ധ്യായത്തിൽ നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ ക്രിസ്തു സഭയുടെ ഏഴു ലക്ഷണങ്ങൾ കൂടി രേഖപ്പെടുത്തിയിട്ടുണ്ട്.

1) സഭ നിത്യജീവൻ പ്രാപിച്ചവരുടെ കൂട്ടമാണ്. യോഹ.17:2. അവർക്ക് നിത്യജീവൻ കൊടുക്കേണ്ടതിന്–നിത്യജീവൻ അഥവാ രക്ഷ പ്രാപിച്ചവരുടെ സമൂഹമാണ് സഭ.

2) സഭയ്ക്ക് ഒരു വെളിപ്പാടുണ്ട്. യോഹ. 17:6. സഭക്ക് ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു. എന്ന് പറയുന്നു. ക്രിസ്തു ദൈവത്തെ വെളിപ്പെടുത്തി. സഭ ലോകത്തിൽ ദൈവത്തെ വെളിപ്പെടുത്തണം.

3) സഭ ദൈവവചനം പ്രമാണിച്ചിരിക്കുന്നു. യോഹ. 17:6–അവർ നിന്റെ വചനം പ്രമാണിച്ചിരിക്കുന്നു. സഭയുടെ പ്രമാണഗ്രന്ഥം വേദപുസ്തകമാണ്. ദൈവവചനം പ്രമാണിക്കണം.

4) സഭയ്ക്കുവേണ്ടി ക്രിസ്തു പക്ഷവാദം ചെയ്യുന്നു. യോഹ. 17:9 ഞാൻ അവർക്കുവേണ്ടി അപേക്ഷിക്കുന്നു. ലോകത്തിനുവേണ്ടി അല്ല. നിനക്കുള്ളവർ ആകകൊണ്ട് അവർക്കുവേണ്ടിയത്രേ ഞാൻ അപേക്ഷിക്കുന്നത്.

5. സഭ കർത്താവിനാൽ സൂക്ഷിക്കപ്പെടുന്നു. യോഹ. 17:12. ഞാൻ അവരെ നീ എനിക്ക് തന്നിരിക്കുന്ന നിന്റെ നാമത്തിൽ കാത്തു കൊണ്ടിരുന്നു. ഞാൻ അവരെ സൂക്ഷിച്ചു. ദൈവം തന്റെ ജനത്തിന്റെ പരിപാലകൻ ആകുന്നു. സങ്കീ. 121 ൽ യഹോവ നിന്റെ പരിപാലകൻ എന്നും ഒരു ദോഷവും തട്ടാത്തവണ്ണം നിന്നെ പരിപാലിക്കും എന്നും വായിക്കുന്നു.

6. സഭയ്ക്ക് മഹത്വം ഉണ്ട്. യോഹ. 17:22. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്ക് കൊടുത്തിരിക്കുന്നു. 2 തെസ്സ. 2:14 ൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷ ഘോഷണത്താൽ നിങ്ങളെ രക്ഷയ്ക്ക് വിളിച്ചത്. പിതാവ് നൽകിയ മഹത്വം പുത്രൻ സഭയ്ക്ക് ദാനം ചെയ്തു.

7. സഭയുടെ നിത്യത മുഴുവൻ ക്രിസ്തുവിനോടുകൂടെ (യോഹ.17:24). പിതാവേ നീ എനിക്ക് നൽകിയ മഹത്വം നീ എനിക്ക് തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടുകൂടെ ഇരിക്കണം എന്ന് ഞാൻ ഇച്ഛിക്കുന്നു. യോഹ. 14 ൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു വേഗം വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും, ഇതാണ് സഭയുടെ പ്രത്യാശ. ഈ വാഗ്ദത്വം നിവർത്തിക്കപ്പെടേണ്ടതിന് കർത്താവിന്റെ രണ്ടാം വരവ് ആസന്നമാകുകയാണ്. അതിന്റെ ലക്ഷണമാണ് യിസ്രായേലിനെതിരേയുള്ള യുദ്ധം. അത് ദുഃഖകരമാണെങ്കിലും ബൈബിളിൽ പ്രവചനങ്ങൾ മറക്കാൻ കഴിയുകയില്ല. യിസ്രായേൽ ദൈവത്തിന്റെ ജനമാണ്. ദൈവത്തിന്റെ കണ്ണിലെ കൃഷ്ണമണി എന്ന് യിസ്രായേലിനെ വിശേഷിപ്പിച്ചിരിക്കുന്നു. യഹൂദന്മാർ സൗന്ദര്യമുള്ളവരും ബുദ്ധിയുള്ളവരും കുലീനത്വമുള്ളവരും ന്യായപ്രമാണ നിയമങ്ങൾ അനുഷ്ഠിച്ച് ജീവിക്കുന്നവരാണ്. ഇന്ന് യിസ്രായേൽ കേരളത്തോളം മാത്രം വലിപ്പമുള്ള രാജ്യമാണെങ്കിലും ലോകങ്ങൾക്ക് ഒപ്പം നിൽക്കുവാൻ അവർക്ക് കഴിയുന്നുണ്ട്. ഹമാസ് ഭീകരാക്രമണം നടത്തിയതാണ് ഇന്നുള്ള യുദ്ധത്തിന് തുടക്കം കുറിച്ചത്. യിസ്രായേലിന്റെ മുമ്പിൽ ഹമാസ് നിസാരമാണ്. എന്നാൽ ഇപ്പോൾ ലെബനനും ഇറാനും മറ്റ് രാഷ്ട്രങ്ങളും യിസ്രായേലിനെതിരെ തിരിഞ്ഞിരിക്കുകയാണ്. പഴയ നിയമത്തിൽ കാണുന്ന ദൈവജനമായ ഏക സമൂഹമായ യഹൂദനുനേർക്കുള്ള യുദ്ധം പുതിയ നിയമ യിസ്രായേലിന് ദുഃഖകരമാണ്. ക്രൈസ്തവ സമൂഹം യരുശലേമിന്റെ മതിലുകളെ പണിയണമേ എന്ന് എന്നും പല പ്രാവശ്യം 51–ാം സങ്കീർത്തനത്തിൽ കൂടി പ്രാർത്ഥിക്കുന്നത് കേൾക്കുന്ന ദൈവം യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്യുമ്പോൾ ക്രൈസ്തവ സഭാ തലവന്മാർ ചിലർ ദൈവ വചനത്തിനു പകരം ഖുറാൻ ചുംബിക്കുകയും യിസ്രായേലിന് എതിരെ പ്രസ്ഥാവനകൾ ഇറക്കുകയും ചെയ്യുമ്പോൾ അങ്ങനെയുള്ളവരെ നിയന്ത്രിക്കുന്നത് ദുഷ്ടശക്തിയല്ലേ എന്നു വായിക്കുന്നവർ ചിന്തിച്ചുകൊൾക. ലോകശക്തികൾ രണ്ടു ചേരികളായി തിരിഞ്ഞ് ഒരു മൂന്നാം ലോകമഹായുദ്ധത്തിന് വഴിവെക്കുവാൻ സാദ്ധ്യതയുണ്ട്. പക്ഷേ ഇതെല്ലാം യേശു കർത്താവിന്റെ വീണ്ടും വരവിനുള്ള മുന്നോടിയായിട്ടുള്ള സ്ഥിതി വിശേഷമാണ്. സഭ ശരീരവും മിശിഹാ തലയും ആകുന്നു. സഭ മിശിഹായോട് കൂടെ വെളിപ്പെടുത്തപ്പെട്ട സത്യത്തിൽ ചേർന്നിരിക്കുന്നതുകൊണ്ടും, മിശിഹായുടെ ആത്മാവുതന്നെ സഭയിൽ വ്യാപരിക്കുന്നതുകൊണ്ടും ആണ്. സഭ മണവാട്ടിയും, മിശിഹാ മണവാളനുമാകുന്നു. മണവാളനോടുള്ള ചേർച്ചയ്ക്ക് ഭംഗം വരുമ്പോൾ മിശിഹായോടുള്ള സഭയുടെ ബന്ധം ശിഥിലമായിത്തീരുകയും അത് സഭയുടെ ചാരിത്ര്യത്തിനു ഹാനി സംഭവിക്കുകയും ചെയ്യും. പഴയ മഹത്വ പല്ലവി പാടാതെ ഇന്നു നാം എങ്ങനാണ് മുമ്പോട്ടു പോകുന്നത് എന്ന് ചിന്തിക്കണം. നമ്മുടെ സഭയുടെ വീക്ഷണഗതിയിൽ ഇന്നുള്ള വേദവിപരീതങ്ങൾ എന്തെല്ലാമെന്നും അവയോടുള്ള നമ്മുടെ നയം (Policy) ഏതു വിധത്തിലായിരിക്കണമെന്ന് വേദപുസ്തകാടിസ്ഥാനത്തിൽ പഠിച്ച് പൂർണ്ണവിശുദ്ധിയേ തികച്ച് കർത്താവിനെ എതിരേല്പാൻ ഒരുങ്ങാം. പ്രിയൻ വരവിന് താമസം ഏറേയില്ല. ഒരുങ്ങാം.

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

നവംബർ മാസത്തിലേക്ക് നാം പ്രവേശിച്ചുവല്ലോ. നമ്മെ ദൈവം ഏല്പിച്ച പദ്ധതികൾ പൂർത്തികരിക്കുവാൻ നമുക്ക് സാധിക്കുന്നതിൽ അലസത ഉണ്ടാകാതെ, ദൈവാശ്രയത്തോടെ അവ നിറവേറ്റുവാൻ നമുക്ക് ഉത്സുകതയോടെ പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവദാനമായ ഈ ജീവിതത്തിൽ ദൈവഹിതം നിറവേറ്റുന്ന വ്യക്തിത്വങ്ങളായി നമുക്ക് ആയിത്തീരാം.

നവംബർ 2 ന് പരി. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ നാം കൊണ്ടാടിയല്ലോ. നമ്മിൽ അനേകർ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിച്ചിട്ടുള്ളവരാണ്. നമ്മുടെ പല ദൈവാലയങ്ങളിലും പരിശുദ്ധന്റെ തിരുശേഷിപ്പ് സൂക്ഷിക്കുന്നുണ്ട്. നമ്മുടെ മിക്കവാറും എല്ലാം ദൈവാലയങ്ങളിലും പരിശുദ്ധന്റെ പെരുന്നാൾ ആചരിക്കുന്നുണ്ട്. പരി.പരിമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്ന നമുക്ക് സമർപ്പണത്തോടെ ആ ജീവിതമാതൃക ഉൾക്കൊണ്ട് നോമ്പിലും പ്രാർത്ഥനയിലും വിശ്വാസതീക്ഷ്ണതയോടെ ജീവിതത്തെ നയിച്ച്, നന്മയുടെ നിറകുടങ്ങളായി തീരുവാൻ ശ്രമിക്കാം. അങ്ങനെ നമുക്കും വിശുദ്ധിയുടെ ഉന്നതമായ പടവുകൾ കയറുവാൻ ഇടയാകണം. പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത നമ്മുക്കെന്നും അനുഗ്രഹമായിരിക്കട്ടെ.

നവംബർ 14 നാണല്ലോ ശിശുദിനം ആചരിക്കുന്നത്. ഭാരതത്തിന്റെ മുൻപ്രധാനമന്ത്രി ഡോ. ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണല്ലോ അന്ന്. ഇന്നത്തെ ശിശുക്കൾ നാളത്തെ പൗരന്മാരും, രാഷ്ട്രത്തിന് സംഭാവനകൾ നല്കേണ്ടവരുമാണല്ലൊ. ജനിച്ചു വീഴുന്ന ഓരോ കുഞ്ഞിനും മാനസികമായ പക്വത ആർജ്ജിച്ചെടുക്കുവാനുള്ള പരിശീലനം ഭവനങ്ങളിൽ നൽകേണ്ടതുണ്ട്. ഭവനങ്ങളാണല്ലോ ആദ്യത്തെ വിദ്യാലയം. അവിടെനിന്ന് അവർക്കാവശ്യമായ മാതൃക ലഭിക്കുവാൻ ഇടയാകണം. അതാകട്ടെ മാതാപിതാക്കളുടെ മാതൃകപരമായ ജീവിതത്തിലൂടെയും അതുപോലെ കുടുംബത്തിൽ അവരെ ഒരുമിച്ചിരുത്തി പ്രാർത്ഥിക്കുവാനും ദൈവാലയത്തിലേക്ക് അവരെ കൊണ്ടുപോകുവാനും ദൈവാശ്രയത്തോടെ ജീവിക്കുവാനും അവരെ പ്രേരിപ്പിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണെന്ന് തിരിച്ചറിയുവാനും അതിനനുസരിച്ച് പ്രവർത്തിക്കുവാനും സാധിക്കണം.

നമ്മുടെ അതിഭദ്രാസനത്തിലെ പ്രധാന ഒരു ആദ്ധ്യാത്മീക പോഷണ സംഘടനയായ ക്നാനായ സുവിശേഷ സമാജത്തിന്റെ ധ്യാനയോഗം ഓതറ ആശ്രമം ചാപ്പലിൽ വച്ച് അനുഗ്രഹകരമായി നടത്തുവാൻ ദൈവം അനുവദിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. അതിൽ സുവിശേഷ സമാജത്തിന്റെ പുതിയ ടേമിലെ ഭാരവാഹികളായി മുൻവർഷത്തെ ഭാരവാഹികളെ തന്നെ തെരഞ്ഞെടുത്തു. ദൈവത്തിന്റെ വലിയ നിയോഗത്തോടെ തുടർന്നുള്ള വർഷങ്ങളിലും പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവ് അവരെ ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സുവിശേഷസമാജത്തിന്റെ പ്രവർത്തനമേഖല കൂടുതൽ വിസ്തൃതമാക്കാൻ നമുക്ക് പ്രാർത്ഥിക്കാം. എല്ലാവരുടേയും സഹകരണം ഉണ്ടാകണമെ.

ക്നാനായ കോൺഗ്രസിന്റെ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഡിസംബർ ആദ്യ ഞായറാഴ്ച ക്രമീകരിച്ചിരിക്കുകയാണല്ലോ. ക്നാനായ കോൺഗ്രസിന്റെ സമുദായ തലത്തിലും, സാമൂഹിക തലത്തിലുമുള്ള ഇടപെടലുകളും, സാന്നിദ്ധ്യവും വളരെ ശ്രദ്ധേയമാണ്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഇന്നയോളം ഉണ്ടായിരുന്നത് തുടർന്നെങ്കിൽ മാത്രമെ അവർക്ക് അനുഗ്രഹകരമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. എല്ലാവരും നല്ല രീതിയിൽ സഹകരിക്കണമെ.

ക്നാനായ സമുദായവുമായി ഊഷ്മളമായ ബന്ധം കാത്തു സൂക്ഷിച്ചാണ് കത്തോലിക്കാ സഭയുടെ ചങ്ങനാശ്ശേരി അതിരൂപത വിശ്വാസയാത്ര നയിക്കുന്നത്. അഭിവന്ദ്യ പിതാവായ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ശുശ്രൂഷകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. എത്രയോ വേദികളിൽ ഒരുമിച്ച് പങ്കെടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അഭി. പിതാവിന്റെ സാമൂഹികമായ ഇടപെടലുകളും, സ്നേഹത്തോടെയുള്ള സമീപനവുമെല്ലാം മനസ്സിൽ ഏറെയുണ്ട്. എല്ലാത്തിനായും കൃതജ്ഞത സമർപ്പിക്കുന്നു. പുതിയ ഇടയനായി നിയോഗിക്കപ്പെടുന്ന അഭിവന്ദ്യ തോമസ് തറയിൽ പിതാവിനുവേണ്ടി പ്രാർത്ഥിക്കുന്നു. ദൈവം തുണചെയ്ത് ഏറെ അനുഗ്രഹത്തോടെ പുതിയ നിയോഗം നിർവഹിക്കുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഈ മാസത്തിലും തുടർന്നും ദൈവകൃപ നമ്മെ ശക്തരാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവാനുഗ്രഹം എല്ലാവർക്കും ഉണ്ടാകട്ടെ.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

ക്നാനായ സമുദായ വനിതാസമാജത്തിന്റെ വാർഷിക സമ്മേളനം തവണ അനുസരിച്ച് ഈ പ്രാവശ്യം കല്ലിശ്ശേരി മേഖലയിലുള്ള ഏതെങ്കിലും ഒരു ദൈവാലയത്തിലാണ് നടത്തേണ്ടിയത്. എന്നാൽ കല്ലിശ്ശേരി മേഖലയിലെ വനിതാസമാജം ഭാരവാഹികളിൽ ചിലർ 2024 ഡിസംബർ ആദ്യ ആഴ്ച നടക്കേണ്ടിയ വാർഷിക സമ്മേളനം നടത്തുന്നതിൽ നിസഹരിക്കുകയാണ്. മേഖലാ സമ്മേളനം പോലും നടത്താതെ മേഖലയുടെ ചാർജുള്ള വൈദികൻ തടസ്സങ്ങൾ പറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യം മനസ്സിലാക്കി സമുദായം ഈ കാര്യത്തിൽ ഇടപെടുകയും കേന്ദ്രവനിതാസമാജം ഭാരവാഹികളുമായി സംസാരിച്ച് 27-10-2024 ൽ തുരുത്തിക്കാട് സെന്റ് ജോൺസ് ദൈവാലയത്തിലെ മാനേജിംഗ് കമ്മറ്റി അംഗങ്ങളും വനിതാ സമാജം ഭാരവാഹികളും, വികാരി ജനറാളിന്റെയും, സമുദായ സെക്രട്ടറിയുടെയും, വികാരിയുടെയും സാന്നിദ്ധ്യത്തിൽ സംയുക്ത മീറ്റിംഗ്കൂടി കേന്ദ്ര തലത്തിലുള്ള വനിതാസമാജത്തിന്റെ വാർഷിക സമ്മേളനം 2024 ഡിസംബർ 6-ാം തീയതി തുരുത്തിക്കാട് സെന്റ് ജോൺസ് ദൈവാലയത്തിൽവച്ച് വിപുലമായി നടത്തുവാൻ തീരുമാനിച്ചു. എല്ലാ വനിതാ സമാജം അംഗങ്ങളെയും ഈ വാർഷിക സമ്മേളനത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

ക്നാനായ സമുദായത്തിന്റെ വകയായ കോഴിക്കോട് ജില്ലയിലുള്ള കുല്പമല എസ്റ്റേറ്റിൽ പ്ലാന്റ് ചെയ്യാതെ കാടുപിടിച്ച് കിടക്കുന്ന സ്ഥലത്ത് കശുവണ്ടിയും റബ്ബറും പ്ലാന്റ് ചെയ്യുന്നതിനുവേണ്ടി ക്നാനായ സമുദായ അസോസിയേഷൻ പ്രസിഡന്റ് ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരി, സമുദായ സെക്രട്ടറി റ്റി.ഒ.ഏബ്രഹാം തോട്ടത്തിൽ, മാനേജിംഗ് കമ്മറ്റി അംഗങ്ങളായ രാജു വള്ളപ്പുരയ്ക്കൽ, സാബു കണ്ണാട്ടിപ്പുഴ, ജോബി കാരിക്കോട്ട്, സജി താന്നിക്കൽ, ലിബു വരാത്ര എന്നിവർ മുഴവൻ സ്ഥലവും നടന്നു കണ്ട് വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ നിർദ്ദേശം കൊടുത്തു.

ക്നാനായ സമുദായത്തിന്റെ കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും സ്മാരകത്തിന്റെ പെയിന്റിംഗ് തുടങ്ങിയ മെയിന്റൻസ് വർക്കുകൾ ചെയ്യുന്നതിനും ക്നാനായ കമ്മറ്റി അംഗങ്ങൾ സ്മാരകത്തിൽ എത്തി ക്രമീകരണങ്ങൾ ചെയ്തു.

കൂടാതെ വടപുറം സെന്റ് ജോൺസ് ക്നാനായ ദൈവാലയവും, നിലമ്പൂർ വടപുറം വർക്കിംഗ് വിമൻസ് ഹോസ്റ്റലും, വടപുറം ക്ലീമീസ് സ്കൂളും സന്ദർശിക്കുകയും ഇടവക വികാരിയും, അസോസിയേഷൻ അംഗങ്ങളും, കമ്മറ്റി അംഗങ്ങളുമായും, വിമൻസ് ഹോസ്റ്റൽ ചുമതലക്കാരുമായും, സ്ക്കൂൾ അദ്ധ്യാപകരും സ്റ്റാഫുമായും വികസനപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവിധ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

മലങ്കര സുറിയാനി ക്നാനായ സുവിശേഷ സമാജത്തിന്റെ 86-ാ മത് വാർഷിക ധ്യാനയോഗം ഓതറ നസ്രേത്ത് ആശ്രമത്തിൽ ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു.

പ്രസ്തുത യോഗത്തിൽ നിലവിലെ ഭാരവാഹികളായ വൈസ് പ്രസിഡന്റ് ഫാ.ബെന്നി ഏബ്രഹാം മാമലശ്ശേരി, ജനറൽ സെക്രട്ടറി ജിജി കറുകേലിൽ, ട്രസ്റ്റി സജി മുണ്ടയ്ക്കൽ എന്നിവരെയും, കമ്മറ്റി അംഗങ്ങളെയും എതിരില്ലാതെ വീണ്ടും ഭാരവാഹികളായി തെരഞ്ഞെടുത്തു.

ക്നാനായ സമുദായത്തിലെ ഭദ്രാസന സെക്രട്ടറിയായി റവ. ഫാ. നോബിൻ തോമസ് ഇളകുറ്റൂരിനെ സമുദായ മെത്രാപ്പോലീത്ത നിയമിച്ച് കല്പന ഇറക്കി.

ക്നാനായ സമുദായത്തിന്റെ നേരിട്ടുള്ള ചുമതലയിൽ 2024 ഡിസംബർ 27, 28 തീയതികളിൽ under -21 ഫുട്ബോൾ ടൂർണമെന്റ് അറയ്ക്കത്തറ ടർഫിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിൽ നിന്നും ഈ ഫുട്ബോൾ ടൂർണമെന്റിൽ പങ്കെടുക്കുവാനുള്ള ടീമിനെ നേരത്തെ തന്നെ തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ക്നാനായ സമുദായത്തിന് ഒരു ഫുട്ബോൾ ടീമിനെ വാർത്തെടുക്കുന്നതിനു വേണ്ടിയുള്ള ഒരു സംരംഭം കൂടിയാണ് ഇത്. സമുദായം ഇദംപ്രഥമായി ആരംഭിക്കുന്ന ഈ ഫുട്ബോൾ മത്സരം ഭംഗിയായി നടത്തുന്നതിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ക്നാനായ സമുദായത്തിന്റെ ഉടമസ്ഥതയിൽ ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിയുടെ ചുമതലയിൽ കുറിച്ചി മന്ദിരം ജംഗ്ഷനിൽ വനിതാ മന്ദിരം കോൺവെന്റിനോട് ചേർന്നുള്ള സമുദായംവക മൂന്നുനില കെട്ടിടത്തിൽ ആരംഭിച്ചിരിക്കുന്ന ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി (KIMT) എന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ അഡ്മിഷൻ ആരംഭിച്ച് ക്ലാസ്സുകൾ പ്രവർത്തിച്ചുവരുന്നു. സമുദായത്തിലെ പഠിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് UGC അംഗീകാരവും, ഇന്റർ നാഷണൽ സർട്ടിഫിക്കേഷനും ഉള്ള നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ മാനേജ്മെന്റ്, ഓട്ടോ മൊബൈൽ മെയിന്റൻസ് എൻജിനിയറിംഗ് തുടങ്ങിയ വൺ ഇയർ തൊഴിലധിഷ്ഠിത കോഴ്സുകളിൽ ചേരാവുന്നതാണ്. ക്നാനായ സമുദായ അംഗങ്ങൾക്ക് നിശ്ചിത സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

കഴിഞ്ഞമാസം അഭി. ഗ്രീഗോറിയോസ് തിരുമേനിയുടെ ഒരു വോയിസ് മെസ്സേജ് വീഡിയോ ആയി കാണുവാൻ ഇടയായി. അതിൽ മേഖലാ മെത്രാപ്പോലീത്തന്മാരെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ സമുദായ സെക്രട്ടറിയുടെ വോയിസ് മെസ്സേജ് സോഷ്യൽ മീഡിയയിൽ കേൾക്കുവാൻ ഇടയായി. ഇത് സമുദായ അംഗങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉളവാക്കി എന്നാണ് അദ്ദേഹം പറയുന്നത്.

ഞാൻ പറഞ്ഞത് ഇല്ലാത്ത ഒരു ഈമെയിൽ ഐഡിയിൽ ലെറ്റർ അയച്ചാൽ ഇത് കുക്കപ്പ് ചെയ്ത് അയച്ചതാണെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ തെറ്റുപറയുവാൻ കഴിയുകയില്ല എന്നാണ്.

ക്നാനായ സമുദായത്തിന്റെ പരമോന്നത ബോഡിയാണ് ക്നാനായ അസോസിയേഷൻ ആ അസോസിയേഷൻ.

ഞങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ നിവർത്തിക്കുക എന്നതാണ് ഞങ്ങൾ ചെയ്യുന്നത്.

സമുദായത്തിന് എതിരായി അടുത്ത ഒരു കേസ് കൂടി കേരളാ ഹൈക്കോടതിയിൽ എത്തിക്കഴിഞ്ഞു! സമുദായ വലിയ മെത്രാപ്പോലീത്താ മേഖലകൾ പിരിച്ച് വിട്ടുകൊണ്ട് ഇറക്കിയ കല്പനയ്ക്ക് എതിരായിട്ടാണ് കാവാലം രാജുവും, ജെയിംസ് വിലങ്ങൻ പാറയും ബഹു. കേരളാ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത് എന്ന് അറിയിക്കട്ടെ.

നോർത്ത് അമേരിക്കയിലെ എല്ലാ ക്നാനായ ദൈവാലയങ്ങളിലും സമുദായ മെത്രാപ്പോലീത്ത വികാരിമാരെ നിയമിച്ചുകൊണ്ട് കല്പന ഇറക്കിയിട്ടുണ്ട് എന്നുള്ള വിവരം സമുദായ അംഗങ്ങളെ അറിയിക്കുന്നു.

വിദേശത്തുള്ള സമുദായത്തിലെ ദൈവാലയങ്ങളുടെ ഭീമമായ കുടിശ്ശിക ഇളവുകളോടുകൂടി ഒറ്റത്തവണയായി തീർക്കുന്നതിന് ക്നാനായ അസോസിയേഷൻ കമ്മറ്റിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഫിലാഡൽഫിയ സെന്റ് മേരീസ് ദൈവാലയവും ഹാർട്ട്ഫോർഡ് സെന്റ്മേരീസ് ദൈവാലയവും, സഹകരിച്ച് കുടിശ്ശിഖ അടച്ച് തീർക്കുകയുണ്ടായി. അവരോടുള്ള സമുദായത്തിന്റെ നന്ദി അറിയിക്കുന്നു. മറ്റുള്ള ദൈവാലയങ്ങളും അവരുടെ കുടിശ്ശിഖ എത്രയും പെട്ടെന്ന് ഇളവുകളോടുകൂടി വൺ ടെയിം സെറ്റിൽമെന്റ് പദ്ധതിയിലൂടെ തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നവംബർ മാസം പതിനേഴാം തീയതി ക്നാനായ സമുദായത്തിലെ പ്രതിഭകളായ വിദ്യാർത്ഥികളെയും, കലാകായിക രംഗത്തുള്ള പ്രതിഭകളെയും, ആദരിക്കുന്നതിനുവേണ്ടിയുള്ള ക്നാനായ മെറിറ്റ് അവാർഡ് 2024 മോർ അപ്രേം സെമിനാരിയിലെ അസോസിയേഷൻ ഹാളിൽ സമുദായ വലിയ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗം ബഹു. രജിസ്ട്രേഷൻ, സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നതും കോട്ടയം പോലീസ് സൂപ്രണ്ട് മുഖ്യ പ്രഭാഷണം നടത്തുന്നതുമാണ്. സമുദായ അംഗങ്ങളായ ഏവരുടെയും സാന്നിദ്ധ്യസഹകരണം അഭ്യർത്ഥിക്കുന്നു.

യാതൊരു തെളിവും ഇല്ലാതെ ക്നാനായ സമുദായ സ്നേഹികൾ എന്ന് പറയുകയും എന്നാൽ സമുദായ നേതൃത്വത്തിനെതിരായി സ്ഥിരം കള്ള പ്രചരണങ്ങൾ നടത്തുന്നവരുമായ ചില ആളുകൾ സമുദായത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ ആരുടെയും, ഏതുകാര്യത്തിൽ ആയാലും ഉണ്ടാകുന്ന സംശയങ്ങൾ സമുദായ ഓഫീസിൽ നേരിട്ട് വന്നാൽ അവ ദുരീകരിക്കുന്നതിന് യാതൊരു മടിയും ഇല്ല എന്ന് ഔദ്യോഗികമായി അവരെ അറിയിക്കട്ടെ. എന്നാൽ വ്യക്തി വൈരാഗ്യം തീർക്കുന്നതിനുവേണ്ടിയുള്ള പ്രവണതയുള്ളവർ അത് തുടർന്നു കൊള്ളട്ടെ എന്നും അറിയിക്കുന്നു.

തുരുത്തിക്കാട് സെന്റ്ജോൺസ് ക്നാനായ ഇടവകയിൽപ്പെട്ട വേണാട്ട് വീട്ടിൽ ബിജോ ജോസ് (36 വയസ്) കഴിഞ്ഞ മാസം ഹാർട്ട്-അറ്റാക്ക്മൂലം ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. പരേതന് ഭാര്യയും 2 വയസ്സുള്ള പെൺകുട്ടിയും, 4 മാസം പ്രായമുള്ള ഒരു ആൺകുഞ്ഞും ഉണ്ട്. ബിജോ ഒരു പിക്ക് -അപ്പ് ഡ്രൈവർ ആയി ജോലി ചെയ്യുകയായിരുന്നു. ഇതിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ടായിരുന്നു ആ കുടുംബം കഴിഞ്ഞിരുന്നത്. അവർക്ക് സ്വന്തമായി ഒരു ഭവനമില്ല. ഇനിയുള്ള ജീവിതം എങ്ങനെ മുമ്പോട്ടുപോകും എന്നുള്ളത് ഒരു ചോദ്യചിഹ്നമാണ്.

ദുഃഖകരമായ ഈ അവസ്ഥ കണ്ട് തുരുത്തിക്കാട് ഇടവകയുടെ നേതൃത്വത്തിൽ വേണാട്ട് ബിജോയുടെ കുടുംബത്തെ സഹായിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ചു. ഇതിനായി വെണ്ണിക്കുളം സൗത്ത് ഇന്ത്യൻ ബാങ്കിൽ പുതിയതായി ഒരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

ഈ ഫണ്ട് ലഭിച്ചു കഴിയുമ്പോൾ ബിജോയുടെ ഭാര്യയുടെയും കുട്ടികളുടെയും പേരിൽ ഫിക്സ്ഡ് ഡിപ്പോസിറ്റ് ഇട്ട്, അതിൽ നിന്നും പലിശ മാസംതോറും എടുത്ത് ഉപയോഗിക്കത്തക്ക രീതിയിൽ ആണ് ക്രമീകരണം ചെയ്തിരിക്കുന്നത്.

ദയവായി എല്ലാവരും നമ്മുടെ സഹോദരനായിരുന്ന ബിജോയുടെ കുടുംബത്തെ സഹായിക്കുന്നതിന് ഈ ഫണ്ടിലേക്കു വേണ്ട കൈത്താങ്ങൽ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലും UPI ID യിലും പണം അയക്കാവുന്നതാണ്.

എന്ന് ഇടവകക്കുവേണ്ടി

Vicar Fr. Manu Scariah
Secretary T.E. Simon
Trustee P.K. Kurian
Bank Account Details

Account Name: JINTU UNNIKUNJU
Account Number : 0373073000000272
IFSC Code : SIBL0000373
Branch Name : VENNIKULAM

പ്രിയപ്പെട്ടവരെ

മലങ്കര സുറിയാനി ക്നാനായ സമുദായത്തെ വളരെയധികം സ്നേഹിച്ചിരുന്ന ഒരു പിതാവ് ആയിരുന്നു മലങ്കരയുടെ യാക്കോബ് ബുർദ്ദാനോ എന്ന് അറിയപ്പെടുന്ന ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ.

ശ്രേഷ്ഠ കാതോലിക്ക ബാവായുടെ നിര്യാണത്തിൽ ക്നാനായ സമുദായത്തിന്റെ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. 22 വർഷക്കാലം യാക്കോബായ സുറിയാനി സഭയുടെ തലവനായിരുന്നു ശ്രേഷ്ഠ ബാവ. കേരളത്തിലെ വിവിധ ക്രൈസ്തവ സഭകൾക്കു സാരഥ്യം വഹിക്കുന്നവരിൽ ഏറ്റവും അനുഭവ സമ്പത്തുള്ള വ്യക്തിയായിരുന്നു ബാവാ തിരുമേനി.

വലിയ പ്രതിസന്ധിഘട്ടങ്ങൾ ബാവായ്ക്ക് ഉണ്ടായിട്ടുണ്ട്. ഏത് പ്രതിസന്ധിയെയും എത്ര വലിയ പ്രതികൂല സാഹചര്യത്തെയും നേരിടാനുള്ള അദ്ദേഹത്തിന്റെ ധൈര്യവും സമർപ്പണവുമായിരുന്നു ബാവാ തിരുമേനിയുടെ ഏറ്റവും വലിയ സവിശേഷത. ഒന്നിന്റെയും മുന്നിൽ അദ്ദേഹം പതറിയിട്ടില്ല. എല്ലാത്തിനെയും അദ്ദേഹം ധീരതയോടെ നേരിട്ടു.

കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത അഭി. ക്ലീമീസ് തിരുമേനിയുമായുള്ള ബന്ധം സ്മരിക്കുന്നു. തുരുത്തിക്കാട് സെന്റ്ജോൺസ് ദൈവാലയത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയിൽ വലിയ മദ്ബഹായിൽ തോമസ് മോർ ദീവന്നാസ്യോസും (ശ്രേഷ്ഠ ബാവാ) സൈഡ് മദ്ബഹായിൽ ക്ലീമീസ് തിരുമേനിയും, അഭി. മോർ. ബെന്യാമീൻ ഒസ്താത്താത്തിയോസ് തിരുമേനിയും കുർബ്ബാന അർപ്പിച്ചത് ഓർക്കുന്നു.

യാക്കോബായ സഭാ പിതാക്കന്മാരുടെയും സഭാഗങ്ങളുടെയും അഭി. ബാവാ തിരുമേനിയുടെ ബന്ധുമിത്രാദികളുടെയും ദുഃഖത്തിൽ ക്നാനായ സമുദായവും പങ്കു ചേരുന്നു.

**റ്റി.ഒ. ഏബ്രഹാ തോട്ടത്തിൽ**
ക്നാനായ സമുദായ സെക്രട്ടറി

# നിഖ്യാസുന്നഹദോസിനു ശേഷം - കുസ്ത്തന്തീനോപ്പോലീസ് സുന്നഹദോസ്

പ്രൊഫ. പി. കെ. സ്കറിയ കുന്നത്തിൽ

നിഖ്യാസുന്നഹദോസിൽവച്ച് അറിയോസും അനുചരൻമാരും പരാജയപ്പെട്ട് നാടുകടത്തപ്പെട്ടുവെങ്കിലും അവർ പിന്നെയും കലാപങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. കുസ്തന്തീനോസ് ചക്രവർത്തിയുടെ സഹോദരിയും അറിയോസ് പക്ഷക്കാരിയുമായിരുന്ന കോൺസ്തന്ത്യായുടെ പ്രേരണ മൂലം തിരികെ വിളിക്കപ്പെട്ടു. അവർ വീണ്ടും തങ്ങളുടെ വേദവിപരീതത്തെ ഈജിപ്റ്റിലും മറ്റ് പൗരസ്ത്യ പ്രദേശങ്ങളിലും പ്രചരിപ്പിക്കുവാൻ തുടങ്ങി. അവർ കൈസര്യായിലെ യൂസേബിയോസിനെയും വശത്താക്കി. പിന്നീട് പുണ്യവാനും മഹാപണ്ഡിതനും നിഖ്യാസുന്നഹദോസിന്റെ അദ്ധ്യക്ഷനും അറിയോസിന്റെ വേദവിപരീതത്തെ നഖശിഖാന്തം എതിർത്തിരുന്ന അന്ത്യോക്യാ പാത്രിയർക്കീസ് മോർ ഒസ്താത്തേവോസിനെ എങ്ങനെയെങ്കിലും സ്ഥാനഭ്രഷ്ടനാക്കുവാൻ പരിശ്രമിച്ചു. ആയതിന് അവർ ഒരു അതിനീച മാർഗ്ഗം സ്വീകരിച്ചു. ഒരു ദിവസം അറിയോന്യരിൽ ചിലർ വേദസംബന്ധമായ കാര്യങ്ങൾ ആലോചിക്കാൻ എന്ന മട്ടിൽ മാർ ഒസ്താത്തേവോസിന്റെ അടുക്കൽചെന്ന് സംസാരിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ മുൻകൂട്ടി കൈക്കൂലികൊടുത്ത് എർപ്പാടാക്കിയിരുന്ന ഒരു കുലട സ്ത്രീ കൈയ്യിൽ ഒരു കുരിശുമായി പ്രവേശിച്ച് ഒസ്താത്തേവോസിൽ തനിക്ക് ജനിച്ച കുട്ടിയാണ് അതെന്നു പ്രസ്താവിച്ചു. അറിയോന്യമെത്രാൻമാർ ഈ വിവരം കുസ്തന്തിനോസ് ചക്രവർത്തിയെ അറിയിച്ചതിന്റെ ഫലമായി മാർ ഒസ്താത്തേവോസ് സ്ഥാനഭ്രഷ്ഠനാക്കപ്പെട്ടു.

ഈ സമയത്ത് എ.ഡി. 326 ൽ അലക്സാന്ത്രിയാ പാത്രിയർക്കീസ് ആയി സ്ഥാനമേറ്റ വി.അത്താനാസ്യോസിനെതിരെയും അറിയോസും കൂട്ടരും കുതന്ത്രങ്ങൾ ആലോചിച്ചു. അറിയോസ് അലക്സാന്ത്ര്യായായിലെത്തി തന്നെ തിരികെ സഭയിൽ ചേർക്കണമെന്ന് ആവശ്യപ്പെട്ടു. അലക്സാന്ത്രിയായിലെ യൂസേബിയോസ് ചക്രവർത്തിയെ സ്വാധീനിച്ചതിനാൽ ചക്രവർത്തിയും അറിയോസിന് അനുകൂലമായി വി. അത്താനാസ്യോസിനോട് സംസാരിച്ചു. എന്നാൽ യേശുമിശിഹായുടെ ദൈവത്വത്തെ നിഷേധിക്കയും തൻമൂലം സാർവ്വത്രിക സുന്നഹദോസിനാൽ മുടക്കപ്പെടുകയും ചെയ്ത അറിയോസിനെ സ്വീകരിക്കാൻ പറ്റില്ലെന്ന് ചക്രവർത്തിയെ അറിയിച്ചപ്പോൾ ചക്രവർത്തി നിർബന്ധിച്ചില്ല. പക്ഷെ അറിയോസും കൂട്ടരും പല ആരോപണങ്ങൾ വി. അത്താനാസ്യോസിനെതിരെ ചക്രവർത്തിയെ എഴുതി അറിയിച്ചു. ഈ ആരോപണങ്ങളെക്കുറിച്ച് ആലോചിക്കുവാനായി കൈസര്യാപട്ടണത്തിൽ മെത്രാന്മാരുടെ ഒരു യോഗം കൂടേണ്ടതാണ് എന്ന് ചക്രവർത്തി കല്പിച്ചു. എ.ഡി. 334 ൽ തിർ (Tyre) പട്ടണത്തിൽ ഏതാണ്ട് 60 മെത്രാൻമാർ ഒത്തുകൂടി. അവരിൽ ഭൂരിപക്ഷവും അറിയോന്യമെത്രാൻമാർ ആയിരുന്നതിനാൽ അവർ വി. അത്താനാസ്യോസിനെ അപമാനിച്ച് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയ വിവരം ചക്രവർത്തിയെ അറിയിച്ചു. വിശുദ്ധൻ ചക്രവർത്തിക്കുവേണ്ട വിശദീകരണങ്ങൾ നൽകി തന്റെ നിരപരാധിത്വം തെളിയിക്കുവാനായി ചക്രവർത്തിയുടെ ആസ്ഥാനമായ കുസ്തന്തിനോപ്പോലിസിലേക്ക് പോയി. എന്നാൽ ചക്രവർത്തി വിശുദ്ധന്റെ വാക്കുകൾ ഒന്നും കേൾക്കാതെ അറിയോസ്പക്ഷക്കാരെ വിശ്വസിച്ച് അദ്ദേഹത്തെ 'തീവ്' എന്ന പട്ടണത്തിലേയ്ക്ക് നാടുകടത്തി.

എതിരാളികൾ ഇല്ലാതായപ്പോൾ അറിയോസും കൂട്ടരും വളരെ ആഹ്ലാദിച്ചു. അവർ അറിയോസിനെ കുസ്തന്തീനോപ്പോലീസ് ഭദ്രാസന ദേവാലയത്തിൽ കയറ്റി ദൈവാലയം കൈവശപ്പെടുത്തുവാനും കർമ്മങ്ങൾ നടത്തുവാനും നിശ്ചയിച്ചു. എന്നാൽ സത്യവിശ്വാസിയായിരുന്ന കുസ്തന്തീനോപ്പോലീസ് മെത്രാനായിരുന്ന അലക്സാന്ത്രോസ് ആയതിന് അനുവാദം കൊടുത്തില്ലെങ്കിലും അറിയോന്യർ ദേവാലയത്തിൽ പ്രവേശിക്കുവാനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തു. വിശ്വാസിയായ അലക്സാന്ത്രാസ് മെത്രാൻ ദൈവതിരുസന്നിധിയിൽ പ്രാർത്ഥിച്ച് അപേക്ഷിച്ചു. ഏതായാലും ആഡംബരപൂർവ്വം ദേവാലയത്തിൽ പ്രവേശിക്കുവാൻ വന്ന അറിയോസ് മാർഗ്ഗമദ്ധ്യേ വയറ്റിൽ തീവ്രവേദന തോന്നി മറപ്പുരയിൽ കയറുകയും അവിടെവച്ച് ഉദരംപൊട്ടി ദാരുണ മരണം പ്രാപിക്കയും ചെയ്തു.

സത്യ വിശ്വാസത്തെ തള്ളിയ ചക്രവർത്തിമാരുടെ കാലത്ത് അറിയോന്യർ വിജയിച്ചെങ്കിലും 381 ൽ സത്യവിശ്വാസിയായ തേവാദോസ്യോസ് ചക്രവർത്തി വിളിച്ചുകൂട്ടിയ കുസ്തന്തീനോപ്പോലീസ് സുന്നഹദോസിൽവച്ച് നിഖ്യാസുന്നഹദോസ് നിശ്ചയങ്ങളെ ഒരിക്കൽകൂടി സ്ഥിരപ്പെടുത്തി.

**കുസ്തന്തിനോപ്പോലീസ് സുന്നഹദോസ് എ.ഡി. 381**

അറിയോസിന്റെ വേദവിപരീതം അസ്തമിച്ചെങ്കിലും കുസ്തന്തീനോസ്പ്പോലീസ് മെത്രാനായിരുന്ന മക്കദോന്യോസ് 'പുത്രൻ പിതാവിനോടു സമനാണെങ്കിലും വി. റൂഹാ പിതാവിനോടും പുത്രനോടും സമനല്ല, എന്ന ഒരു പുതിയ വേദവിപരീതം പ്രചരിപ്പിച്ചു. (പുത്രൻ തമ്പുരാൻ പിതാവിനോടു സമനല്ല എന്നായിരുന്നല്ലോ അറിയോസ് വാദിച്ചത്) ഈ പുതിയ വേദവിപരീതത്തെ ശപിച്ചുതള്ളുവാൻ എ.ഡി. 381 ൽ കുസ്തന്തിനോപ്പോലീസ് സുന്നഹദോസ് കൂടി.

നിഖ്യാസുന്നഹദോസ് കൂടുമ്പോൾ (എ.ഡി. 325) കുസ്തന്തീനോപ്പോലീസ് എന്ന ഒരു പട്ടണം ഇല്ലായിരുന്നു. 'ബുസന്തിയ' എന്ന പട്ടണത്തെ പേരുമാറ്റി കുസ്തന്തിനോസ് ചക്രവർത്തി സ്ഥാപിച്ച നഗരമാണ് 'കുസ്തന്തിനോപ്പോലീസ്'

സത്യവിശ്വാസി ആയിരുന്ന തേവാദോസ്യോസ് ചക്രവർത്തിയാണ് കുസ്തന്തിനോപ്പോലീസ് സുന്നഹദോസിനു വേണ്ട മുൻ ഒരുക്കങ്ങൾ ചെയ്തത്. ഇവിടെയും അന്ത്യോഖ്യാ പാത്രിയർക്കീസ് മിലിത്തോസ് ആണ് ആദ്യം അദ്ധ്യക്ഷം വഹിച്ചത്. 150 എപ്പിസ്കോപ്പാമാർ സന്നിഹിത

രായിരുന്നെങ്കിലും റോമാ പാത്രിയർക്കീസോ പ്രതിനിധികളോ വന്നിരുന്നില്ല. എന്നാൽ റോമാ പാത്രിയർക്കീസ് ഇതിനെ സാർവ്വത്രിക സുന്നഹദോസായി അംഗീകരിക്കുവാൻ നിർബന്ധിതനായി. വി.മിലിത്തോസ് പാത്രിയർക്കീസ് അവിടെവച്ചു കാലം ചെയ്തതിനാൽ പകരം അദ്ധ്യക്ഷനായി വി. നക്താറിയോസിനെ തെരഞ്ഞെടുത്തു.

A. സുന്നഹദോസ് ആദ്യമായി മക്കാറിയോസിന്റെ വേദവിപരീതം ശപിച്ചുതള്ളുകയും വി. റൂഹാ ദൈവമാണെന്നും പിതാവിനോടും പുത്രനോടും ഏക സാരാംശം ഉള്ളവനാണെന്നും നിശ്ചയിച്ചു "സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും" എന്ന ഭാഗം വിശ്വാസപ്രമാണത്തിൽ ചേർത്തു.

B. സഭാ ഭരണം സംബന്ധിച്ചുള്ള പല കാനോനുകൾ ഈ സുന്നഹദോസിൽ തീരുമാനിച്ചു.

(1) അന്ത്യോഖ്യാ പാത്രിയർക്കീസ് കിഴക്കൊക്കെയുടെയും മേൽ അധികാരമുള്ളവനാകുന്നു എന്നു നിശ്ചയിച്ചു. എപ്പിസ്ക്കോപ്പാമാർ തങ്ങളുടെ ഭരണത്തിനു പുറത്തുള്ള പള്ളികളിലേയ്ക്ക് കടന്ന് പ്രശ്നം ഉണ്ടാക്കരുതെന്നും കാനോൻപ്രകാരം അലക്സാന്ത്രായിലെ എപ്പിസ്ക്കോപ്പാ 'മെസ്രേനിൽ' മാത്രവും കിഴക്കിന്റെ എപ്പിസ്ക്കോപ്പാമാർ നിഖ്യായിലെ നിയമങ്ങളിൻപ്രകാരമുള്ള മേൽക്കോയ്മ അന്ത്യോഖ്യായ്ക്ക് പാലിച്ചുകൊണ്ട് കിഴക്കും ഭരണകാര്യങ്ങൾ നിർവഹിച്ചു കൊള്ളണം.

(2) കുസ്തന്തിനോപ്പോലീസ് സുന്നഹദോസിൽവച്ചാണ് കുസ്തന്തിനോപ്പോലീസ് ഒരു പാത്രിയർക്കാ സിംഹാസനമായി ഉയർത്തപ്പെട്ടത്.

# പരിശുദ്ധ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത (പരിശുദ്ധ പരുമല തിരുമേനി)



**ചാ**ത്തുരുത്തിൽ കുടുംബാംഗമായ ഗീവർഗീസ് മുളന്തുരുത്തിയിൽ ഭൂജാതനായി. പിന്നീട് ഗീവർ ഗീസ് കശ്ശീശായുടെ (ഗീവർഗീസ് മോർ യൂലിയോസ്) കീഴിൽ സുറിയാനിയും മത ശാസ്ത്രവും പഠിച്ചു. 1857 സെപ്റ്റംബർ 26 നു തന്റെ ഒൻപതാമത്തെ വയസിൽ കരിങ്ങാച്ചിറ പള്ളിയിൽ വച്ചു മലങ്കര മെത്രാപ്പോലീത്ത പാലക്കുന്നത്ത് മാത്യൂസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്തയിൽനിന്നു കൂറോയോ പട്ടവും, 10-ാം വയസിൽ ശെമ്മാശ്ശപട്ടവും സ്വീകരിച്ചു. 1865ൽ കശ്ശീശ പട്ടവും, 1872 ൽ ജോസഫ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത റാബാൻ സ്ഥാനവും നൽകി.

മുളന്തുരുത്തി പള്ളിയിലേക്ക് അവിവാഹിത പട്ടക്കാരനായി അഭിഷിക്തനായ പിതാവ് ചെറുപ്പത്തിൽ തന്നെ ലൗകീക സുഖങ്ങളെ ത്യജിച്ചു പ്രാർത്ഥന ജീവിതത്തിൽ മുഴുകി. പരിശുദ്ധ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവ മലങ്കര സന്ദർശിച്ച വേളയിൽ, ഗീവർഗീസ് അദ്ദേഹത്തെ അനുഗമിക്കുകയും അദ്ദേഹത്തിന്റെ ദ്വിഭാഷിയും സെക്രട്ടറിയും ആയി പ്രവർത്തിച്ചിട്ടുണ്ട്.

മുളന്തുരുത്തി സുന്നഹദോസ് തീരുമാനപ്രകാരം 1876 ഡിസംബർ 10 നു പരിശുദ്ധ പത്രോസ് IV പാത്രിയർക്കീസ് ബാവ ഗീവർഗീസ് റമ്പാനെ ഗീവർഗീസ് മോർ ഗീഗോറിയോസ് എന്ന നാമത്തിൽ 28-ാം വയസിൽ നോർത്ത് പറവൂർ പള്ളിയിൽ വച്ചു മെത്രാപ്പോലീത്ത സ്ഥാനം നൽകി വാഴിച്ചു. നിരണം ഭദ്രാസനത്തിന്റെ ചുമതലയും അദ്ദേഹത്തിന് നൽകി. ഗ്രീവർഗീസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത കാലം ചെയ്തപ്പോൾ തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ അധിക ചുമതലയും വഹിച്ചു. ദീർഘ കാലം തിരുമേനി പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ മലബാറിലെ പ്രതിനിധിയും ആയിരുന്നു.

1895 ൽ പരിശുദ്ധ പിതാവും പൗലോസ് റാബാൻ, വട്ടശ്ശേരിൽ ഗീവർഗീസ്, ലൂക്കോസ് കശ്ശീശ, സ്ലീബാ ബുഷ്യറി ശെമ്മാശ്ശൻ (പരിശുദ്ധ സ്ലീബാ മോർ ഒസ്താത്തിയോസ്) എന്നിവർ യെരുശലേം സന്ദർശിച്ചു. മോർ മാർക്കോസിന്റെ ദയറാ പാരിതോഷികമായി ഒരു വലിയ വെള്ളികുരിശും അദ്ദേഹത്തിന് നൽകി. മടങ്ങി വന്ന പിതാവ് പരുമലയിൽ ജോസഫ് മോർ ദിവന്നാസിയോസ് പിതാവ് വാങ്ങിയ സ്ഥലത്തു ഒരു ആസ്ഥാനം പണിതു. ജീവിച്ചിരിക്കുമ്പോൾ തന്നെ ഒരു വിശുദ്ധനായിട്ടാണ് വിശ്വാസികൾ അഭി. പിതാവിനെ കണ്ടിരുന്നത്. കഠിനമായ വൃതാനുഷ്ഠാന രീതിയായിരുന്നു പിതാവിന്റേത്. വട്ടശ്ശേരി ഗീവർഗീസ് (ഗീവർഗീസ് മോർ ദിവന്നാസിയോസ്), പൈനാടത്ത് പൗലോസ് (പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ്), എന്നിവർ ആ പുണ്യപിതാവിന്റെ ശിഷ്യന്മാരായിരുന്നു.

1902 നവംബർ 2നു, തന്റെ 54-ാം വയസിൽ ആ പുണ്യപിതാവ് കാലം ചെയ്യുകയും പരുമല സെമിനാരിയിൽ കബറടങ്ങുകയും ചെയ്തു. 1987 ഡിസംബർ 20 നു പരിശുദ്ധ സഖാപ്രഥമൻ പാത്രിയർക്കീസ് ബാവ അഭി. ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

പരിശുദ്ധനായ പരുമല തിരുമേനി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. "നീതിമാന്റെ ഓർമ്മ വാഴ്‌വിനായി തീരട്ടെ"

# ആടുകളുടെ ശബ്ദം ഇടയന്മാർ കേൾക്കാതെ പോകരുതേ

ബിജു ഈ.പി., ഇളംപള്ളിൽ

ക്നാനായ സമുദായം സമാനതകളില്ലാത്ത പ്രതിസന്ധികളിൽ കൂടി കടന്നു പോയിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ എന്നെപ്പോലെ നിലവിൽ സമുദായത്തിലോ ഇടവകയിലോ യാതൊരുവിധ സ്ഥാനവും വഹിക്കാതെ യാതൊരു പ്രസ്ഥാനത്തിന്റെ പ്രതിനിധി അല്ലാതെ ഒരു സാധാരണ സമുദായഅംഗം എന്ന നിലയിൽ ഈ അവസരത്തിൽ മൗനം വെടിഞ്ഞു പ്രതികരിക്കേണ്ടി വരുന്നത് സമുദായത്തിന്റെ അവസ്ഥ അത്രയ്ക്ക് മോശമായി കൊണ്ടിരിക്കുന്നതിനാലാണ്.

മറ്റു സഭകളുടെ മുൻപിൽ നമ്മുടെ അസ്ഥിത്വത്തെ തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഒരു അവസ്ഥയിലേയ്ക്ക് ഇന്ന് നാം എത്തിച്ചേർന്നിരിക്കുന്നു. സമുദായത്തിൽ വർഷങ്ങളായി നീണ്ടുനിൽക്കുന്ന അസമാധാനത്തിന്റെ ഇരകളാകുന്നത് ഇപ്പോഴുള്ള തലമുറയും ഇനിയും വരാനിരിക്കുന്ന തലമുറകളും ആണെന്ന് ഓർക്കണം. ഇപ്പോൾ നാം ആയിരിക്കുന്ന കാലയളവിൽ തന്നെ നമ്മുടെ സഭയെപ്പറ്റിയും സമുദായത്തെപ്പറ്റിയും നമ്മുടെ ഭവനങ്ങളിൽ ചർച്ച ചെയ്യുവാൻ കഴിയാത്ത അവസ്ഥയായി മാറിയിരിക്കുന്നു. ഒരു മെത്രാൻ മറ്റൊരു മെത്രാനെതിരെ പത്രസമ്മേളനം നടത്തുക, കോടതിയിൽ കേസുകൾ നടത്തുക, പരസ്പരം ക്ഷമിക്കാതെ അസഹിഷ്ണത പ്രകടിപ്പിക്കുക, ഇങ്ങനെയൊക്കെ ആകുമ്പോൾ ഇവരുടെ പഠിപ്പിക്കലുകൾക്കും ഉദ്ബോധനങ്ങൾക്കും എന്ത് വിലയാണ് നമ്മൾ സാധാരണ ജനങ്ങൾ കൊടുക്കേണ്ടത്? യേശു തമ്പുരാൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞ വേദവാക്യം ഇവിടെ ഓർമ്മ വരുന്നു. "നോക്കുവീൻ പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ച മാവു സൂക്ഷിച്ചുകൊൾവീൻ" (മത്തായി 16:6).

ചില പ്രധാന പെരുന്നാൾ ദിവസങ്ങളിലും മറ്റ് ആരാധനാ ദിവസങ്ങളിലും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ചില വ്യക്തികൾ വി. കുർബാനയുടെ പ്രസക്തഭാഗങ്ങൾ കഴിയുമ്പോൾ പള്ളിയിൽ നിന്നും പുറത്തുപോയി കുരിശുംതൊട്ടിയിൽ നേർച്ചയിട്ട് ഭവനങ്ങളിലേയ്ക്ക് മടങ്ങുന്നു. അതായത് പട്ടക്കാരന്റെയോ മേൽപ്പട്ടക്കാരന്റെയോ സുവിശേഷപ്രസംഗം കേൾക്കാതെ പോകുന്ന അവസ്ഥ.

അനുരഞ്ജനത്തിനുള്ള സാഹചര്യങ്ങൾ ഉരുതിരിയുമ്പോൾ അതിനെ സ്വാഗതം ചെയ്തു ചർച്ചകളിലൂടെ അത് പരിഹരിക്കണം. രണ്ട് വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾ ആ രണ്ടു വ്യക്തികൾ തന്നെ ഇരുന്നാൽ തീരില്ല കാരണം രണ്ടു കൂട്ടരും അവർക്ക് ശരിയെന്ന് തോന്നുന്നത് മാത്രമേ പറയൂ. അവിടെ ഒരു മദ്ധ്യസ്ഥ സമിതിയുടെ ആവശ്യമുണ്ട്.

സമുദായത്തിലെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും, വൈദിക കൗൺസിലിന്റെയും ഒക്കെ ചേർന്നുള്ള ഒരു സമിതി അത്യന്താപേക്ഷിതമാണ്. അവിടെ ഇരുകൂട്ടർക്കും യോഗ്യമാംവണ്ണം വിട്ടുവീഴ്ചകൾക്ക് തയ്യാറാകണം. ഒരു വലിയമെത്രാപ്പോലീത്തായും മൂന്ന് സഹായമെത്രാപ്പോലീത്താമാരും ആത്മീയതയ്ക്കും വിശ്വാസ ആചാരങ്ങൾക്കും മുൻതൂക്കം കൊടുത്തുകൊണ്ട് സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സമുദായത്തിന്റെയും സമൂഹത്തിന്റെയും ക്രിയാത്മകമായ വളർച്ചയ്ക്ക് ഊന്നൽ നൽകി നല്ല തലമുറയെ വാർത്തെടുക്കണം. ആടുകൾ ഉണ്ടെങ്കിലേ ഇടയന്മാർക്ക് സ്ഥാനമുള്ളൂ. ആടുകൾക്ക് ചിതറി ഓടി ഏതൊരു ഇടയന്റെ കൂടെയും പോകാൻ കഴിയും. മറിച്ച് അങ്ങനെ ആവണമെന്നില്ല.

ഒരു ജനാധിപത്യ സംസ്ക്കാരം നിലനിൽക്കുന്ന രാജ്യത്ത് ജയപരാജയങ്ങൾ എല്ലാഭാഗത്തും ഉണ്ടാകും. ജനവിധികളെ അംഗീകരിച്ച് അതാതു കാലത്ത് വരുന്ന ഭരണനേതൃത്വത്തെ മാനിച്ച് ക്രിയാത്മകമായ വിമർശനങ്ങൾ നടത്തി സമുദായത്തെ നയിക്കേണ്ടവരാണ് സമുദായ നേതൃത്വവും അതിനെ എതിർക്കുന്നവരും.

വിധവകളുടെയും പാവങ്ങളുടെയും നേർച്ചകാശുകൊണ്ട് കേസുകൾ നടത്തിയും രക്തച്ചൊരിച്ചിലൂടെ സഹദാമാരെയും രക്തസാക്ഷികളെയും സൃഷ്ടിക്കുകയല്ല വേണ്ടത്. ഇത് ഒരു വ്യക്തിയുടെ ശബ്ദമല്ല സമുദായത്തിൽ സമാധാനം കാംക്ഷിക്കുന്ന സാധാരണക്കാരായ ഒരായിരം പേരുടെ ശബ്ദമായി കണ്ട് സമാധാനത്തിന് മുൻകൈ എടുക്കുക.

അഭിവന്ദ്യ തിരുമേനിമാർ ദൈവനാമത്തിൽ ക്ഷമിച്ചു മുന്നോട്ടു വന്നാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ പിന്നെ പരി.പാത്രിയർക്കീസ് ബാവായും സമുദായ വലിയമെത്രാപ്പോലീത്തയും തമ്മിലുള്ള പ്രശ്നം തീരാവുന്ന തെറ്റിദ്ധാരണകൾ മാത്രമേ ഉള്ളൂ.

ഏഴല്ല എഴുപതു പ്രാവശ്യം ക്ഷമിക്കുവാൻ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മെ പഠിപ്പിക്കുന്നു. ഇതൊന്നും നടക്കുന്നില്ല എങ്കിൽ ആടുകൾ ചിതറിയോടും ഇടയന്മാർ വ്യസനിക്കേണ്ടി വരും. അങ്ങനെയൊന്നും ഉണ്ടാകാതിരിക്കുവാൻ സർവ്വേശ്വരൻ എല്ലാവർക്കും കൃപ നൽകട്ടെ.




മലങ്കര സുറിയാനി ക്നാനായ സുവിശേഷ സമാജം ആഗോള ധ്യാനയോഗം ക്നാനായ സമുദായ **വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്** ഉദ്ഘാടനം ചെയ്യുന്നു. വൈസ് പ്രസിഡന്റ് ഫാ. ബെന്നി എബ്രഹാം മാമലശ്ശേരിൽ, റവ. സി.വി. സൈമൺ, ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ, ട്രസ്റ്റി സജി മുണ്ടയ്ക്കൽ, ജോ. സെക്രട്ടറി തങ്കച്ചൻ ഇടയാടിച്ചിറ എന്നിവർ സമീപം

## ക്നാനായ സുവിശേഷ സമാജം ഭാരവാഹികൾ



വൈസ് പ്രസിഡണ്ട്
**ഫാ. ബെന്നി എബ്രഹാം മാമലശ്ശേരിൽ**



ജനറൽ സെക്രട്ടറി
**ജിജി എബ്രഹാം കറുകേലിൽ**



ട്രസ്റ്റി
**സജി മുണ്ടക്കൽ**



ജോ. സെക്രട്ടറി
**തങ്കച്ചൻ ഇടയാടിച്ചിറ**

23 – ാമത് ക്നാനായ കൺവൻഷൻ ജനറൽ കൺവീനർ



**എം. പി. തോമസ് മംഗലത്ത്**



ഭദ്രാസന സെക്രട്ടറിയായി
സമുദായ മെത്രാപ്പോലീത്തയാൽ നിയമിതനായ
**റവ. ഫാ. നോബിൻ തോമസ് ഇളകുറ്റൂർ**



# St Mary's Knanaya Syrian Orthodox Church
# Perth, Western Australia

## Managing Committee 2024-2026

### Vicar



Fr. Saino Markose
Kochumangara

### Secretary



Freddy George
Kochumalathusseril, St John's Dayara Church, Chingavanam

### Trustee



Anish P Punnose
Peedikayil, St Mary's Bethlehem Church, Veliyanadu

### Committee Members



Sijomon Abraham
Kattuvelil, St Mary's Church Kuttoor



Rajesh Raju
Chudukattil, St Mary's Church Thiruvanvandoor



Aju K Thomas
Konnackal, St Thomas Kurissupalli, Edakulam



Chikku Aniyan
Mundaplackal, St Thomas Kurissupalli, Edakulam

### Vanitha Samajam Co-ordinators



Judy Rajesh
Chudukattil, St Mary's Church Thiruvanvandoor



Jolly Kuruvilla
Palapurackal, St Mary's Salem Church, Chingavanam

### KYA Mentors



Shalet Monsy
Padiyara, Mar Yuhanon Mamdana Church Ennicadu



Tinto Chacko
Kaitholil, St Mary's Church, Eraviperoor

### Auditors



Gana Sajan
Pazhoor, Marthoman Church Kumily



Sujith Zacharia
Konneckal, St John's Church Thurthikadu

### Sunday School Co-ordinator



Ajimol Mathew
Enchavelithara, St George Valiyapali, Neelamperoor

Advt - O






## KYA – അണ്ടർ 32 ഫുട്ബോൾ ടൂർണമെന്റ്

ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളിയുടെ KYA–അണ്ടർ 32 ഫുട്ബോൾ ടൂർണമെന്റിൽ വിജയിച്ച് ട്രോഫി കരസ്ഥമാക്കിയ നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയ പള്ളിയുടെ ഫുട്ബോൾ ടീമും വിശിഷ്ട അതിഥികളായ ശ്രീ. കെ. ടി. ചാക്കോ (മുൻ ഇന്ത്യൻ നാഷണൽ ഫുട്ബോൾ ഗോൾ കീപ്പർ) & മറ്റ് അതിഥികളും.



## കലണ്ടർ പ്രകാശനം

മലങ്കര സുറിയാനി ക്നാനായ വിമൻസ് അസോസിയേഷന്റെ 2025 ലെ കലണ്ടർ പ്രകാശനം കുറിച്ചി വി.മഗ്ദലന മറിയം തിരുശേഷിപ്പ് ചാപ്പലിൽ വച്ചു **ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്യുന്നു (Donated by a Family of St.George Knanaya Church Manchester UK, Women's Association of St.mary's Knanaya Church Dublin) Ex.officio Rev. Fr.V.A. Abraham ഇളയശേരി, പ്രസിഡന്റ് Rev.sr. മരിയ, സെക്രട്ടറി ഡെബി സജി, കേന്ദ്ര ഭാരവാഹികൾ എന്നിവർ സമീപം

# വടപുറം ക്ലീമിസ് സ്കൂൾ, കുൽപ്പമല എസ്റ്റേറ്റ്, കൊടുങ്ങല്ലൂർ പൈതൃക സ്മാരകം സന്ദർശനം







ക്നാനായ സമുദായ അസോസിയേഷൻ പ്രസിഡണ്ട്, ഫാ. വി.എ. ഏബ്രാഹാം ഇളയശ്ശേരി സമുദായ സെക്രട്ടറി, റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, മാനേജിങ് കമ്മിറ്റി അംഗങ്ങളായ രാജു വള്ളപുരയ്ക്കൽ, സാബു കണ്ണാടിപ്പുഴ, ജോബി കാരിക്കോട്ട്, സജി താന്നിക്കൽ, ലിജുവരാത്ര എന്നിവർ വടപുറം ക്ലീമിസ് സ്കൂൾ, കുൽപ്പമല എസ്റ്റേറ്റ്, കൊടുങ്ങല്ലൂർ പൈതൃക സ്മാരകം എന്നിവ സന്ദർശിച്ചപ്പോൾ


*40th Wedding Anniversary*

4-11-1984



**Chacko Thomas and Jessy Thomas**

**Puthenparambil, Chingavanam**

*Best Compliments from*

Melvin Thomas & Rinu Melvin

(Best Male Nurse UAE, Golden Visa Holder 2022-2032

Canada Govt. Hospital

Marvin Thomas & Seba Marvin

(Sharjah)

Grand Children

Felix Melvin & Hezlin Marvin

Advt - O

# പേരെന്റിങ്ങ്: ജ്ഞാനം നയിക്കട്ടെ!



സുനിൽ ഡി. കുരുവിള

നമ്മൾ കുട്ടികളുടെ തെറ്റുകൾ പെട്ടെന്ന് കണ്ടുപിടിക്കുന്നവരാണ്. ഈ തലമുറയിലെ കുട്ടികൾ പേരെൻസിനെ മനസ്സിലാക്കുന്നില്ല... പഠിക്കാൻ താല്പര്യമില്ല... ഉത്തരവാദിത്വബോധമില്ല... ഒക്കെ സ്ഥിരം കേൾക്കുന്ന പരാതികളാണ്. എന്നാൽ നമ്മൾ മനസ്സിലാക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. കുട്ടികളുടെ എല്ലാ പ്രശ്നങ്ങളും action അല്ല reaction ആണ്. നമ്മൾ അവർക്കു നൽകുന്ന 'പേരെന്റിങ്ങി'ന്റെ പ്രതികരണമാണ് അവരുടെ ജീവിതത്തിലെ ഓരോ വിഷയങ്ങളും. നമ്മൾ 'action' മെച്ചപ്പെടുത്തിയാൽ അവരുടെ reaction ഉം മെച്ചപ്പെടും!

മാതാപിതാക്കൾ കുട്ടികൾക്ക് നൽകിയ heredity factors, അവർക്കു വളരാൻ നൽകിയ പരിസ്ഥിതി- ചുറ്റുപാട് - അവർക്കുവേണ്ടി എടുത്ത തീരുമാനങ്ങൾ... തിരഞ്ഞെടുത്ത വിദ്യാഭ്യാസം... അതിന്റെ ആകെത്തുകയാണ് ഇന്ന് നമ്മുടെ മുമ്പിൽ ഉള്ള കുട്ടി. അതുകൊണ്ടു തന്നെ നമ്മുടെ മക്കളുടെ ഇന്നത്തെ  അവസ്ഥയ്ക്ക് പ്രധാന കാരണം നമ്മൾ തന്നെയാണ് എന്ന് ആദ്യം അംഗീകരിക്കണം. ജ്ഞാനിയായ പേരന്റ് ഈ തിരിച്ചറിവോടെ മാറ്റങ്ങൾക്കു ശ്രമിക്കുന്നു... ഇതാണ് വിജയത്തിലേക്കുള്ള വഴി!

പലപ്പോഴും പേരെൻസ് കുട്ടികൾക്ക് കൗൺസിലിങ്ങ് വേണം എന്നു പറഞ്ഞു വിളിക്കാറുണ്ട്. സത്യത്തിൽ കൗൺസിലിങ്ങ് വേണ്ടത് മാതാപിതാക്കൾക്കല്ലേ? വീട്ടിൽ പേരെൻസ് തമ്മിൽ സ്ഥിരമായി വഴക്കാണെങ്കിൽ കുട്ടികൾ പ്രശ്നക്കാരായി മാറാം. പേരെന്റിന്റെ മദ്യപാനം, സാമ്പത്തിക അച്ചടക്കമില്ലായ്മ, മാനസീക- വൈകാരിക പ്രശ്നങ്ങൾ, തൊഴിൽ രംഗത്തെ അസ്ഥിരത, അച്ചടക്കമില്ലായ്മ എല്ലാം കുട്ടികളെ പ്രതികൂലമായി ബാധിക്കാം! പേരെൻസ് അവർക്ക് എന്തെങ്കിലും പ്രശ്നമുള്ളതായി പലപ്പോഴും സമ്മതിക്കത്തില്ല. പകരം അത് പങ്കാളിയുടെയോ മക്കളുടെയോ കുഴപ്പമായി കാണുന്നു. ഇത്തരം സത്യസന്ധതയില്ലാത്ത പേരന്റ്സ് കുട്ടികളുടെ ജീവിതം ദുസ്സഹമാക്കും. കുട്ടികളും വളർന്നുവരുമ്പോൾ 'കടുംപിടുത്തക്കാരായി' തെറ്റും കുറവും സമ്മതിക്കാത്തവരായി  മാറാം.

കുട്ടികളുടെ ശാരീരിക ആരോഗ്യം ഏറ്റവും പ്രധാനം. അവർക്കു പോഷക സമ്പൂർണ്ണമായ ഭക്ഷണം ഉറപ്പുവരുത്തേണ്ടതുണ്ട്. അമിതമായ മധുരവും കൊഴുപ്പും ഉപ്പും preservative ഉം കളറും ഒക്കെ ചേർന്ന ഭക്ഷണം സ്ഥിരം വാങ്ങി കുട്ടികൾക്ക് കൊടുക്കുന്ന മാതാപിതാക്കളുണ്ട്. പുറത്തുനിന്ന് ഹോട്ടൽ ഭക്ഷണം ചില വീടുകളിൽ സ്ഥിരം ഏർപ്പാടായി കഴിഞ്ഞു. വൃത്തിയോ പോഷക ഗുണമോ ഇത്തരം ഭക്ഷണത്തിൽ ഉറപ്പുവരുത്താൻ കഴിയില്ല എന്ന് മാത്രമല്ല പലപ്പോഴും ഇതിൽ നിന്ന് കുട്ടികൾക്ക് രോഗങ്ങളും ഉണ്ടാകുന്നു. കരിഞ്ഞ എണ്ണയും മറ്റും മാറാതെ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുണ്ട്. ക്യാൻസറിന് വരെ ഇത് കാരണമാകുന്നു. അമിതമായ ടിവി, സെൽ ഫോൺ ഉപയോഗമാണ് മറ്റൊന്ന്. Virtual autism വരെ അമിതമായി സ്ക്രീനിൽ ചിലവഴിക്കുന്ന കുട്ടികളിൽ കാണപ്പെടുന്നു. വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, സ്വഭാവ പ്രശ്നങ്ങൾ, കാഴ്ച പ്രശ്നങ്ങൾ, മാനസീക ആരോഗ്യ പ്രശ്നങ്ങൾ ഒക്കെ ഇത്തരം കുട്ടികളിൽ കൂടുതലായി കാണപ്പെടുന്നു. നല്ല ഉറക്കം, സമ പ്രായക്കാരുമായുള്ള ഓടി ചാടിയുള്ള കളികൾ, നല്ല സന്തോഷമുള്ള schooling ഒക്കെ കൊച്ചുകുട്ടികൾക്ക് ആരോഗ്യമായ വളർച്ചക്ക് ഏറെ അനിവാര്യമാണ്.

കുട്ടിക്കാലത്തു കുട്ടികൾ സന്തോഷമുള്ളവരാണ് എന്ന് ഉറപ്പുവരുത്തണം. കുട്ടിക്കാലത്തെ സന്തോഷമാണ് ആരോഗ്യപരമായ വളർച്ചയുടെ അടിസ്ഥാനം. കുട്ടികളെ വല്യപ്പനേം വല്യമ്മേം ഏൽപ്പിച്ചു വിദേശത്തുപോയി കുറച്ചു പണം ഉണ്ടാക്കാം എന്ന് കരുതുന്ന മാതാപിതാക്കൾ വലിയ തെറ്റാണു കുട്ടികളോടും grand parents നോടും ചെയ്യുന്നത്.

അത്തരം കുട്ടികൾ വഴിതെറ്റാനോ മാനസീക പ്രശ്നങ്ങളിൽ പെടാനോ ഉള്ള സാധ്യത ഈ കാലഘട്ടത്തിൽ കൂടുതലാണ്. കാലം ഒരുപാടങ്ങ് മാറി എന്നുള്ളത് തിരിച്ചറിയണം. മാതാപിതാക്കളുടെ സ്നേഹവും ലാളനയും ശിക്ഷണവും ഒക്കെ ലഭിച്ചുതന്നെ കുട്ടികൾ വളരണം.

ചെറിയ പ്രായത്തിൽ തന്നെ കുട്ടികളെ നിരീക്ഷിക്കണം. പഠന വൈകല്യം മാനസീക ആരോഗ്യ കുറവ് വൈകാരിക സ്വഭാവ പ്രശ്നങ്ങൾ ഒക്കെ ഉണ്ടാകാം. ബാല്യത്തിൽ തന്നെ പരിഹാരം തേടണം. കൗമാരം ഇതൊന്നും പരിഹരിക്കാൻ അത്ര നല്ല കാലമല്ല എന്നോർക്കാം!

നിങ്ങൾ കുട്ടിക്കായി തിരഞ്ഞെടുക്കുന്ന സ്കൂൾ കുട്ടിക്ക് യോജിച്ചതും നിലവാരമുള്ളതും പരിശീലനം നേടിയ അദ്ധ്യാപകരുള്ളതുമായ സ്ഥലമാണ് എന്ന് ഉറപ്പുവരുത്തുക. അവനവന്റെ സാമൂഹിക സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടതാണ് സ്കൂൾ അന്തരീക്ഷമെങ്കിൽ ഏറെ നന്ന്. ഇന്റർനാഷണൽ ഒന്നും വേണമെന്നില്ല എന്ന് സാരം!

ചെറിയ പ്രായത്തിലെ കുട്ടികളിൽ ഒരുപാടു കുത്തിനിറച്ചു പഠിപ്പിക്കുന്ന വിദ്യാഭ്യാസം ദോഷം മാത്രമേ ചെയ്യുകയുള്ളൂ. രണ്ടാം ക്ലാസ് വരെയെങ്കിലും പരീക്ഷയും മാർക്കും റാങ്കും ഒന്നും അധികം കണക്കാക്കേണ്ടതില്ല! പ്രായത്തിനു അനുസരിച്ചു അറിവും കഴിവും active ഉം ആണ് എന്ന് ഉറപ്പുവരുത്തുക. അതിലൊക്കെ വലിയ tension ഉള്ള പേരൻസിന് ചികിത്സ തേടാവുന്നതാണ്! സ്കൂളിൽ നല്ല സംസ്കാരം മൂല്യങ്ങൾ കളികൾ കലകൾ സാംസ്കാരിക പ്രവർത്തനം ഒക്കെയുണ്ട് എന്ന് ഉറപ്പു വരുത്തുക. അദ്ധ്യാ

പകരെ മാനിക്കുക. സ്കൂളിൽ മാതാപിതാക്കളെ ക്ഷണിക്കുന്ന പരിപാടികളിൽ പങ്കെടുക്കുക. പ്രത്യേകിച്ച് മാതാപിതാക്കൾക്കായുള്ള കൗൺസിലിങ്ങ് മറ്റും ഉണ്ടെങ്കിൽ. കുട്ടികളുടെ മുമ്പിൽ വച്ച് ഒരു കാരണവശാലും അദ്ധ്യാപകരുടെയോ സ്കൂളിന്റെയോ കുറ്റം പറയരുത്. നിങ്ങൾ മാനിക്കാത്തതൊന്നും നിങ്ങളുടെ കുട്ടികളും മാനിക്കില്ല! വിദ്യാഭ്യാസത്തോടും വിവരമുള്ളവരോടും ഒക്കെ നിങ്ങൾക്ക് വിലയുണ്ടെങ്കിൽ നിങ്ങളുടെ കുട്ടികളും അതിനെയൊക്കെ വിലയുള്ളതായി കാണും!

കൗൺസിലിങ്ങ് ഇന്ന് എല്ലാവർക്കും വളരെ ആവശ്യമുള്ളോരു സേവനമാണ്. കുട്ടികൾക്കുള്ളതാണ് കൗൺസിലിങ്ങ് എന്നത് വെറും തെറ്റിദ്ധാരണ മാത്രമാണ്.

മുതിർന്നവർ കൗൺസിലിങ്ങ് എടുത്താൽ കുട്ടികൾക്ക് പലപ്പോഴും അതിന്റെ ആവശ്യം വരില്ല. എപ്പോഴാണ് ഒരു കൗൺസിലിങ്ങിനു പോകേണ്ടത്? പലരുടെയും സംശയമാണ്. നിങ്ങൾക്ക് സ്വയം ഒരു പ്രശ്നം പരിഹരിക്കാൻ കഴിയാതെ വരുകയും അത് നിങ്ങളുടെ മനഃസമാധാനത്തെ കാര്യമായി ബാധിക്കുകയും ആരോടും അത് പങ്കുവെക്കാൻ കഴിയാതെയും വരുമ്പോൾ. നിങ്ങളുടെ കുടംബത്തിൽ ഒരു പ്രശ്നം ഉണ്ടാവുകയും അത് ബന്ധങ്ങളെ പ്രതികൂലമായി ബാധിക്കുന്നു... പരിഹാരം കാണാൻ കഴിയുന്നില്ല ..മാനസീക സംഘർഷം നമുക്കോ നമ്മുടെ കൂടെയുള്ളവർക്കോ ഉണ്ടാകുന്നു... ഒരു കൗൺസിലറുമായി ബന്ധപ്പെടാം. കുട്ടികളുടെ വിഷയങ്ങളിൽ വിദ്യാഭ്യാസ കാര്യത്തിലോ കുട്ടികളുടെ കാര്യത്തിലോ ഒക്കെ പരിജ്ഞാനവും പരിചയവും ഉള്ളവരെ സമീപിക്കുന്നത് ഏറെ നന്ന്.

തിരുത്തേണ്ടിടത്തു തിരുത്താനും ശാസിക്കാനും ഒന്നും മടിക്കേണ്ടതില്ല. പക്ഷെ അത് എന്തിനെന്നു അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയണം. അവരെ കേൾക്കണം! അവർക്കു കൊടുക്കാവുന്ന ഏറ്റവും വലിയ സമ്മാനം സമയമാണ്. ക്ഷമയും! കുറവോ പ്രയാസമോ ഉള്ള കുട്ടികളെ കൂടുതൽ ചേർത്തുപിടിക്കാം. താരതമ്യം പാപമാണ്! ഓരോ കുട്ടിയും ദൈവത്തിന്റെ അതിവിശിഷ്ടമായ ദാനമാണ്. ഓരോ കുഞ്ഞും ഓരോരോ ഉദ്ദേശ്യത്തോടെ ലോകത്തിലേക്ക് വന്നു എന്ന് തിരിച്ചറിയാം!

കുട്ടികൾക്ക് വാക്കുകൊണ്ടും പ്രവർത്തികൊണ്ടും മാതൃകയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കാം. അവർ നമ്മൾ പറയുന്നത്. കേൾക്കുന്നതിൽ കൂടുതൽ നമ്മളെ ശ്രദ്ധിക്കുന്നുണ്ട്... നിരീക്ഷിക്കുന്നുണ്ട്... ഓർക്കാം.

വീട്ടിൽ അച്ചടക്കവും ചിട്ടയും ക്രമവുമൊക്കെ ഉണ്ടെങ്കിൽ അതിന്റെ ഗുണം കുട്ടികളിലും കാണും. തോന്നുന്നതുപോലെ ജീവിക്കുന്നവരുടെ കുട്ടികൾ അങ്ങനെത്തന്നെയായാൽ കുറ്റം പറഞ്ഞിട്ട് കാര്യമില്ലല്ലോ! നല്ല മൂല്യങ്ങളും സംസ്കാരവും മര്യാദകളും ഒക്കെ നമ്മൾ ജീവിതത്തിലൂടെ കാട്ടികൊടുത്താൽ പിന്നെ അധികം ഉപദേശം വേണ്ടിവരില്ല.

ബന്ധുക്കളോടും സുഹൃത്തുക്കളോടും അയൽക്കാരോടും ഒക്കെ സഹവർത്തിച്ചു ജീവിക്കാം! മാനുഷിക ബന്ധങ്ങളുടെ വിലയറിഞ്ഞു കുട്ടികൾ വളരട്ടെ. പ്രകൃതിയേയും പക്ഷിമൃഗാദികളെയും ഒക്കെ അവരുടെ ജീവിതത്തോട് ചേർത്തുനിർത്താം! ആത്മീയ വിശ്വാസം വെറും ആചാരങ്ങൾ മാത്രമായി ചുരുങ്ങാതിരിക്കട്ടെ! ദൈവസ്നേഹവും ഭാവവും അനുഭവിച്ചറിയാൻ അവർക്ക് എന്നും കഴിയട്ടെ... ഇന്നത്തെ ബാല്യത്തിന്റെ സന്തോഷമാണ് നാളത്തെ ലോക സമാധാനം!

Happy Parenting!

(Sunil D. Kuruvilla, is consultant counsellor and Human Resources Development trainer; founder INSIGHT MISSION. He can be contacted @
Email: sunil_kuruvilla@rediffmail.com
Cell: +91 9656144712)

## ക്വട്ടേഷൻ നോട്ടീസ്

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനം വക മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ മാമ്പാട് വില്ലേജിൽ ഉള്ള മൂന്ന് ഏക്കർ റബ്ബർ തോട്ടത്തിലെ 500 റബ്ബർ മരങ്ങളിൽ നിന്നും (വെട്ടാത്ത മരങ്ങൾ) ഒരു വർഷക്കാലത്തേയ്ക്ക് റബ്ബർപാൽ ശേഖരിച്ച് ആദായം എടുക്കുന്നതിനുവേണ്ടി മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഒരു മരത്തിന് നൽകുന്ന Rate ആണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷനോടുകൂടി Malankara Syrian Knanaya Samudayam എന്ന പേരിൽ 25,000/- രൂപയുടെ D/D EMD ആയി നൽകേണ്ടതാണ്. ക്വട്ടേഷനുകൾ 30-11-2024 4.00. P.M. ന് മുമ്പായി താഴെപ്പറയുന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

Trustee, Malankara Syrian Knanaya Samudayam, Mor Ephraim Seminary Chingavanam, 686531.

ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരുകളിൽ നിന്നു രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ അറിയാവുന്നതാണ്.

Ph: 0481-2430327, 2432544

**റ്റി. സി തോമസ് തോപ്പിൽ**
**സമുദായ ട്രസ്റ്റി**

# എല്ലാം മായ അത്രേ
# Everything is an illusion

റിയു റോയി മുളമൂട്ടിൽ

മനുഷ്യൻ മഹാജ്ഞാനത്തിന്റെ കൈലാസം കയറുമ്പോഴും അവനു ഒരു പിടിയും കൊടുക്കാതെ മനസ്സിൽ നിരന്തരം അലയടിക്കുന്ന ചോദ്യങ്ങളാണ് ഞാൻ ആര്? എന്തിനാണ് ഈ ജന്മം എനിക്ക് ലഭിച്ചത്? ഈ ജന്മത്തിന്റെ ഉദ്ദേശം എന്ത്? ജനനത്തിനുമുൻപ് ഞാൻ എന്തായിരുന്നു? മരണശേഷം ഞാൻ എവിടെ ആയിരിക്കും? എന്നിവ. താൻ വിശ്വസിക്കുന്ന മതത്തിലും ശാസ്ത്രത്തിലും ഇതിനെല്ലാമുള്ള പൂർണ്ണമായ ഉത്തരം ഉണ്ട് എന്ന് അന്ധമായി വിശ്വസിച്ചു കണ്ണുമടച്ചിരുന്നാലും ഒരു യഥാർത്ഥ ആത്മാന്വേഷിയുടെ മനസ്സ് തനിക്കു തൃപ്തി ലഭിക്കാത്ത ഇത്തരം ചോദ്യങ്ങൾക്കു പുറകെ സഞ്ചരിച്ച് ഇതിനുള്ള ഉത്തരം സ്വയം തേടി അലഞ്ഞുകൊണ്ടേ ഇരിക്കും.

അങ്ങനെ സ്വയം തേടി അലയുന്ന ആത്മാന്വേഷികൾ അവരുടെ യാത്രയിൽ ഒരു സന്ദർഭത്തിൽ മനസ്സിലാക്കുന്ന ഏറ്റവും വലിയ അറിവായി പറഞ്ഞിട്ടുള്ളത് ഈ ജീവിതത്തിൽ നമ്മൾ കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതുമെല്ലാം വെറും മായ അത്രേ എന്നതാണ്.

നമുക്ക് മുൻപേയുള്ള പല മഹാചാര്യന്മാർ പറഞ്ഞിട്ടുള്ളതും, ബൈബിളിൽ ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ രാജാവ് (King Solomon) എഴുതിയ സഭാപ്രസംഗി (Ecclesiastes) എന്ന പുസ്തകത്തിൽ പറയുന്നതും ഹിന്ദു പുരാണങ്ങളുടെ അടിസ്ഥാന ഗ്രന്ഥങ്ങളായ വേദങ്ങളിൽ (The Vedas) പറയുന്നതും, ബുദ്ധൻ പറഞ്ഞതും, ഇപ്പോൾ ശാസ്ത്രത്തിന്റെ ഏറ്റവും നൂതന വിഭാഗമായ Quantum Physics പറയുന്നതുമെല്ലാം ഇതുതന്നെയാണ്. എല്ലാം വെറും മായ അത്രേ. എന്താണ് ഇങ്ങനെ പറയുന്നതിന്റെ അർത്ഥം എന്ന് നമുക്ക് ഒന്നു പരിശോധിക്കാം.

മായ അഥവാ illussion എന്ന വാക്കിന്റെ അർത്ഥം "An instance of a wrong or misinterpreted perception of a sensory experience" എന്നാണ്. എന്നു വച്ചാൽ യഥാർത്ഥമായി ഉള്ളതിനെ അങ്ങനെയേ കാണുവാൻ കഴിയാതെ നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾ മൂലം മറ്റൊന്നായി കണ്ടു തെറ്റിദ്ധരിപ്പിക്കപ്പെടുന്നു. നമ്മളിൽ ഭൂരിഭാഗം പേരും കരുതുന്നത് നമ്മൾ നമ്മുടെ കണ്ണുകൊണ്ടു കാണുന്ന കാഴ്ചയും, ചെവികൊണ്ട് കേൾക്കുന്ന ശബ്ദവുമാണ് യഥാർത്ഥത്തിൽ ഉള്ളതെന്നും ഇതിനപ്പുറം മറ്റൊന്നുമില്ല എന്നുമാണ്. എന്നാൽ അതല്ല സത്യം എന്ന് നമുക്ക് എത്രപേർക്കറിയാം.

ഈ മഹാപ്രപഞ്ചത്തിൽ പല dimensions (മാനങ്ങൾ) ഉണ്ട് എന്നാണ് ശാസ്ത്രം പറയുന്നത്. ആ മഹാ ശൂന്യതയിലെ കോടാനുകോടി നക്ഷത്രങ്ങൾക്കും സൗരയുഥത്തിനും ഇടയിലുള്ള കുഞ്ഞു ഭൂമിയിൽ നമ്മൾ ഇപ്പോൾ ജീവിക്കുന്നത് 3rd dimension (ത്രിമാനം) ആണ്. ഒരുപാട് പരിമിതികളുള്ള 3rd dimension ൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന കണ്ണിലൂടെയും, ചെവിയിലൂടെയും, മൂക്കിലൂടെയും, ത്വക്കിലൂടെയും ശേഖരിക്കപ്പെടുന്ന signals നമ്മുടെ തലച്ചോറിൽ എത്തപ്പെട്ടു നമുക്ക് തോന്നുന്ന താൽക്കാലിക പ്രതിഭാസം മാത്രമാണ് ഈ ജീവിതത്തിൽ നമുക്ക് യാഥാർത്ഥമായി തോന്നുന്നത്.

ശാസ്ത്രീമായി പറഞ്ഞാൽ മനുഷ്യന്റെ കണ്ണുകൾക്ക് കാണുവാൻ കഴിയുന്ന wave length എന്ന് പറയുന്നത് വെറും 380 to 700 nanometres ന് ഇടയിലുള്ളതും നമ്മുടെ ചെവികൾക്കു കേൾക്കുവാൻ കഴിയുന്ന ശബ്ദം എന്ന് പറയുന്നത് വെറും 20 Hz to 20 KHZ ന് ഇടയിലുള്ളതുമാണ്. എന്താണ് ഇത് അർത്ഥമാക്കുന്നത്? ഈ പരിധികൾക്കു മുകളിലും താഴെയുമെല്ലാം കാഴ്ചകളും, ശബ്ദങ്ങളും ഉണ്ടെന്നല്ലേ? തീർച്ചയായും ഉണ്ട്. എന്നാൽ ഇപ്പോഴുള്ള നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾ മൂലം നമ്മൾ അവയൊന്നും കാണുന്നോ കേൾക്കുന്നോ, അറിയുന്നോ ഇല്ല എന്നതാണ് സത്യം.

ഒന്നുകൂടി വിശദമായി പറഞ്ഞാൽ ഇപ്പോൾ നമ്മൾ നമ്മുടെ കണ്ണുകൊണ്ട് കാണുന്നത് യഥാർത്ഥ കാഴ്ച ആവണമെന്നില്ല. നമ്മൾക്ക് കഴിയാത്തതു പലതും മറ്റു മൃഗാദികൾക്കു കാണുവാനും കേൾക്കുവാനും കഴിയും എന്ന് നമ്മൾ കേട്ടിട്ടില്ലേ? നായകൾക്ക് ആത്മാക്കളെ കാണുവാൻ കഴിയുമെന്നും, മൃഗങ്ങൾക്കു ഭൂമി കുലുക്കം നേരത്തേ അറിയുവാൻ കഴിയുമെന്നും നമ്മൾ പറയാറില്ലേ? നമ്മുടെ ചുറ്റിനും നമ്മൾക്ക് കാണുവാൻ കഴിയാത്ത പല കാഴ്ചകളും നമുക്ക് കേൾക്കുവാൻ കഴിയാത്ത പല ശബ്ദങ്ങളും ഉണ്ടെന്നിരിക്കെ എങ്ങനെ നമ്മൾക്ക് പറയുവാൻ കഴിയും നമ്മൾ ഇപ്പോൾ കാണുന്നതും കേൾക്കുന്നതും മാത്രമാണ് യഥാർത്ഥ സത്യം എന്ന്? ഈ കാഴ്ചപ്പാടിലൂടെയാണ് ജീവിതം എന്നത് വെറും മായ ആണെന്നും, ക്ഷണികമാണെന്നും, നമ്മൾ കാണാ ത്ത കാഴ്ചകളും ലോകങ്ങളും വേറെയുമുണ്ടെന്നും, ഈ ജീവിതത്തിൽ നമ്മൾ അനുഭവിക്കുന്നത് ഒന്നിന്റെയും അവസാനമല്ലെന്നും മഹാചാര്യന്മാർ മുന്നമേ പറഞ്ഞത്.

നമ്മൾ ഇപ്പോൾ ജീവിക്കുന്ന 3rd dimension ൽ (ത്രിമാനം) നിന്നും നമ്മുടെ മരണശേഷം നമ്മൾ മറ്റൊരു dimension ലേക്ക് മാറ്റപ്പെടുകയാണ് എന്ന് മനസ്സിലാക്കിയാൽ ഒരു പരിധിവരെ നമ്മുടെ മാനുഷിക സംശയങ്ങൾക്ക് ഉത്തരം ലഭിക്കും. നമ്മുടെ ഇപ്പോഴുള്ള ജീവിതം എന്നത് ഒരു വലിയ യാത്രയുടെ ചെറിയ ഭാഗം മാത്രമാണെന്നും, ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനെല്ലാം ഒരു കാരണം ഉണ്ടെന്നും മനസ്സിലാക്കിയാൽ നമ്മുടെ പല വിഷമങ്ങളും നമുക്ക് തരണം ചെയ്യുവാൻ സാധിക്കും. നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന പല പ്രശ്നങ്ങളും ചിന്തകളും എല്ലാം മനസ്സിന്റെ

വെറും തോന്നലുകൾ മാത്രമാണെന്നും, അതിനെയെല്ലാം മാറ്റിമറിക്കാനുള്ള ശക്തി നമ്മുടെ ഉള്ളിൽ തന്നെയുണ്ടെന്നു മനസ്സിലാക്കുന്നതാണ് ഏറ്റവും വലിയ അറിവെന്നും പറയപ്പെടുന്നു.

മനുഷ്യ മനസ്സിനെ ആഴത്തിൽ പഠിച്ചാൽ നമുക്ക് മനസ്സിലാവും മനസ്സ് എന്നത് വെറും യാന്ത്രികം മാത്രമാണെന്നും, അതിന്റെ യാഥാർത്ഥ്യങ്ങളെ നമുക്ക് വേണമെങ്കിൽ തലകീഴ് മാറ്റിമറിക്കാം എന്നും ഒന്ന് തനിച്ചിരുന്നു ധ്യാനിച്ചാലോ (Meditation) അല്ലെങ്കിൽ ഒരു professional Psychologist/ Hypnotist ന്റെ അടുത്തു ചെന്നാലോ ഇതെല്ലാം സാധ്യമാകുമെന്നിരിക്കെ നമ്മൾ സൃഷ്ടിച്ചുവച്ചിരിക്കുന്ന മായയായ ലോകത്തിന്റെ അതിർവരമ്പുകൾക്കുള്ളിൽ നമ്മുടെ മനസ്സിനെ തളച്ചിട്ടു, യാഥാർത്ഥ്യമായി അതിനേ എല്ലാം കണ്ടു പേടിച്ചു ചുരുങ്ങി ജീവിക്കുകയല്ലേ ശരിക്കും നമ്മൾ? ഈ മായയായ ലോകത്തിന്റെ ചങ്ങലകൾക്കുള്ളിൽ തളയ്ക്കപ്പെട്ടു കിടക്കുന്ന മനസ്സിനെ സ്വാതന്ത്ര്യമാക്കുവാനുള്ള വഴികളാണ് ബോധോദയം ലഭിച്ച എല്ലാവരും നമുക്ക് പറഞ്ഞു തന്നിട്ടുള്ളത്. ഒന്നിലും മനസ്സിനെ തളച്ചിടാതെ ആത്മാർത്ഥമായി സ്വയം തേടിയാൽ, നമ്മളുടെ സംശയങ്ങൾക്ക് വേണ്ട ഉത്തരം നമ്മുടെ മുൻപിലേയ്ക്ക് വരും. ആരാലും നമ്മിൽ നിന്നും എടുത്തു മാറ്റുവാൻ കഴിയാത്ത, വീണ്ടും ഒരു ചോദ്യവും അവശേഷിക്കാത്ത ഉത്തരം ഈ പ്രപഞ്ചം നമ്മൾക്കു നൽകും.

ഓരോരുവനും വേണ്ട ഉത്തരം ലഭിക്കേണ്ടത് അവനവന്റെ ഉള്ളിൽ നിന്നുമാണ്. എന്നാൽ മാത്രമേ അവനു ഉത്തരത്തിൽ പൂർണ്ണ വിശ്വാസം ഉണ്ടാവുകയുള്ളൂ. അതിനാദ്യം ചെയ്യേണ്ടത് തനിച്ചിരുന്നു ഉള്ളിലേക്ക് നോക്കുക എന്നതാണ്. Look within for answers. ധ്യാനമാണ് (meditation) അതിനുള്ള ഏറ്റവും നല്ല മാർഗ്ഗം Don't seek Truth outside, It is hiding within you എന്നാണ്. ബോധോദയം ലഭിച്ചിട്ടുള്ള എല്ലാവരും ഒരേ സ്വരത്തിൽ പറയുന്നത് ക്രിസ്തുവും അത് തന്നെയല്ലേ പറഞ്ഞത്. "The Kingdom of God is within You - ദൈവരാജ്യം നിങ്ങളുടെ ഉള്ളിലാണ്" "Ask and it will be given to you; Seek, and you will find; Knock, and the door will be opened for you - ചോദിപ്പിൻ നിങ്ങൾക്ക് കിട്ടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്ക് തുറക്കപ്പെടും".

ഈ മായയായ ലോകത്തിന്റെ ചലപിലകളിൽ നിന്നും നമ്മുടെ മനസ്സിനെ നിയന്ത്രിച്ചു പ്രപഞ്ച രഹസ്യങ്ങളുടെ പൊരുൾ തിരിച്ചറിഞ്ഞു ശാശ്വത സമാധാനം നിലനിൽക്കുന്ന മായയല്ലാത്ത അവസ്ഥ മനസ്സിലാക്കുവാൻ സർവ്വേശ്വരൻ നമ്മൾക്കെല്ലാം കൃപ നൽകട്ടെ എന്ന് പ്രാർത്ഥിച്ചു നിർത്തുന്നു.

●


# കരിങ്കല്ല് വിൽപനയ്ക്ക്

നിർമ്മാണ ആവശ്യങ്ങൾക്ക്
വേണ്ട കരിങ്കല്ലുകൾ
വിൽപനയ്ക്ക്
ഈരാറ്റുപേട്ട, കോട്ടയം

6282008455
9495205716

# “ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനുമാകുന്നു”

## യോഹ. 15:12

**അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്**

നമുക്ക് സഹായം ലഭിയ്ക്കേണ്ടതു യഹോവയിൽ നിന്നാണ്. മനുഷ്യരിൽ നിന്നല്ല, രാജാവിൽ നിന്നല്ല, ഈ ലോകം തിരഞ്ഞെടുത്ത നേതാക്കന്മാരിൽ നിന്നല്ല, സമ്പന്നന്മാരിൽനിന്നല്ല. ഇവർക്കൊ ക്കെ നമ്മേ സഹായിക്കാൻ ഒക്കുന്നത് ഒരു പരിധി മാത്രമാണ്. ഏത് അസാദ്ധ്യകാര്യങ്ങളെയും സാദ്ധ്യമാക്കി തരുവാൻ കഴിയുന്നത് യഹോവയ്ക്കു മാത്രമാണ്. ദൈവം മൂക്കിലേക്ക് ഊതി തന്ന ഈ പ്രാണവായുവാണ് ഈ ലോകത്തിൽ വേണ്ടിയതിനും വേണ്ടാത്തതിനുമെല്ലാം കിടന്നു പോരാടിക്കൊണ്ടിരിക്കുന്നത്. നാം ഈ ലോകത്തിൽ കാണിക്കുന്ന കൂടുതൽ കാര്യങ്ങളും നമ്മുടെ പ്രദർശനത്തിനുവേണ്ടിയാണ്. നമുക്ക് പേരെടുക്കുവാൻ, മുൻപന്തിയിൽ നില്ക്കുവാൻ നമ്മളു വലിയ പെരുന്നാളുകളും ഒക്കെ നടത്തും. സ്വന്തം മനസ്സാക്ഷിയോടു ചോദിച്ചു നോക്കു ദൈവത്തോടാടോ അല്ലെങ്കിൽ സഹദേമാരോടോ, മാതാവിനോടോ ഉള്ള ഭക്തികൊണ്ടാണോ, ലക്ഷങ്ങൾ മുടക്കി നമ്മൾ ചെയ്യുന്നത്. സമൂഹത്തിൽ നിന്നു ലഭിയ്ക്കേണ്ട അംഗീകാരത്തിനുവേണ്ടിയല്ലേ? ദൈവത്തിനു നമ്മുടെ ഹൃദയവിചാരങ്ങളെ അറിയാം. കേവലം മനുഷ്യന്റെ കൈകൾ കൊണ്ടു നിർമ്മിച്ചുണ്ടാക്കിയ ഉപകരണങ്ങൾ കൊണ്ടു നമ്മുടെ ഉള്ളിലുള്ള രോഗങ്ങളെ കണ്ടുപിടിക്കാൻ കഴിയും; അങ്ങനെയെങ്കിൽ നമ്മളെ സൃഷ്ടിച്ച ദൈവത്തിന് ആ കണ്ണുകൾക്ക് നമ്മുടെ ഉൾവിചാരങ്ങളെ കണ്ടുപിടിക്കുന്നത് എത്രയോ നിസ്സാരമാണ്. കർത്താവ് തന്റെ മക്കളിൽനിന്നാഗ്രഹിക്കുന്നത് കളങ്കമില്ലാത്ത സ്തോത്രമെന്ന ബലിയാണ്. നമ്മൾ ആർക്കെങ്കിലും എന്തെങ്കിലുമൊക്കെ കൊടുത്തിട്ടു അവരു നമ്മളെ പറ്റിചേർന്നു നമ്മളെ സന്തോഷിപ്പിച്ചു നിർത്തിയില്ലെങ്കിൽ നമ്മളു പറയും എന്തെല്ലാം കൊടുത്തിട്ടും നന്ദിയില്ലാത്തവർ. നമ്മളുകൊടുത്തതെന്താ! നമുക്കുവേണ്ടാത്തതോ അല്ലെങ്കിൽ നമുക്ക് വലിയ പ്രയോജനം ഒന്നുംമില്ലാത്ത എന്തെങ്കിലുമോ സ്വല്പം പൈസ്സായോ ഒക്കെ ആയിരിക്കും. പക്ഷേൽ നമ്മൾ ആ കൊടുത്തവരിൽനിന്ന് അവരുടെ അനുമോദനങ്ങളാണ് ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. നമ്മളു ചിന്തിക്കുന്നുണ്ടോ യഹോവയായ ദൈവം രാവും പകലും നമുക്കുവേണ്ടി കാവലിരുന്നു വേണ്ടുന്നതൊക്കെ തന്ന്, ആരോഗ്യം, വസ്ത്രം, പാർപ്പിടം ഇതൊക്കെ ദൈവത്തിന്റെ ഔദാര്യമാണ്. ഇതൊക്കെ ഇല്ലാത്ത എത്രയോ ആൾക്കാരുണ്ട് നാം ചിന്തിക്കാറുണ്ടോ. ദൈവത്തിന്റെ മക്കളാണ് നമ്മളെല്ലാവരും. ഓരോരുത്തർക്കും കൂടുതലും കുറവുമായിട്ടൊക്കെ ഏല്പിച്ചിരിക്കുന്നത് തന്നത്താനെ ആസ്വദിക്കാനല്ല. അപ്പനും അമ്മയും ഒക്കെ സ്വത്തു വീതിച്ചു കൊടുക്കുമ്പം കുടുംബത്തിലുള്ള ആൾക്കു കൂടുതൽ കൊടുക്കും അതിനവർക്കു ഉദ്ദേശമുണ്ട്, മറ്റുള്ളവരെ കരുതുമെന്ന വിശ്വാസം. ഇതുപോലെയാണ് ദൈവവും. ഒടുവിൽ കൂടുതൽ കൈപറ്റിയതിന്റെ കണക്കു കൊടുത്തേ മതിയാവു ഭൗതികമായി നോക്കുമ്പോൾതന്നെ എല്ലാ കണക്കുകളും ഇന്നു കാണിച്ചേ മതിയാവു. G.S.T. യും മൊക്കെ അടയ്ക്കണം കൂടുതൽ കൈവശം വച്ചിരിക്കുന്നവർക്ക് Tax ല്ലാം കൊടുക്കണമല്ലോ. അല്ലാത്തവർക്ക് എന്തോ നികുതിയാണുള്ളത് കണക്കു പ്രകാരമല്ലോ Tax അടയ്ക്കേണ്ടിവരുന്നത് എന്നു പറഞ്ഞതുപോലെ തന്നെയാണ് നീതിന്യായക്കോടതിയുടെ മുമ്പാകെ ചെല്ലുമ്പം നിനക്കുതന്ന ആരോഗ്യത്തിന്റെ കണക്കുതരണം, ആയുസിന്റെ സമ്പത്തിന്റെ അറിവിന്റെ എല്ലാത്തിന്റെയും കണക്ക്. ഇതൊന്നുംമില്ലാത്തവർക്ക് എന്തു കണക്കാനുള്ളത് കോടതി വെറുതെ വിടും. അതുകൊണ്ട് കൂടുതൽ കൈപറ്റാതെ ഇരിക്കുന്നതാണ് നല്ലത്. കരഞ്ഞും, ചോദിച്ചും, മെഴുകുതിരി കത്തിച്ചും, മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയും, ഉപവാസമെടുത്തും നോയ്മ്പു നോക്കിയും കാണുന്ന പള്ളിയിലെല്ലാം പോയി പ്രാർത്ഥിച്ചും, മുട്ടുകുത്തിയും തരുന്നില്ലാന്നു ദൈവം വിചാരിച്ചതുകൂടി പിടിച്ചുമേടിക്കും. ഇതിനെല്ലാം ഒടുവിൽ കണക്കു പറഞ്ഞു Tax അടയ്ക്കണമെന്ന് ഒടുവിലെ അറിയു. നമ്മളെ ചെറിയ തോതിലെങ്കിലും സഹായിക്കാൻ ആരുമില്ല. ഇന്നത്തെ നമ്മുടെ സമുദായത്തിന്റെ പോക്കു കണ്ടാൽതന്നെ ചോദിക്കാനും പറയാനുമൊന്നും ആരുമില്ലാന്നുള്ള ലക്ഷണമാണ്. ആത്മീയത നടിച്ച് ആത്മീയനെന്ന് പേരു കേൾപ്പിച്ചവർക്ക് അതിന്റെ കണക്കു കൊടുക്കണം.

പൗലോസും, ശീലാസും കാരാഗൃഹത്തിൽ കിടന്ന് ദൈവത്തേ ആരാധിച്ചു മഹത്വപ്പെടുത്തി. അവരുടെ ചങ്ങല അഴിഞ്ഞ് ജയിൽ തുറന്നു കിടന്നു. ആരാധനയുടെ ശക്തികൊണ്ട് പക്ഷേങ്കിൽ അവർ പുറത്തിറങ്ങിയില്ല. അവരുടെ ചങ്ങല അഴിയുവാനോ കാരാഗ്രഹം തുറക്കുവാനോ അല്ല അവർ ആഗ്രഹിച്ചത്. അവരുടെ ദൈവത്തേ മഹത്വപ്പെടുത്തി കാരാഗ്രഹത്തിൽതന്നെ കിടക്കുന്നു സൂക്ഷിപ്പുകാർ വന്നു നോക്കിയപ്പോൾ ജയിൽ തുറന്നു കിടക്കുന്നു അവർ പേടിച്ചുപോയി ''അവർ വാളൂരി ആത്മഹത്യയ്ക്കുവേണ്ടി.'' പൗലോസ് വിളിച്ചു പറഞ്ഞു ഞങ്ങളെല്ലാവരും ഇവിടെ തന്നെയുണ്ട്. (അപ്പോ.16:28). കാവൽക്കാരൻ വീണു രക്ഷ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം.'' ഇവരുടെ പ്രവർത്തിയാണ് ആ കുടുംബത്തെ രക്ഷയിലേയ്ക്കു നയിച്ചത്. നമ്മളെപോലുള്ളവർ കിട്ടിയ സമയം പാഴാക്കാതെ രക്ഷപെട്ടേനേ. കാവൽക്കാരന്റെ അവസ്ഥയൊന്നും നോക്കാതെ ഇവിടെ പൗലോസും ശീലാസും ദൈവത്തിന്റെ നാമം ഉയർത്തി കാണിച്ചു. നമ്മുടെ ജീവിതംകൊണ്ടു നമ്മൾ ക്രിസ്തുവിന്റെ സാക്ഷി ആകുന്നില്ലെങ്കിൽ ജീവിതം എന്തു മറുപടിയാണ് ദൈവത്തിനു വിസ്ഥാരവേളയിൽ കൊടുക്കുന്നത്.

# ആദമിനു ലഭിച്ച ദിവ്യദാനങ്ങൾ

**ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്, റാന്നി**

മനുഷ്യവംശത്തിലെ ആദിമാതാപിതാക്കന്മാരാണ് ആദവും ഹൗവ്വായും. ദൈവം ഭൂമിയിൽനിന്നും ആദത്തെ സൃഷ്ടിച്ച് അനശ്വരമായ ആത്മാവിനെ അവനിൽ പ്രവേശിപ്പിച്ചു. ശേഷം അവനെ ഗാഢനിദ്രയിലാഴ്ത്തി അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തു ഹവ്വായെ സൃഷ്ടിച്ചു. അവരെ ദൈവം ദിവ്യദാനങ്ങൾകൊണ്ടു നിറച്ചു. അവരിലെ ജീവാത്മാവിനെ ദൈവീകമാക്കുന്ന ഈ ദിവ്യദാനങ്ങളാൽ അവർ സ്വർഗ്ഗീയ സൗഭാഗ്യത്തിന് അർഹരും, നിയുക്തരുമായിത്തീർന്നു.

അജ്ഞത, മരണം, വേദന തുടങ്ങിയവയിൽ നിന്നും വിടുതൽ പ്രദാനം ചെയ്യുന്ന സ്വഭാവാതീത ദാനങ്ങൾകൊണ്ടും അവരെ ദൈവം അനുഗ്രഹിച്ചു. മാത്രമല്ല, തിന്മയിലേക്കുള്ള യാതൊരു പ്രവണതയും അവർക്കു അനുഭവപ്പെട്ടിരുന്നില്ല. ആത്മാവിനെതിരായി ശരീരത്തിന്റെ എതിർപ്പ് അവർക്കുണ്ടായിരുന്നില്ല. അതിനാൽ അവർ നഗ്നരായിരുന്നിട്ടും ലജ്ജാബോധം ഉണ്ടായില്ല. ശാരീരിക സൗഖ്യവും അമരത്വവും ദൈവം അവർക്ക് പ്രദാനം ചെയ്തു.

ദൈവം സൃഷ്ടിച്ച ഭൂമിയിലെ സകല ജീവികൾക്കും പേരു നല്കുവാൻ തക്കവിധം വ്യാപകമായ വിജ്ഞാനം സിദ്ധിച്ചിരുന്നവനാണ് ആദം. (ഉൽ.2:19). "യഹോവയായ ദൈവം ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ എല്ലാ പറവകളെയും നിലത്തുനിന്നു നിർമ്മിച്ചിട്ടു മനുഷ്യൻ അവെക്കു എന്തു പേരിടുമെന്നു കാണ്മാൻ അവന്റെ മുമ്പിൽ വരുത്തി; സകല ജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടതു അവയ്ക്ക് പേരായി." ആദം അജ്ഞതയിൽനിന്നും വിമുക്തനായിരുന്നു.

ആദത്തിലും ഹവ്വയിലുമുണ്ടായിരുന്നത് സ്വച്ഛമായ മനുഷ്യ പ്രകൃതിയായിരുന്നു. അതിനാൽ അധമമായ പ്രവർത്തികൾക്കും, പ്രകൃതികൾക്കും അവർ വശംവദരായിരുന്നില്ല. അവരിൽ അധമാംശം ഉത്തമാംശത്തിനു വിധേയപ്പെട്ടിരുന്നു. ശരീരസംബന്ധമായ പ്രവർത്തികളും, താല്പര്യങ്ങളും ബുദ്ധിയ്ക്കും, മനസ്സിനും അധീനമായിരുന്നു. അതിനാൽ അവർ സ്വാഭാവികമായി അധമപ്രകൃതികളിന്നു, പ്രവർത്തികളിന്നും വിമുക്തരായിരുന്നു.

ദൈവം ആദിമ മാതാപിതാക്കന്മാർക്ക് നല്കപ്പെട്ട ദിവ്യദാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതു പ്രസാദവരമാണ്. അതിനാൽ അവർ ദൈവമക്കളും സ്വർഗ്ഗരാജ്യത്തിന് അവകാശികളും ആയിത്തീർന്നു. മാത്രമല്ല, അവർ നിഷ്ക്കളങ്കതയുടെയും, നിർമ്മലതയുടെയും നിറകുടമായിതീർന്നു. മാലാഖമാർക്കു തുല്യം അവർക്ക് ആനന്ദം അനുഭവ വേദ്യമായിരുന്നു (സങ്കീ.8:5). "നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു."

മനുഷ്യബുദ്ധിയ്ക്കും, യുക്തിയ്ക്കും സങ്കല്പിക്കാവുന്ന എല്ലാ വിശിഷ്ട വസ്തുക്കളുടെയും കലവറയായ ഏദന്റെ പറുദീസാ മദ്ധ്യത്തിലാണ് നന്മതിന്മകളുടെ തിരിച്ചറിവിന്റെയും, ജീവന്റെയും വൃക്ഷങ്ങളും വളർന്നു നിന്നിരുന്നതും ദൈവം അവർക്ക് അറിവിന്റെ ദാനവും നല്കിയിരുന്നു. അതിനാൽ അവർ അനുഭവത്തിന്റെയോ, പഠനത്തിന്റെയോ സഹായം കൂടാതെ എല്ലാ കാര്യങ്ങളും നന്നായി അറിഞ്ഞിരുന്നു.

ആദാമിനെ ദൈവം എല്ലാ ദിവ്യദാനങ്ങളാലും അനുഗ്രഹിച്ചിരുന്നെങ്കിലും, അവൻ സ്വർഗ്ഗം സ്വതന്ത്രമായി അർഹിക്കണമെന്നു ആഗ്രഹിച്ചു. അതിനായുള്ള പരീക്ഷകന്റെ പരീക്ഷയിൽ ആദം പരാജയപ്പെട്ടു. ദൈവിക കല്പന അവർ ലംഘിച്ചതിനാൽ തിന്മയിലാണ്ടു. അവർ അങ്ങനെ പാപം ചെയ്തില്ലായിരുന്നെങ്കിൽ അവർക്കു ലഭിച്ചിരുന്ന പ്രകൃത്യാതീത ദാനങ്ങളെല്ലാം മനുഷ്യ സ്വഭാവത്തിന്റെ അംശങ്ങളായി മനുഷ്യവർഗ്ഗത്തിനും ഇന്നും ലഭിക്കുമായിരുന്നു.

പാപംമൂലം നഷ്ടപ്പെട്ട ഈ ദിവ്യദാനങ്ങൾ മനുഷ്യവർഗ്ഗത്തിനു തിരികെ പിടിയ്ക്കുവാനും, അതിൽ യഥാസ്ഥാനപ്പെടുവാനുമുള്ള ഏക മാർഗ്ഗം കർത്താവായ യേശുക്രിസ്തുവാണ്. അവൻ അരുളിച്ചെയ്യുന്നു: (യോഹ. 14:6) "ഞാൻ തന്നേ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല". ദിവ്യദാനങ്ങളാൽ അലങ്കരിക്കപ്പെടുവാൻ അവനിൽ അഭയപ്പെട്ട് അവനെ അനുദിനം അനുഗമിക്കാൻ ഇടയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

●



## വസ്തു വില്പനയ്ക്ക്

**വാകത്താനം ഞാലിയാകുഴി**
**30 സെന്റ് വസ്തു**
**ഒന്നായും പ്ലോട്ടായും വിൽപനയ്ക്ക്**

**വില - 1,75,000/സെന്റ്**

**Ph. 9447775579**

# ഏവൻഗേലിയോൻ ദീപം



**ഫാ. സിജോ എബ്രഹാം വട്ടോത്ര**

**സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഞായർ**
**ലൂക്കോസ് 1:12–5 (നവംബർ 17)**

യഹൂദ്യ രാജാവായ ഹെരോദാവിന്റെ കാലത്ത് അബിയാക്കൂറിൽ സെഖര്യാവ് എന്ന് പേരുള്ള ഒരു പുരോഹിതനും ഭാര്യ ഏലിശബേത്തും ഉണ്ടായിരുന്നു. കൂറിന്റെ ദൈവസന്നിധിയിൽ പുരോഹിതനായി ശുശ്രൂഷ ചെയ്തു വരുമ്പോൾ പൗരോഹിത്യ മര്യാദ പ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്ന് ധൂപം കാട്ടുവാൻ അവനു നുറുക്കു വന്നു.

ധൂപം കാട്ടുന്നതായ സമയത്ത് ധൂപ പീഠത്തിന്റെ വലതുഭാഗത്ത് ദൈവ ദൂതനായ ഗബ്രിയേൽ പ്രത്യക്ഷപ്പെടുകയും; ഭാര്യ ഏലിസബേത്തിൽ ഒരു മകൻ ജനിക്കുമെന്നും അവന് യോഹന്നാൻ എന്ന് പേരിടണം എന്നു അറിയിക്കുകയും ചെയ്തു. കൂടാതെ സ്നാപക യോഹന്നാനെപ്പറ്റി അനേകം സംഗതികളെ വെളിപ്പെടുത്തുകയും ചെയ്തു. എന്നാൽ (വിശ്വാസിക്കയാകട്ടെ) സെഖര്യാവ് എങ്ങനെ സാധ്യമാകും എന്ന് സംശയം പ്രകടിപ്പിച്ചത്. കോപം വന്ന് ഗബ്രിയേൽ അദ്ദേഹത്തെ പ്രവചന നിവൃത്തിവരെ മൗനമായിരിക്കും എന്ന് ശാസിക്കുകയും ചെയ്തു.

ദാവീദ് ഗൃഹത്തിലെ യിസ്രയേലിന്റെ രക്ഷകനുവേണ്ടിയുള്ളതായ പ്രവചനം ഉല്പത്തി പുസ്തകം മുതലെ നമുക്ക് ദർശിക്കുവാനായിട്ട് സാധിക്കും. രക്ഷകനുമുമ്പെ കർത്താവിനു വഴിയൊരുക്കുവാൻ വരുന്നവനെപ്പറ്റിയുള്ള പ്രവർത്തനങ്ങൾ യെശയ്യാവ് (40:3–5) മാലാഖി പുസ്തകങ്ങളിൽ കാണുവാനായിട്ട് സാധിക്കും.

ഗബ്രിയേൽ ഈ പ്രവചനങ്ങളെ ഉദ്ധരിച്ചുകൊണ്ടാണ് സെഖര്യാമിനോടു സദ്‌വർത്തമാനം അറിയിച്ചത്. കാലങ്ങൾക്കു മുമ്പെ പിതാക്കന്മാർ കേൾക്കുവാൻ കൊതിച്ച് വലിയ വീണ്ടെടുപ്പിന്റെ സ്വർഗ്ഗീയ ശബ്ദം തിരിച്ചറിയുവാൻ ഒരു പുരോഹിതനായ സെഖര്യാമിനു ഇവിടെ സാധിക്കാതെ പോകുകയാണ്. അവിശ്വസ്തതയാണ് ആ സ്വർഗ്ഗീയ ശബ്ദത്തിനു മുമ്പിൽ സെഖര്യാവ് പ്രകടിപ്പിച്ചത്.

"നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആക്കണമെന്ന് എന്നുള്ളതായ പ്രാർത്ഥന ഉരുവിടുമ്പോൾ, ദൈവശബ്ദത്തെ കേൾക്കുന്നവരും ആയിത്തീരുവാൻ നമുക്ക് സാധിക്കട്ടെ. ദൈവം അനുഗ്രഹിക്കട്ടെ.

**ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ**
**ലൂക്കോസ് 1:26–38**

മാർച്ച് 25നും കൂദോശ് ഈത്തോയ്ക്കുശേഷം മൂന്നാമത്തെ ഞായറാഴ്ചയിലും ഈ വേദഭാഗം നാം വായിക്കുന്നു. വചനിപ്പ് പെരുന്നാൾ എന്ന് പിതാക്കന്മാർ ഈ ദിവസത്തെ വിളിക്കുന്നു. സുറിയാനി സഭയുടെ ആരാധനാക്രമമനുസരിച്ച് മാർച്ച് 25ന് ദുഃഖവെള്ളിയാഴ്ച ദിവസം ആയാൽപോലും, അന്നെദിവസം വി. ബലി അർപ്പിക്കണമെന്ന് നിർബന്ധമുണ്ട്. അത്രയേറെ പ്രാധാന്യം അർഹിക്കുന്ന ദിവസമാണ് ഇത്. മനുഷ്യവർഗ്ഗം കാത്തിരുന്ന ഈ ദിവസം; യാക്കോബു ഗൃഹത്തിൽ വെളിപ്പെട്ട പ്രവചനങ്ങൾക്ക് നിവർത്തി വരത്തക്കവണ്ണം എത്തിച്ചേർന്ന് സ്വർഗ്ഗീയ ശബ്ദമാണ് നസറേത്തിലെ കന്യകയെ തേടിയെത്തിയത്.

മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ യേശുതമ്പുരാൻ ഈ ലോകത്തിലേക്ക് ഇറങ്ങി വരുവാൻ പോകുന്ന ഒരു വലിയ സദ്‌വാർത്തയുമായി ഗബ്രിയേൽ ദൈവസന്ധിയിൽ നിന്ന് എത്തിച്ചേരുന്നത്.

ഗബ്രിയേലിനെ ദർശിക്കുന്നതായ മറിയം ഭ്രമിച്ചുപോകുകയും; എന്നാൽ ദൂതൻ അവളെ അശ്വസിപ്പിച്ചുകൊണ്ട് വരുവാനിരുന്ന സദ്‌വാർത്തകളെയും പ്രവചന നിവർത്തിയെപ്പറ്റി അവളോടു സംസാരിക്കുകയും ചെയ്തു.

"ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞുകൊണ്ട് മറിയം മനുഷ്യരാശിയുടെ രക്ഷയ്ക്ക് കാരണമായിത്തീർന്ന രണ്ടാം ഹവ്വായായി തീരുകയാണ്.

പരിശുദ്ധ കന്യക മറിയം പരിശുദധ റൂഹാ (ദൈവവചനം) കീഴ്പ്പെട്ടതുപോലെ ഓരോ വിശ്വാസിയും ദൈവവചനങ്ങൾക്ക് കീഴ്പ്പെടുകയും അവന്റെ രണ്ടാമത്തെ വരവിങ്കൽ അവനോടൊന്നിച്ച് രാജത്വം പ്രാപിക്കുകയും ചെയ്യാം.

**ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ**

**ഏലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ (ഡിസംബർ 1) (വി.ലൂക്കോ. 1:39–56)**

ദൈവികപദ്ധതി നിവൃത്തികരിക്കപ്പെടാനായി ഗർഭം ധരിക്കപ്പെട്ട ഏലിസബേത്തും, മറിയയും തമ്മിലുള്ള സംഗമത്തിന്റെ വിവരണമാണിത്. അതിനെ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും സംഗമമെന്ന് വിളിക്കാൻ സാധിക്കും. ഈ വിവരണത്തിലൂടെ വ്യക്തികൾ തമ്മിലുള്ള സംഗമത്തിന്റെ മാതൃകയും, ഉദ്ദേശ്യവും എങ്ങനെയായിരിക്കണമെന്നും, എന്തായിരിക്കണമെന്നും ചിത്രീകരിക്കുകയാണ്.

ഈ സംഗമത്തിന് മുൻകൈ എടുക്കുന്നത് മറിയയാണ്. മറിയ വളരെ ബന്ധപ്പെട്ട് യെഹൂദ്യാ മലനാട്ടിലേക്ക് യാത്രയാകുന്നു. തന്റെ അതിഥിയായി എത്തിയ മറിയയെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിലൂടെ എലിസബേത്ത് പരിശുദ്ധാത്മഅഭിഷേകം പ്രാപിക്കുന്നു (വാക്യം 4). ദൈവത്തിന്റെ അത്ഭുതം എലിശബേത്തിൽ സംഭവിച്ചുവെങ്കിലും, ഈ സംഗമത്തിലൂടെയണ് പരിശുദ്ധാത്മ പ്രചോദിതമാകാൻ അവൾക്ക് സാധ്യമായത്.

വ്യക്തികളുടെ കൂട്ടായ്മയായ സംഗമങ്ങളുടെ ഒന്നാമത്തെ ഉദ്ദേശ്യം ഇവിടെ വ്യക്തമാകുന്നത്, അവ ആത്മീക വർദ്ധനയ്ക്ക് ഇടയായിത്തീരണമെന്നതാണ്. ക്രിസ്തുവിന്റെ ശിഷ്യർ കൂട്ടായ്മ ആചരിച്ചപ്പോൾ അവർ പരിശുദ്ധാത്മാനിറവുള്ളവരായി പ്രേക്ഷിതദൗത്യം ഏറ്റെടുത്തത് വി.യോഹന്നാന്റെ സുവിശേഷത്തിലും, അപ്പസ്തോലപ്രവൃത്തികളിലും വായിക്കുന്നുണ്ട്. ആ ശക്തിയാണ് അവരെ പ്രവർത്തനസജ്ജരാക്കിയത്. അത് ലഭിച്ചതാകട്ടെ ഒരുമനപ്പെട്ടുള്ള കൂട്ടായ്മയിലൂടെയുമത്രെ. ഇത് നമുക്ക് മാതൃകയാക്കണം.

ഇന്നത്തെ സംഗമങ്ങളുടെ ഉദ്ദേശ്യവും, നടത്തിപ്പും അപഗ്രഥിക്കുമ്പോൾ കാണുന്നത് അവയിൽ പലതും നാശത്തിന്റെ വിത്ത് വിതയ്ക്കപ്പെടാനും, പഴിചാരലിനും, കുറ്റം വിധിക്കാനുമാണ് എന്നത് സംഗമത്തിന്റെ സാംഗത്യം നഷ്ടപ്പെടുത്തുന്നു. അതുപോലെ കൂട്ടായ്മകൾ സ്വയപു

കഴ്ചയ്ക്കോ, സ്വാർത്ഥതയ്ക്കോ വേണ്ടി ആകരുത് എന്നതും നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നാൽ പരസ്പര പ്രചോദനമാകാനും വളർച്ചയ്ക്കും ഇടയാകുമ്പോൾ കൂടുതൽ അർത്ഥവത്തായിത്തീരും. പല വ്യക്തികൾക്കും പലവിധത്തിലുള്ള നഷ്ടങ്ങൾ സംഭവിക്കുമ്പോൾ, മറ്റുള്ളവരുടെ അർത്ഥവത്തായ ഇടപെടലുകളും, കൂട്ടായ്മകളും, സന്ദർശനങ്ങളും ജീവിക്കാൻ തന്നെ പ്രചോദനമായത് വെളിപ്പെടുത്തിയിട്ടുണ്ട്.

വ്യക്തികളുടെ സംഗമത്തിന്റെ മറ്റൊരു ഉദ്ദേശ്യം അത് 'ശുശ്രൂഷയുടെ നവമാനങ്ങൾ സൃഷ്ടിക്കുന്നതാകണം' എന്നതാണ്. മറിയയും എലിസബേത്തും പരസ്പരം ശുശ്രൂഷിക്കുന്നു. ഒരാൾ മറ്റെയാൾക്ക് ആശ്വാസവും, സാന്ത്വനവുമായി വർത്തിക്കുന്ന ധ്വനികൾ ഈ ഭാഗത്ത് അലയടിക്കുന്നുണ്ട്.

ശുശ്രൂഷയുടെ മാനങ്ങൾ ഇവിടെ വ്യക്തമാകുന്നുണ്ട്. പരസ്പരം ഭാരങ്ങൾ വഹിക്കുന്നതും, ആശ്വാസത്തിന്റെ കണികയാകുന്നതും, ഉള്ളിലെ പ്രയാസങ്ങൾ പങ്കുവയ്ക്കുന്നതുമെല്ലാം അതിന്റെ ഭാഗമാകുന്നു. ശുശ്രൂഷയുടെ അടിസ്ഥാനം ദൈവസ്നേഹത്തിന്റെ പ്രതിഫലനമാകണം എന്നതാണ്.

ക്രിസ്തുശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നത്, ക്രിസ്തുവിന്റെ ശുശ്രൂഷ ഈ ലോകത്തിൽ തുടർന്ന് ക്രിസ്തുവിന്റെ സാക്ഷികളാകാനാണ്. അതാകട്ടെ സ്വയത്യാഗം നടത്തി മറ്റുള്ളവരെ ഉദ്ധരിക്കാൻ തയ്യാറായതാണ്. അതിനെ മാതൃകയാക്കേണ്ട നാം സ്വയം ശൂന്യവത്ക്കരിക്കാൻ തയ്യാറാകുമ്പോഴാണ് ശുശ്രൂഷ അർത്ഥവത്താകുന്നത്.

മനുഷ്യസംഗമങ്ങൾ കുറ്റം കണ്ടുപിടിക്കാനും, പഴിചാരാനുമുള്ള വേദിയാകാതെ പരിശുദ്ധാത്മ പ്രചോദിതമാകാനും ശുശ്രൂഷയുടെ നവമാനങ്ങൾ സൃഷ്ടിക്കാനുമുള്ളതാകണം. അതിലൂടെ നമ്മുടെ ക്രിസ്തീയ ജീവിതം കൂടുതൽ മികവുള്ളതാകട്ടെ.

**വി. യോഹന്നാൻ സ്നാപകന്റെ ജനനത്തിന്റെ ഞായർ (ഡിസംബർ 8) മൗനത്തിന്റെ മോചനം (വി. ലൂക്കോസ് 1:57-80)**

ദൈവിക ആലോചനപ്രകാരം യോഹന്നാന്റെ ജനനവും അതിനോട് അനുബന്ധിച്ച് പിതാവായ സെഖര്യാവിന് ഉണ്ടായ മൗനത്തിന്റെ മോചനവും ഈ വേദഭാഗത്ത് പ്രതിപാദിക്കുന്നു. മലാഖി പ്രവചനത്തിലെ 'കർത്താവിന്റെ മഹത്വം ഭീതി ജനകവുമായ ദിവസം വരുന്നതിന് മുമ്പ് പ്രവാചകനായ ഏലിയായെ നിങ്ങളുടെ അടുക്കലേക്കയയ്ക്കും (4:5) എന്ന പ്രവചനത്തിന്റെ പശ്ചാത്തലത്തിൽ പഴയപുതിയ നിയമ പ്രവചനങ്ങളുടെ ബന്ധത്തിന്റെ കണ്ണിയായി യോഹന്നാൻ സ്നാപകൻ നിലകൊള്ളുന്നു. ക്രിസ്തുവിന്റെ പ്രഥമസാക്ഷിയായി വിളങ്ങുന്ന യോഹന്നാന്റെ ജനനവും ക്രിസ്തീയവിശ്വാസത്തിന് നല്കുന്ന ചിന്തകളാണ് ഇവിടെ ധ്വനിക്കുന്നത്.

യോഹന്നാൻ സ്നാപകന്റെ ജനനത്തിലൂടെ 'ദൈവിക കരുണയുടെ അടയാളം' ലോകത്തിന് വെളിപ്പെട്ടു. യോഹന്നാൻ എന്ന നാമത്തിന്റെ അർത്ഥം തന്നെ 'ദൈവം കരുണയുള്ളവൻ' എന്നാണ്. ദൈവകരുണ സഖറിയ എലിശ്ബാ ദമ്പതികൾക്ക് മാത്രമല്ല വെളിപ്പെട്ടത്, മനുഷ്യകുലത്തിനാകമാനം വി.യോഹന്നാനിലൂടെ വെളിവായതാണ് അദ്ദേഹത്തിന്റെ പ്രസക്തി.

പാപത്തിൽ നിപതിച്ച ലോകത്തെ അതിൽ നിന്ന് വിടുവിക്കാനുള്ള മുഖാന്തിരമായി അയക്കപ്പെടുന്ന ക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുത്തതാണ് യോഹന്നാന്റെ ശ്രേഷ്ഠത. അതിലൂടെ ക്രിസ്തുവിലൂടെയുള്ള രക്ഷ ഒരു മിഥ്യയല്ലെന്നും, അത് യാഥാർത്ഥ്യമത്രെ എന്ന സന്ദേശവും, പ്രവാചകന്മാരിലൂടെ ദൈവം കാലാകാലങ്ങളിൽ നിറവേറ്റിയ വാഗ്ദത്തത്തിന്റെ പൂർത്തീകരണവും ദർശിക്കുന്നു.

കരുണയുള്ള ദൈവം ക്ഷമിക്കുന്നവനാണ്. ലോകത്തിന്റെ പാപം കടുഞ്ചുവപ്പായാലും അവയെ ഹിമംപോലെ വെടിപ്പാക്കാം എന്ന് അരുളിയ ദൈവത്തിന്റെ രക്ഷാവാഗ്ദാനത്തിന്റെ പൂർത്തീകരണവും നടത്തുന്ന ദൈവം സകല മനുഷ്യരെയും, ക്രിസ്തുവിലൂടെ രക്ഷയിലേക്കും, നിത്യജീവന്റെ അനുഭവത്തിലേക്ക് ക്ഷണിക്കുന്നവനുമാണ്. ക്രിസ്തുവിലൂടെയുള്ള രക്ഷ വ്യക്തിജീവിതത്തിൽ സ്വായത്തമാക്കാനായി പശ്ചാത്താപ ജീവിതത്തിലൂടെ വി. കുമ്പസാരം നടത്തുവാനുള്ള ക്ഷണത്തെ നാം സ്വീകരിക്കേണ്ടതായിട്ടുണ്ട്.

യോഹന്നാൻ സ്നാപകന്റെ ജനനത്തിലൂടെ വെളിപ്പെടുന്ന മറ്റൊരു ബോധ്യം 'കർത്താവിന്റെ വഴി ഒരുക്കുവാൻ' അവൻ ജനിച്ചു എന്നാണ്. ഇത് സാധ്യമാക്കിയത് താൻ ശൂന്യവത്കരിച്ചതിലൂടെയാണ്. താൻ ആർക്ക് സാക്ഷിയായി ലോകത്തിലേക്ക് വന്നുവോ അവനുവേണ്ടി വഴിമാറി കൊടുത്തത് ഏറ്റവും ശ്രേഷ്ഠകരമാണ്. ഈ മനോഭാവമാണ് തന്റെ ശിഷ്യന്മാരെ യേശുവിനെ അനുഗമിക്കാൻ അനുവദിച്ചതും. 'ഞാനോ കുറയണം, അവനോ വളരേണം എന്ന ആപ്തവാക്യം തന്റെ ജീവിതപ്രമാണവുമായി മാറ്റുവാനും ഇടയായത്. യേശുവെന്ന ദൈവത്തിന്റെ അഭിഷിക്തനെ ജനത്തിന് വെളിപ്പെടുത്തുക എന്ന ദൗത്യമാണ് യോഹന്നാനെ വഴിയൊരുക്കുന്നവനാക്കിയത്. സ്വയം ശൂന്യവത്കരിച്ചതും, ദൈവിക ശ്രേഷ്ഠതയെ ഉയർത്തികാട്ടിയത്, ത്യാഗമനോഭാവത്തോടെ സാക്ഷിയായതും യോഹന്നാൻ സ്നാപകനെ ഔന്നത്യത്തിലേക്കുയർത്തുകയാണ് ചെയ്തത്.

ഇന്നത്തെ നൂറ്റാണ്ടിൽ ജീവിക്കുന്ന നമ്മിൽ നിന്നും ദൈവം ആഗ്രഹിക്കുന്നത് കർത്താവിന് സാക്ഷ്യം വഹിക്കുന്നവരായിത്തീരണമെന്നതാണ്. അതിനുള്ള ഉത്തമമാർഗ്ഗമെന്നത് സ്വയം ശൂന്യവത്കരിക്കുക എന്നതും ദൈവത്തിനുവേണ്ടി ജീവിക്കുക എന്നതുമാണ്.

ദൈവത്തിന്റെ കരുണ ഇന്നും ലോകത്തിൽ തിളങ്ങുന്നതിനാൽ, നാമാകുന്ന ഓരോരുത്തരും നമ്മുടെ കർത്താവിന് സാക്ഷികളായിത്തീർന്ന് ജീവിക്കാനുള്ള പരിശ്രമം നടത്തേണ്ടതുണ്ട്. അതായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം.

**യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായർ (ഡിസംബർ 15)വെളിപാടിന്റെ വെളിപെടുത്തൽ (വി. മത്തായി. 1:18-25)**

ലോകരക്ഷകനായ യേശുവിന്റെ അത്ഭുതജനനവും, ജനിക്കുന്ന ശിശുവിന് നല്കേണ്ട പേര് 'യേശു' എന്നാണെന്നും യൗസേഫിന് ദൈവം വെളിപ്പെടുത്തുന്നു. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മറിയയ്ക്കാണ് എല്ലാം വെളിപ്പെടുത്തുന്നത്. ദൈവിക വെളിപാടുകളിലൂടെ ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിയെക്കുറിച്ച് വെളിപ്പെടുത്തലുകൾ ലഭിച്ച യൗസേഫ് രക്ഷാചരിത്രത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. യൗസേഫ് ക്രിസ്തീയ ജീവിതത്തിന് നല്കുന്ന സന്ദേശങ്ങളാണിവിടെ ചിന്തിക്കുന്നത്.

യൗസേഫ് ക്രിസ്തീയ ജീവിതത്തിന് നല്കുന്ന ഒന്നാമത്തെ സന്ദേശമെന്നത് 'മറ്റുള്ളവരെ ആദരിക്കണം' എന്നതാണ്. മറിയയ്ക്ക് അപമാനം വരുത്തുവാൻ അവന് മനസ്സായില്ല (വാക്യം 9) എന്നത് നീതിമാൻ എന്ന പദവിയിലേയ്ക്ക് അവനെ ഉയർത്തി. ന്യായപ്രമാണപ്രകാരം വിവാഹം നിശ്ചയിക്കപ്പെട്ടവൾ വിവാഹത്തിനുമുമ്പ് ഗർഭിണിയായാൽ അവളെ കല്ലെറിഞ്ഞു കൊല്ലണമെന്നുള്ള (ആവർ. 22:20-21) നിയമത്തിനു മുമ്പിലേക്ക് അവളെ വിട്ടുകൊടുക്കാതെ അവളോട് ദയയുള്ളവനായി അവളുടെ വ്യക്തിത്വത്തെ അംഗീകരിക്കുന്ന യൗസേഫ് മറ്റുള്ളവരെ ആദരിക്കാനുള്ള മാതൃക അവശേഷിപ്പിക്കുന്നു.

മറ്റുള്ളവരെ ആദരിക്കണമെങ്കിൽ അവരും ദൈവസൃഷ്ടി

യാണെന്നുള്ള മനോഭാവം ഉണ്ടാകേണ്ടത് ഏറെ അത്യാവശ്യമാണ്. അതുപോലെ നാം ഇന്ന് ആയിരിക്കുന്നതിന്റെ പിന്നിൽ അനേകരുടെ അദ്ധ്വാനമുണ്ടെന്നും, മറ്റുള്ളവർ തങ്ങളുടെ ജീവിതം നമുക്കുവേണ്ടി ഹോമിച്ചതിന്റെ അനന്തര ഫലമാണ് നാം എന്ന തിരിച്ചറിവും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഉന്നതങ്ങളിൽ എത്തികഴിയുമ്പോൾ പിന്നിട്ട പാതകളെയും, മുഖാന്തിരങ്ങളെയും വിസ്മരിക്കരുത് എന്ന തത്വം നമ്മുടെ ജീവിതത്തെ എന്നും പ്രശോഭിക്കുവാൻ ഇടയാകണം. മറ്റുള്ളവരെ ആദരിക്കണമെങ്കിൽ ഞാൻ മാത്രമാണ് എന്ന ചിന്താഗതി ഉപേക്ഷിച്ച് മറ്റുള്ളവരിലെ നന്മ ദർശിക്കാനും ഇടയാകണം. എപ്പോഴും മറ്റുള്ളവരിലെ പ്രാധാന്യവും പ്രത്യേകതയും കണ്ടുപിടിക്കാനും, മറ്റുള്ളവരെ അംഗീകരിക്കാനും ഇടയാകുമ്പോൾ മാത്രമെ മറ്റുള്ളവരെ ആദരിക്കാനുള്ള സന്നദ്ധത ഉണ്ടാകുകയുള്ളൂ.

ഇന്ന് പലർക്കുമുള്ള പ്രശ്നമെന്നത് മറ്റുള്ളവരെ അംഗീകരിക്കാനും, ആദരിക്കാനും തക്ക മാനസികവളർച്ച ഉണ്ടാകുന്നില്ല എന്നാണ്. അതുകാരണം കുടുംബങ്ങളിലും, സമൂഹങ്ങളിലും, സ്ഥാപനങ്ങളിലുമെല്ലാം പ്രശ്നമുഖരിതമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. ഞാൻ എന്ന ഭാവത്തെ ദൂരീകരിച്ച്, മറ്റുള്ളവരെ ആദരിക്കുന്നത് ശ്രേഷ്ഠ ഗുണമാണെന്ന് തിരിച്ചറിഞ്ഞ് അതിനനുസരിച്ചുള്ള പ്രവർത്തനം നമുക്കുണ്ടാകണം.

യൗസേഫിന്റെ ജീവിതത്തിൽ കാണുന്ന മറ്റൊരു സവിശേഷത 'തന്റെ ഹിതമല്ല, ദൈവഹിതത്തിനനുസരിച്ച് പ്രവർത്തനനിരതനാകുന്നു' എന്നതാണ്. ഇതിനായി ദൈവീക ആലോചനക്കനുസരിച്ച് സ്വയം തിരുത്തുവാൻ അവൻ സന്നദ്ധനാകുന്നു എന്നതാണ്.

---

കവിത

# കുടുംബ പ്രാർത്ഥനയുടെ ദൂരവ്യാപകമായ അനുഗ്രഹങ്ങൾ

**ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം**

ആദാം പാപം ചെയ്തതുമൂലം
ഭൂമി ശപിക്കപ്പെട്ടുവല്ലോ
വിയർപ്പോടെ ഭക്ഷണം കഴിക്കുവീനെന്ന്
ഈശൻ, മനുഷ്യനോട് അരുളിയല്ലോ.
ശാപം നിറഞ്ഞ മണ്ണിലിരിക്കുന്ന
ഭവനത്തിൽ ശാപം തീർക്കുവാനായി
കൂടിവരുവീൻ, കൂടിവരുവീൻ
കുടുംബ പ്രാർത്ഥന ചൊല്ലിടുവിൻ
കർത്തന്റെ നാമം പേറിക്കൊണ്ട്
രണ്ടോ, മൂന്നോ പേർ കൂടുന്ന മദ്ധ്യേ
കർത്തന്റെ സാന്നിദ്ധ്യം ഇറങ്ങിവരും
മക്കളെയൊക്കെ ചേർത്തു പിടിക്കും
കർത്തന്റെ നാമം വഹിക്കുന്നോരേ
ലോകമക്കൾ ഭയപ്പെടുമല്ലോ
നാഥൻ അയച്ച 72 പേർക്ക്
ഭൂതങ്ങളൊക്കെ കീഴടങ്ങി
വചനമാം കോട്ടയ്ക്കുള്ളിലായി
സ്തുതിച്ചുപാടി ആരാധിക്കുമ്പോൾ
ഭവനങ്ങൾ കർത്തൻ ഏറ്റെടുക്കുകയും
സ്വർഗ്ഗീയ സന്തോഷം പങ്കുവെയ്ക്കും
സന്ധ്യസമയത്ത് കറങ്ങി നടക്കാതെ
തക്ക സമയത്ത് വീട്ടിലെത്തി
നൽവരങ്ങളാൽ തൃപ്തനാക്കുന്ന
കർത്തനെ, പാടി സ്തുതിച്ചിടുക.
ദൈവഭക്തിയിൽ തീക്ഷ്ണതയുണ്ടെങ്കിൽ
തലമുറ അനുഗ്രഹമായിടുമേ
സമ്പത്തും സമൃദ്ധിയും നൽകിക്കൊണ്ട്
അനുഭവിക്കാൻ യോഗ്യത നൽകിടുമേ.
കുടുംബപ്രാർത്ഥനയില്ലെങ്കിൽ കൂട്ടരേ
സാത്താൻ കുടുംബം തല്ലിതകർക്കും
പ്രാർത്ഥനയില്ലാത്തവന്റെ ഭവനം
പെട്ടെന്ന് ക്ഷയിച്ചു പോയിടുമേ
അനുഗ്രഹം കൈവശമാക്കുവാനായി
കർത്തൻ, നമ്മെ വിളിച്ചീടുന്നു
ശത്രുവിനെ ചേർത്തു പിടിച്ചുകൊണ്ട്
ശപിക്കുന്നവരെയൊക്കെ അനുഗ്രഹിക്കൂ!
അബ്രഹാമിന്റെ അനുഗ്രഹം നമുക്കു നൽകാൻ
ഈശൻ, ക്രൂശിൽ ശാപമായി
ശാപത്തിൽനിന്നും നമ്മെ രക്ഷിച്ചു
സദാനേരവും കൂടെ നടക്കും
ആത്മശരീരങ്ങളെ ദൈവത്തിലർപ്പിച്ച്
പ്രാർത്ഥിക്കുന്ന മക്കടെ മുഖങ്ങളൊക്കെ
ദിവ്യ തേജസ്സാൽ അലങ്കരിച്ച്
പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമല്ലോ.
തലമുറയ്ക്ക് കൊടുക്കുവാനുള്ള നിക്ഷേപം
പ്രാർത്ഥന മാത്രം ആയിടുന്നു
തലമുറ. തലമുറ അനുഗ്രഹമാകാൻ
കർത്തനോടൊത്തു ചേർന്നു നടക്കൂ!
ദൈവത്തിൻ വിളി കേട്ടതാം അബ്രഹാം
തലമുറയ്ക്ക് അനുഗ്രഹമായിടുന്നു
ദൈവവിളി കേൾക്കാത്ത ലോത്തോ
തലമുറയ്ക്ക് ശാപമായി പോലും
കുടുംബ ജീവിതം ഭദ്രമാകാൻ
ഈശന്റെ കൈക്കീഴിൽ താണിരുന്ന്
കുടുംബ പ്രാർത്ഥന ചൊല്ലിക്കൊണ്ട്
സന്തോഷ സന്താപം പങ്കു വെയ്ക്കൂ!

# ക്നാനായ സഭയുടെ ശ്ലൈഹിക പൈതൃകവും പാരമ്പര്യവും ക്നാനായക്കാരൻ ശെമവൂൻ ശ്ലീഹാ

**Late ചാണ്ടി ആൻഡ്രൂസ്, പൂമംഗലം**

ക്നാനായദീപം ആർക്കൈവ്സ്

**മാ**ർ തീമോത്തിയോസ് മെത്രാപ്പോലീത്ത സുറിയാനിയിൽ നിന്ന് പരിഭാഷപ്പെടുത്തി 1948 ൽ പ്രസിദ്ധീകരിച്ച ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെങ്കീസാ നമസ്ക്കാരങ്ങൾക്കു പ്രുമിയോനിൽ ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ ഓർമ്മയ്ക്കായി സന്ധ്യായിലെ സെദറാ ചൊല്ലുന്ന ഭാഗം പേജ് 269, 270 ൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കട്ടെ.

"നിർമ്മല കന്യകയായിരിക്കുന്ന മാതാവേ, ഇന്നു നിന്റെ വിശുദ്ധ ശരീരത്തെ സംസ്ക്കരിക്കുന്നു. ഇന്ന് ദിവ്യനിയോഗം റോമയിൽനിന്ന് ശീമോനെയും, യാക്കോബിനെ ഊർശ്ലേമിൽ നിന്നും വിളിച്ചുവരുത്തി. തോമ്മാ ഇന്ത്യയിൽ നിന്ന് ആഹ്ലാദത്തോടെ വന്നു. അല്ഫായുടെ പുത്രനായ യാക്കോബും, ക്നാനായക്കാരൻ ശീമോനും അവരവരുടെ സ്ഥലങ്ങളിൽ നിന്ന് ആഗതരായി.

ഒർത്തഡോക്സ് സഭയിലും, യാക്കോബായ സഭയിലും, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലും വാങ്ങിപ്പുപ്പെരുന്നാൾ ദിവസം വൈദികൻ ചൊല്ലുന്ന ഒരു പ്രാർത്ഥനാഭാഗമാണിത്. മറ്റു പതിനൊന്നു ശ്ലീഹന്മാരോടുമൊപ്പം ശ്ലീഹന്മാരുടെ തലവനായ ശീമോൻ പത്രോസു കഴിഞ്ഞാൽ രണ്ടാമത്തെ ശീമോനെ ക്നാനായക്കാരൻ ശീമോൻ എന്നാണ് ഇവിടെ അർത്ഥശങ്കയില്ലാതെ പറഞ്ഞിരിക്കുന്നത്.

മലങ്കര മല്പാൻ വെരി. റവ. കണിയാൻപറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പാ പരിശോധന നടത്തിയിട്ടുള്ളതും, കാലംചെയ്ത യാക്കൂബ് മാർ യൂലിയോസ് മെത്രാപ്പോലീത്ത പരിഭാഷപ്പെടുത്തി. മുളന്തുരുത്തി യാക്കോബായ വൈദിക സെമിനാരിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ യഹൂദായ കാനോൻ പേജ് 75 ൽ ഏഴാം കേപ്പാലേവോൻ (അദ്ധ്യായം) നാലാം പോസൂക്കോ (ഖണ്ഡിക) നോക്കുക. "ശ്ലീഹന്മാരുടെ പേരുകളുടെ കൂട്ടത്തിൽ ശെമവൂൻ ക്നാനായോ എന്ന് അതിൽ സുറിയാനി **ട്രാൻസിലേറ്റ്റേഷനായി** ചേർത്തിട്ടുണ്ട്. അതിൽ തന്നെ ആറാം പോസൂക്കോയിൽ ഭാഷാന്തരമായി ക്നാനായക്കാരൻ ശീമോൻ എന്നും പറഞ്ഞിട്ടുള്ളത് നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതാണ്. 15 രൂപ വിലകൊടുത്താൽ കോട്ടയത്തെ ഓർത്തഡോക്സ് ബുക്ക് ഡിപ്പോകളിൽ നിന്നും ശാസ്ത്രീറോഡിലെ സെന്റ് ജോസഫ് യാക്കോബായ ബുക്ക് ഡിപ്പോയിൽ നിന്നും ഈ ഹൂദായ കാനോൻ ലഭിക്കുന്നതാണ്.

വി. കന്യകമറിയാമിന്റെ ജീവചരിത്രം എന്ന പുസ്തകം ചിങ്ങവനം എസ്. ജെ. ബുക്ക് ഡിപ്പോയിൽ ദശാബ്ദങ്ങളായി വില്പന നടത്തിക്കൊണ്ടിരിക്കുന്ന ഒന്നാകുന്നുവല്ലോ. അതിലും പറയുന്നുണ്ട് ശെമവൂൻശ്ലീഹാ ക്നാനായക്കാരനാണെന്ന്. ഇതിനോടകം നിരവധി പതിപ്പുകൾ പ്രസിദ്ധം ചെയ്തു കഴിഞ്ഞതും, ക്നാനായ സഭയുടെ പ്രഥമ മെത്രാപ്പോലീത്ത ഇടവഴിക്കൽ ഗീവറുഗീസ് മാർ സേവേറിയോസ് തിരുമേനിയുടെ കൈവശമുണ്ടായിരുന്നതും എ.ഡി.401 ൽ സുറിയാനി ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ളതുമായ ഒരു മൂല ഗ്രന്ഥത്തിന്റെ വിവർത്തനവുമായ അതിന്റെ (26–ാം പതിപ്പിൽ) 110 ഉം 115 ഉം പേജുകളിൽ പറയുന്നത് വി. ദൈവമാതാവിന്റെ മരണസമയത്ത് മാതാവിനെ സന്ദർശിച്ച ശ്ലീഹന്മാരിൽ ഒരുവൻ ക്നാനായക്കാരനായ മാർ ശെമവൂൻ സ്ലീഹാ ആണെന്നാണല്ലോ. ചിങ്ങവനം പള്ളിക്കപ്പറമ്പിൽ പരേതനായ ബഹു. കുറിയാക്കോസ് കത്തനാരാൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതാണ് ഈ പുസ്തകം. ക്നാനായ സമുദായത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്ത ഒറ്റത്തൈയ്ക്കൽ തോമ്മാ മാർ ദിയസ്ക്കോറോസ് (പിന്നീട് സഭാ പരിവർത്തനം ചെയ്തു). അംഗീകരിച്ച് ശ്രേഷ്ഠാനുമതി നൽകിയിരുന്നതും, അന്നത്തെ ക്നാനായ സമുദായസെക്രട്ടറിയും എന്റെ വന്ദ്യ പിതാവുമായ ദിവംഗതനായ പുതിയമഠത്തിൽ പി.സി.ആൻഡ്രൂസ് ബി.എ. ഭാഷാശുദ്ധി വരുത്തി പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ ഒരു ഗ്രന്ഥമാണല്ലോ അത്. ശെമവൂൻശ്ലീഹാ ക്നാനായക്കാരനല്ലെങ്കിൽ പിന്നെ ക്നാനായ സഭയിലെ നെടുംതൂണുകൾ ചേർന്ന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്തുത ഗ്രന്ഥത്തിൽ അപ്രകാരം രേഖപ്പെടുത്തി വയ്ക്കുമോ? വേറെയും എത്രയോ ഗ്രന്ഥങ്ങളിമുണ്ട് ക്നാനായക്കാരൻ അഥവാ എരിവുകാരൻ മാർ ശീമോൻ ശ്ലീഹാ എന്ന് പരാമർശിച്ചിട്ടുള്ള ഉദ്ധരണികൾ

1. പാമ്പാക്കുട കോനാട്ട് ഏബ്രഹാം കത്തനാരുടെ പുതിയ നിയമത്തിൽ വി. മത്തായിയുടെ സുവിശേഷം തർജ്ജിമയിൽ ക്നാൻകാരൻ എന്നുമാണ് പറഞ്ഞിരിക്കുന്നത്.

2. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരിയുടെ പുതിയ നിയമത്തിൽ 'ക്നായക്കാരനായ' ശീമോൻ എന്നാണ് പറയുന്നത്.

നമ്മെ 'യഹോവയിൽ എരിവുള്ളവർ' എന്ന അർത്ഥത്തിലുള്ള 'ക്നാനായക്കാരൻ' എന്ന് അഭിസംബോധന ചെയ്യപ്പെടുന്നതിൽ, ക്നാനായക്കാരനായ മാർ ശെമവൂൻ ശ്ലീഹായുടെ ഗണത്തിൽപ്പെടുന്നവരാണ് അല്ലെങ്കിൽ, ക്രിസ്തുവിന്റെ കാലത്തെ ക്നാനായ യഹൂദവിഭാഗത്തിന്റെ പൈതൃ

കമേറുന്നവരാണ് നാമെന്നുള്ളതിൽ തീർച്ചയായും നാം അഭിമാന വിജ്രംഭിതരാകേണ്ടതല്ലേ?

യഹോവയായ ദൈവത്തിന്റെ പ്രത്യേക നിയോഗത്താൽ തന്നെ പഴയനിയമകാലം മുതൽക്കേ സംഭവിച്ചിട്ടുള്ള ഒരു വേർതിരിവായി ക്നാനായ സഭയുടെ സ്വതന്ത്ര നിലനിൽപ്പിനെ സർവ്വരാലും കാണേണ്ടിയിരിക്കുന്നു. മാതൃവൃക്ഷത്തിന്റെ തായ്തടിയിൽ നിന്ന് നിറയെ ഫലം കായ്ച്ചു നിൽക്കുന്ന ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ശിഖരം പോലെ അഥവാ ആത്യന്തികമായി വൻ സമുദ്രത്തിൽ ലയിച്ചു ചേരുന്ന മഹാനദിയുടെ കരുത്തും പോഷക നദികളിൽ ഒന്നുപോലെയത്രെ ഏകവും വിശുദ്ധവും സാർവ്വത്രികവും സ്തുതി ചൊവ്വാക്കപ്പെട്ടതുമായ ആകമായ സുറിയാനി ക്നാനായ സഭയുടെ സ്ഥാനം സാർവ്വത്രിക തിരുസഭയാകുന്ന ആരാമത്തിലെ ഒരു പൂങ്കുലയായി ക്നാനായ ഉപസഭ പൂത്തുലഞ്ഞു നിൽക്കുന്ന ചേതോഹരമായ കാഴ്ച ആരെയാണ് ഹഠാദാകർഷിക്കാത്തത്? ആരെയാണ് ആനന്ദ തുന്ദിലരാക്കാത്തത്?

ഗോത്രപിതാവായ യാക്കോബിൻ സന്തതികൾക്ക് അഥവാ ആദിമ ഇസ്രായേലിന്, പലും തേനും ഒഴുകുന്ന ഭൗതിക കനാൻ ദേശമാണ് യഹോവ വാഗ്ദാനം ചെയ്തിരുന്നതെങ്കിൽ പുതിയ ഇസ്രായേലായ ക്രിസ്തു സഭാംഗങ്ങൾക്കും അതിലെ അവിഭാജ്യഘടകമായ ക്നാനായ ക്രിസ്ത്യാനികൾക്കും സാന്തിയും സമാധാനവും ഓളം വെട്ടുന്ന, നിത്യാഹ്ളാദം തിരതല്ലുന്ന സ്വർഗ്ഗീയ കനാനാണ് നമ്മുടെ രക്ഷകനായ യേശു ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് നാം ഒരിക്കലും വിസ്മരിക്കരുത്. പരിപാവനമായ ഈ സ്വർഗ്ഗീയ കനാനെ ലക്ഷ്യമാക്കി നടത്തുന്ന തീർത്ഥയാത്രയിൽ അച്ചടക്കത്തോടും ആത്മാർത്ഥതയോടും കൂടി പങ്കെടുക്കുക ഓരോ ക്നാനായക്കാരന്റെയും കടമയത്രെ. ●

## ശുഭചിന്തകൾ

**വിമർശനം ഇഷ്ടപ്പെടുന്നവരല്ല പൊതുവെ ആരും തന്നെ. എന്നാൽ വിമർശിക്കുന്നവരെയാണ് വിശ്വസിക്കേണ്ടത്; പുകഴ്ത്തുന്നവരെയല്ല. തെറ്റുകൾ ചൂണ്ടിക്കാണിക്കയും തിരുത്താൻ സഹായിക്കയും ചെയ്യുന്നവരെ കൂടെ നിർത്താം, കരുതൽ നൽകാം.**

**ജീവിതത്തിൽ എത്രവലിയ പ്രശ്നങ്ങൾ വന്നാലും അതിനു തീർച്ചയായും പരിഹാരങ്ങൾ ഉണ്ട്.**

**നമ്മളെ അറിയുന്നവർ ധാരാളമുണ്ടാകും. പക്ഷെ, മനസ്സിലാക്കുന്നവർ തീരെ കുറച്ചെ കാണുകയുള്ളൂ**

## ക്നായായദീപം പുതുക്കിയ പരസ്യനിരക്ക്

**ക്നാനായദീപം വരിസംഖ്യ**

| | |
|---|---|
| ഒരുവർഷം | – 200 |
| പത്തുവർഷം | – 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | – 4000 |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | – 450 |
| പേര് മാത്രം | – 350 |
| മാട്രിമോണിയൽ | – 750 |
| **ബ്ലായ്ക്ക്& വൈറ്റ്** | |
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | – 1000 |
| കാൽപേജ് | – 2000 |
| അരപേജ് | – 4000 |
| ഫുൾപേജ് | – 6000 |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | – 5000 |
| അരപേജ് | – 7500 |
| ഫുൾ പേജ് | – 12000 |
| കവർ ഇൻസൈഡ് | – 15000 |
| ബായ്ക്ക് കവർ | – 17500 |

**പരസ്യചാർജ്ജുകളും, വരിസംഖ്യയും അടയ്ക്കുന്നതിന്**

**Knanayadeepam Bank Details**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

SCAN & PAY

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com,
Whats App No. 8547584440

ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447583240, 8547584440




ആരോ തൊടുത്തുവിട്ട ചോദ്യംപോലെ ആകാശത്തിൽ സൂര്യനും കാറ്റിനും മദ്ധ്യേ ഒരു കാർമേഘശകലം പ്രത്യക്ഷപ്പെട്ടു മേഘം ചോദിച്ചു.

'നിങ്ങളിൽ ആരാണു കൂടുതൽ ശക്തിമാൻ?'

രണ്ടുപേർക്കും പെട്ടെന്ന് ഉത്തരം ഉണ്ടായില്ല. താനാണ് ഏറ്റവും ശക്തിമാനെന്ന ബോധം കാറ്റിനെന്നപോലെ സൂര്യനും ഉണ്ടായിരുന്നു. അത് ഒരു കനപ്പെട്ട ചോദ്യമാണ്. ഉത്തരം കാണാൻ എന്താണൊരു വഴി എന്ന് അവർ ആലോചിച്ചു. അപ്പോൾ താഴെ ഒരു മനുഷ്യൻ നടന്നു പോകുന്നത് കണ്ട സൂര്യൻ പറഞ്ഞു.

'ഇത് നല്ല അവസരമാണ് ആ മനുഷ്യനെ കണ്ടില്ലേ? അയാളെക്കൊണ്ട് അയാൾ ധരിച്ചിരിക്കുന്ന കോട്ട് ഊരിപ്പിക്കണം. നമ്മളിൽ ആർക്കാണ് അതു കഴിയുക എന്നു വെച്ചാൽ അയാളാണ് ഏറ്റവും ശക്തിമാനെന്ന തീരുമാനത്തിൽ എത്തുന്നതിനു വിരോധമുണ്ടോ?'

'ഇല്ല.' കാറ്റ് സമ്മതിച്ചു. ആരാണ് ആദ്യം ശ്രമിച്ച് നോക്കുന്നത്? 'താങ്കൾതന്നെ ആയിക്കോളൂ.' സൂര്യൻ കാറ്റിന് വിട്ടുകൊടുത്തു. എന്നിട്ട് മേഘത്തണലിൽ മറഞ്ഞുനിന്നു. പെട്ടെന്ന് തണുത്തകാറ്റ് വീശിത്തുടങ്ങിയതു കണ്ട് യാത്രക്കാരൻ അമ്പരന്നു. അയാൾ കോട്ടിന്റെ വശങ്ങൾ കൂട്ടിപ്പിടിച്ച് നടപ്പായി. കാറ്റിനെ അത് അരിശം കൊള്ളിച്ചു. കൂടുതൽ ശക്തിയോടെ, കൂടുതൽ തണുപ്പോടെ കാറ്റ് വീണ്ടും വീശി. അപ്പോൾ യാത്രക്കാരൻ കോട്ടിന്റെ വശങ്ങൾ രണ്ടും ശരീരത്തിനോടു കൂടുതൽ ചേർത്തുപിടിക്കുകയാണുചെയ്തത്. അവസാനം കാറ്റിന് തന്റെ ശ്രമത്തിൽനിന്നു പിൻവാങ്ങേണ്ടിവന്നു.

പിന്നെ സൂര്യന്റെ ഊഴമായി. മേഘമറവിൽ നിന്ന് പുറത്തുവന്ന് തന്റെ ഊഷ്മള രശ്മികളാൽ സൂര്യൻ യാത്രക്കാരനെ തലോടി. തണുപ്പുകാറ്റിന്റെ ശല്യമൊഴിഞ്ഞ യാത്രക്കാരന് അപ്പോൾ തോന്നിയ ആശ്വാസത്തിന് അളവുണ്ടായിരുന്നില്ല.

സൂര്യൻ തന്റെ രശ്മികളുടെ ശക്തി വർദ്ധിപ്പിച്ചു. അൽപ്പ സമയത്തിനുള്ളിൽ യാത്രക്കാരൻ കോട്ടിനെ വിടർത്തിവിട്ടു. നെറ്റിയിൽ പൊടിഞ്ഞ വിയർപ്പുതുള്ളികൾ തുടച്ചുകളഞ്ഞു. ഉഷ്ണം അസഹ്യമായപ്പോൾ അയാൾ കോട്ട് അഴിച്ചുമാറ്റുകയും അകലെയുള്ള ഒരു മരത്തിന്റെ തണലിൽ ചെന്നിരുന്നു വീശിത്തുടങ്ങുകയും ചെയ്തു.

***ക്രമത്തിൽ പ്രേരിപ്പിക്കുകയാണ് ബലം പ്രയോഗിക്കുന്നതിനെക്കാൾ ഫലപ്രദം.***

●

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**രൂത്തിന്റെ പുസ്തകത്തിൽനിന്നും**
**നവംബർ മാസത്തിലെ ചോദ്യങ്ങൾ**

1. ഏലിമേലെക്കിന്റെ നാട് ഏത്?
2. ഏലിമേലെക്കിന്റെ ഭാര്യ ആര്?
3. ഏലിമേലെക്കിന്റെ കുടുംബം മോവാബിൽ പാർത്തതെത്ര നാൾ?
4. ബേത്‌ലഹേമിൽ തിരിച്ചെത്തിയ നൊവൊമി സ്വീകരിച്ച പേരെന്ത്?
5. ഏതുകാലത്താണ് നൊവൊമി മോവാബിൽ നിന്ന് ബേത്‌ലഹേമിൽ എത്തിയത്?
6. ഏലിമലേക്കിനു മഹാധനവാനായ ഒരു ചാർച്ചക്കാരനുണ്ടായിരുന്നു - അവന്റെ പേരെന്ത്?
7. "അവർ ഇരുവരുമല്ലോ യിസ്രായേൽ ഗൃഹം പണിതത്" ആരെല്ലാം?
8. ഏഴു പുത്രന്മാരെക്കാൾ ഉത്തമയായിരുന്നവൾ ആര്?
9. ബോവസ്-രൂത്ത് ദമ്പതികളുടെ കടിഞ്ഞൂൽ പുത്രൻ ആര്?
10. ബോവസിന്റെ പിതാവ് ആര്?

**ഒക്ടോബർ മാസത്തിലെ ഉത്തരങ്ങൾ**

**ന്യായാധിപന്മാരുടെ പുസ്തകം**

1. യെഹൂദ (1:1-4)
2. അക്സ് (1:15)
3. എഹൂദ് (3:15)
4. ദെബോര (5:7)
5. യഹോവ ശാലോ (6:27)
6. സല്മോൻ മലയിൽനിന്ന് (9:48-49)
7. നോമ്പ് ദേശത്ത് (11:3)
8. ശിംശോൻ (14:16)
9. 10 വെള്ളിപ്പണവും ഉടുപ്പും (17:10)
10. മനോഹ ഭാര്യയോട് (13:22)

**NAZARETH COLLEGE OF PHARMACY**
**OTHERA,THIRUVALLA- 689546**
**Ph:9496427212, 9495237292**

**QUOTATION IS INVITED FOR THE FOLLOWING WORK.**

*** Solar Panel Installation**
*** Painting (College Building)**
Quotations forms will be available at college office is on 15/11/2024. The last date for submission of tender 30/11/2024

# St. Mary's Knanaya Church, Dublin, Ireland

## Knanaya Congress Committee



President
**Fr. Rejish Skariah**
Madhuramkottu



Vice President
**Fr. Jojo Joseph**
Puthenpurackal



Trustee
**Tiju Punnoose**
Velamkadavil



Secretary
**Ajo Elias**
Kochuparampil



Joint Trustee
**Jibu Kuruvilla Sabu**
Kappiyarusseril



Joint Secretary
**Nevil Jacob**
Thevaruzhathil

### Committee Members




**Abraham Andrews**
Mattathil
(Central Committee Member)



**Anush Kuruvilla**
Konnayil



**Bestin Baby**
Koorkakalayil



**Sabin Baby**
Marampparampil




**Jobymon**
Thazhathedathu




**Nikhil Seni**
Kandallumannil



**Kenneth Abraham**
Kanjeethara



**Abel Rajesh**
Chandrathil



**Febin Unnikunju**
Thundiyil

Advt - O

# ക്നാനായദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.

ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും,
മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി
ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

## മൊബൈൽ ആപ്പ് പരസ്യ ചാർജ്

Full page
ഒരു വർഷം -15000/-
രണ്ടു വർഷം -25000/-
Half page
ഒരു വർഷം -10000/-
രണ്ടു വർഷം -17500/-

**Bank Details**

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com,
Whats App No. 8547584440




Contact : ഫാ. ജേക്കബ് കല്ലുകുളം,
മാനേജിംഗ് എഡിറ്റർ
9447563240, 8547584440


PROJECT BY
WAKE
KNANAYA
WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com

Advt - O


CLEMIS
OFFSET PRESS
Chingavanam
0481-2430176
നമ്മുടെ സമുദായത്തിലെ
പള്ളികളുടേയും അനുബന്ധ
സ്ഥാപനങ്ങളുടേയും
അച്ചടി ജോലികൾ
(കളർ, ബ്ലായ്ക്ക് & വൈറ്റ്)
നൽകി സമുദായത്തിന്റെ
ഔദ്യോഗിക പ്രസ്സ് ആയ
ക്ലീമ്മീസ് പ്രസ്സിന്റെ
പ്രവർത്തനങ്ങളിൽ
സഹകരിക്കുക
(കളർ, ബ്ലാക്ക് &
വൈറ്റ്)
നോട്ടീസുകൾ,
ബ്രോഷറുകൾ,
സപ്ലിമെന്റുകൾ,
പ്രാർത്ഥനാ
പുസ്തകങ്ങൾ
മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ,
ചിങ്ങവനം
Ph: 9605250791



3rd Birthday in Heaven
26-11-2024
V. A. ABRAHAM
(Kunjumon)
Kizhakevettimoottil, Ranny
Love You Always Daddy
By Sorrowing Family
Advt -S

## 3-ാം ചരമവാർഷികം
04-12-2024



**റ്റി. റ്റി. രാജു**
**തെക്കേകരോട്ട്, ചിങ്ങവനം**

3-ാം ചരമവാർഷികം
08-12-2024



എ. റ്റി. പുന്നൂസ് (ബേബി)
ആഞ്ഞിലിമൂട്ടിൽ, ആനപ്രമ്പാൽ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

60-ാം ചരമവാർഷികം
18-12-2024



ചാക്കോ സ്കറിയ

7-ാം ചരമവാർഷികം
22-12-2024



തങ്കമ്മ സ്കറിയ

തെക്കേകരോട്ട്, ചിങ്ങവനം

പ്രാർത്ഥനയോടെ, സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 2 – ാം ചരമവാർഷികം
18 – 11 – 2024



**C.P. James**
**Cottackal House, Karapuzha, Kottayam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 6 – ാം ചരമവാർഷികം
1 – 12 – 2024



**ഷൈനി ഏബ്രഹാം**
**കുന്നുംപുറത്ത്, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## സ്വർഗത്തിൽ 32–ാം പിറന്നാൾ
12–11–2024



## വി.സി. സ്കറിയ
(Rtd. A.E.)

## സ്വർഗത്തിൽ 15–ാം പിറന്നാൾ
4–11–2024



## എ.സി. ചിന്നമ്മ
(Rtd. Teacher)

**വൈക്കത്തുശ്ശേരിൽ, കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

## 9–ാം ചരമവാർഷികം
17–11–2024



## കുര്യൻ കുറിയാക്കോസ്
**കണ്ണൻകുഴയത്ത്, തോണിക്കടവ്, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 6–ാം ചരമവാർഷികം
14–12–2024



# അമ്മിണി ജോസഫ്
**പള്ളിയമ്പിൽ, കുറ്റൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

34–ാം ചരമ വാർഷികം
31.12.1990



VRY. REV. .T.M. JACOB
COR - EPISCOPA

മുടികൾ മുടങ്ങെത്തൊട്ടിത്തകിടും
ബലിപീഠത്തിലിരുപ്പുള്ള
നിർമ്മലരായ് പരികർമ്മിപ്പോ
രാചാര്യർക്കവ ചൂടീടും


34–ാം ചരമ വാർഷികം
15.12.1990



MARIYAMMA JACOB

'നിൻെറ മഹത്വമുദിക്കും നാൾ
നില്ക്കണമിവർ വലഭാഗത്തിൽ'

11 –ാം ചരമ വാർഷികം
30.11.2013



MATHEW T. JACOB
(KUNJUMON)
THIRUVANANTHAPURAM

"Till we meet on that beautiful shore,
we will miss you"
our dearest Daddy - THE MATHEWS

KIZHAKKE THEVARKUZHIYIL - NUCHYIL

Advt - O

---

6 –ാം ചരമവാർഷികം
18 – 11 – 2024



**സി.ജെ. പുന്നൂസ്** (സണ്ണി)

**കോട്ടയ്ക്കൽ, കോട്ടയം**


"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

4th Birthday in Heaven
November 1, 2024
"I have fought the good fight,
I have finished the race,
I have kept the faith". -2Timothy 4:7



Abraham Skaria (Aniyan)
Thamarathu, Mannamurathy, Ranny

Inserted by: Bereaved Family

PIC•COLLAGE

Advt - O



## 40 – ാം ചരമദിനം

**20 – 11 – 2024**

# ചിന്നമ്മ ജോസ്

പഴയപീടികയിൽ, പേരൂർക്കട,
തിരുവനന്തപുരം

Advt -O

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 – ാം ചരമവാർഷികം

**14-11-2024**



Advt -S

# Thankamma Kunjachan

(കൊച്ചമ്മച്ചി )

**Planthottathil Thayil, Kallissery**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
ഞങ്ങളുടെ സ്വന്തം കൊച്ചമ്മച്ചി"

Jiju and Family

## 6 – ാം ചരമവാർഷികം

**12 – 11 – 2024**



Advt - G

# ശോശാമ്മ ജയ്ക്കബ് (ശാന്തമ്മ)

കണ്ണാടിപുഴ, ഇരുമ്പനം, എറണാകുളം

മരിച്ചവർ ജീവിച്ചിരിക്കുന്നവരേക്കാൾ സജീവരാണ് എന്ന്
തെളിയിച്ച്കൊണ്ടിരിക്കുന്ന പ്രിയപ്പെട്ട അമ്മേ... വന്ദനം, സ്നേഹം

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

17-11-2024



# N.T. SIBY (Ex. Indian Navy)

**Neduvelil Puthenpurayil, Kallissery**

By Sorrowing Family

Advt - S

## 10 - ാം ചരമവാർഷികം

13-11-2024




# JOSEPH THOMAS

(കുട്ടിയച്ചൻ)

## 9 - ാം ചരമവാർഷികം

24-10-2024



# CHINNAMMA JOSEPH

**Vattathakidiyil, Chingavanam**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 40 - ാം ചരമദിനം

05-11-2024



# Annamma Abraham (81)

**Thayyil House, Ennicadu, Eraviperoor**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 2 - ാം ചരമവാർഷികം

30-11-2024



# വിജയ് ചാക്കോ

**ചിറയിൽ, കറ്റോട്**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"


*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

**23rd Death Anniversary**
10-04-2024

**21st Death Anniversary**
24-11-2024

**6th Death Anniversary**
24-11-2024





## YESHAV CHACKO    SARAMMA CHACKO    ALEYAMMA ELIAS

### CHALUNKAL, VAKATHANAM

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



**40-ാം ചരമദിനം**
17-11-2024

## ഏലിയാമ്മ തോമസ്

മങ്ങാട്ട്, കുറിച്ചി

**ക്യപനിറയും മശിഹ!-മൃതയാം നിൻദാസി-**
**ക്കുത്ഥാനം നൽകി-നവ്യതയും സ്വർഗ്ഗേ**
**മോദവുമേ-കേ-ണം**

ഭർത്താവ് : Late. C.K. തോമസ്
മക്കൾ : സജി, രാജീവ്, ജെസ്സി, ബിൻസി
മരുമക്കൾ : സജിനി (പുറത്തേരിയിൽ), ലെനി (പള്ളിയമ്പിൽ)
സ്കറിയ (ചതുരത്തുണ്ടിയിൽ)
Late. രാജു (ക്ടായിത്തറ)
കൊച്ചുമക്കൾ : ഫാ. തോമസുകുട്ടി-റ്റിയ
ഫാ. ഷിബിൻ-രാഖി
നിശാന്ത് - രേഷ്മ
റൈനു-റിറ്റു, റീമ, റിയ-സുമിത്ത്, നിറ്റിൻ-മനു,
റൂബി-റ്റിജു, Late. റിക്കി

Advt -G



# IN LOVING MEMORY

*Dr. Kurian Jacob & Elsie Jacob*
*Ampuran*

| 9th death anniversary | ✝ | 2nd death anniversary |
|---|---|---|
| 28th Oct 2015 | | 14th Nov 2022 |

Fondly remembered & deeply missed by
Children, Grand Children
& Great Grand Children

Advt - S

## FIFTH DEATH ANNIVERSARY
24-11-2024



## T. A. ABRAHAM ( Jose)

Retired Addl. S.E., M.P.E.B.(Jabalpur)
Thayil House Thottabhagam ( Ennikadu)

**Son & Family**
T.A. Joly, Judy(Koorkakalayil)
Vinod, Seeja (Mangattu)

**Daughter & Family**
Josy, Reji (Akkarakandathil)

**Grand Children's**
Sandra, Shane
Hanaah

Jerrin, Justin

Advt - O

## 5th Anniversary in Heaven
07 – 11 – 2024



## T. T. Joseph

**Thundiyil Joby Villa**
**Manjadi, Kattode**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

By Sorrowing Family

Advt -O

## 2nd Death Anniversary
## 26-11-2024



# P.P. Mathew (Jaymon)

**Pullampallil House, Ranny**


*"The pain of grief my lessen with time but the memories of our loved one will never fade"*

With family Members
Jessy Mathew (wife) Meenu Mathew (daughter) Tino Abraham (son in law)

Advt - O

## 2 – ാം ചരമവാർഷികം

4 – 12 – 2024



Advt - O

## കെ. റ്റി. ചാക്കോ

## (കൊച്ചുചാക്കോച്ചൻ)

**കോഴിമറ്റം, ചിങ്ങവനം**

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും. എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 11.25)

*സന്തപ്ത കുടുംബാംഗങ്ങൾ*

## 13 – ാം ചരമവാർഷികം

22 – 11 – 2024



Advt -R

## പി. എം. ചാണ്ടി


**പാലക്കുടിയിൽ, ചിങ്ങവനം**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 31 – ാം ചരമവാർഷികം

22 – 12 – 2024



## Cherian Skariah

## 3 – ാം ചരമവാർഷികം

3 – 12 – 2024



## Kunjunjamma Cherian

**Kattayil House, Poovanthuruth**

## 4 – ാം ചരമവാർഷികം

5 – 12 – 2024



Advt -O

## Thomas Joseph

**Edasseril, Karikulam, Ranni**

Our heart & soul will always be wounded by your's losses.
Till we meet on beautiful shore

Sorrowing Family

# "ഒരില കൊഴിഞ്ഞെന്നു കരുതി ഒരു മരവും നിലംപതിച്ച ചരിത്രമില്ല"

റ്റി.കെ. തോമസ്, തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

പ്രതീക്ഷകളും, സ്വപ്നങ്ങളും, സന്തോഷവും, എപ്പോളും നമ്മെ നോക്കിപ്പാർത്തിരിക്കുമെന്ന് കരുതരുത്. അപ്രതീക്ഷിതമായും, പലതും നമ്മുടെ ജീവിതത്തിൽ സംഭവിക്കാം. അവയൊക്കെയും നമ്മൾ എങ്ങനെ അഭിമുഖീകരിക്കുന്നു എന്നതാണ് നമ്മുടെ ജീവിതത്തിന്റെ രഹസ്യം. ഒന്നും നമ്മുടെ നാശത്തിന്റെ ആരംഭമല്ല, എല്ലാം ജീവിതത്തിന്റെ ഭാഗങ്ങൾ മാത്രം, ഒരു പൂർണ്ണ മനുഷ്യനായി നമ്മെ മാറ്റുന്ന അനുഭവ പരിചയങ്ങൾ മാത്രം. എല്ലാ പ്രതിസന്ധികളേയും, സമചിത്തതയോടും, ധൈര്യത്തോടും അഭിമുഖീകരിക്കുക. പിൽക്കാലത്ത് നമ്മൾ പിറകോട്ട് നോക്കുമ്പോൾ അത് നമ്മൾക്ക് തന്നെയാണോ, സംഭവിച്ചതെന്ന് ഓർത്ത് അത്ഭുതം കൂറും. അതെ! ഒന്നും, നമ്മളെ വീഴ്ത്താനല്ല, പുതിയ ഇലകൾ തളിരിട്ടു വളർത്താനാണ്. ഓരോ മരണവും എന്താണ് നമുക്ക് തരുന്ന സന്ദേശം? നമുക്കും ഇങ്ങനെയൊരു ദിനം ആഗതമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ വഴി തെറ്റായ പാതയിലാണെങ്കിൽ അത് തിരുത്തി ശരിയായ വഴിയിൽ ചരിക്കേണ്ട അത്യാവശ്യകഥ നമ്മെ ഗൗരവപൂർവ്വം ഓർമ്മിപ്പിക്കുകയാണ് ഓരോ മരണവും. നാം അറിയാതെ നമുക്ക് ലഭിച്ചിരിക്കുന്ന, അതുല്യ, അസുലഭ, സമ്മാനമാണ് ജനനവും അതിന്റെ പൂർത്തീകരണമായ ജീവിതവും! അമ്മയുടെ ഉദരത്തിലുരുവാകുന്നതിനുമുമ്പ് ദൈവിക പദ്ധതിയിൽ ജനിച്ചവരാണ് നമ്മൾ. യഥാർത്ഥത്തിൽ നാം ദൈവത്തിൽ നിന്നുള്ളവരാണ്. ദൈവം നമ്മളെക്കുറിച്ച് രൂപപ്പെടുത്തിയ തിരക്കഥയുണ്ട്. അതിനപ്പുറം നമുക്ക് പോകാൻ കഴിയുമോ? അമ്മയുടെ ഉദരത്തിൽ ഉരവാകുന്നതിന് മുമ്പെ നിന്നെ കണ്ടിരിക്കുന്ന ഒരു ദൈവത്തെക്കുറിച്ച്, വി. ബൈബിൾ പറയുന്നു. അവന് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ടെന്നും, അത് നിന്റെ നാശത്തിനല്ല, പ്രത്യുത, നിന്റെ ക്ഷേമത്തിനുവേണ്ടിയുള്ളതാണെന്നും ദൈവത്തിന്റെ ഇംഗിതം മനുഷ്യകുലത്തെ അറിയിക്കുന്നു. യഥാർത്ഥത്തിൽ ഒരു പദ്ധതി പൂർത്തീകരണത്തിനുവേണ്ടിയാണ് നമ്മൾ ഭൂമിയിൽ വന്നിരിക്കുന്നത്. ഭൂമിയിൽ വന്നു ഇതൊക്കെ കണ്ടും, കേട്ടും പേകാൻ ലഭിച്ച മഹാഭാഗ്യത്തെ ഓർത്ത് എനിക്ക് ദൈവത്തോട് വലിയ നന്ദിയുണ്ട്. ഇത് എന്റെ മാത്രം അവസ്ഥയല്ല, എല്ലാ പ്രിയപ്പെട്ടവർക്കും ബാധകമാണ്. നമുക്ക് ഇച്ഛാശക്തി നൽകപ്പെട്ടിട്ടുണ്ട്, എങ്ങനെ ജീവിക്കണം, ആരെ സ്വീകരിക്കണം എന്നൊക്കെ തീരുമാനിക്കേണ്ടതു നമ്മളാണ്. നമ്മൾ എങ്ങനെ ജീവിക്കുന്നു എന്ന കാര്യം വളരെ പ്രസക്തമാണ്. നമുക്ക് കിട്ടിയിരിക്കുന്ന സമയം വളരെ കുറവാണ്. സെക്കന്റ് സൂചി ഓടുന്നതു കാണുമ്പോളാണ് സമയം പോകുന്ന വേഗത മനസ്സിലാക്കുന്നത്, വെറുതെ പാഴായിപോകുന്ന സമയത്തെ ഓർക്കുമ്പോൾ നമുക്ക് നഷ്ടബോധം തോന്നണം. എന്താണ് ഈ ലോകജീവിതത്തിൽ ഒരു വ്യക്തിയുടെ നഷ്ടം? ഇതൊരു പ്രധാന ചോദ്യമാണ്. പലർക്കും അതിന് അവരുടെ വ്യക്തിപരമായ വീക്ഷണത്തിൽ ഉത്തരം കൊടുക്കാൻ കഴിയും, അതവരുടെ കാഴ്ചപ്പാടിൽ ശരിയുമായിരിക്കും. പെട്ടെന്ന് മനസ്സിൽ വരുക, ഭൗതികതയുടെ നഷ്ട സ്വർഗ്ഗങ്ങളായിരിക്കാം. ഭൗതികതയിൽ തിളങ്ങി നിൽക്കാനുള്ള അവസരങ്ങളുടെ സാധ്യതക്കുറവായിരിക്കാം. എന്തെല്ലാം, എന്തെല്ലാം കാര്യങ്ങൾ നമ്മുടെയൊക്ക മനോമുഖരത്തിലൂടെ കടന്നുപോയിരിക്കുന്നു. എല്ലാ നല്ല അനുഭവങ്ങളും ദൈവകൃപയാണെന്ന് അംഗീകരിച്ചു ജീവിക്കുന്നത് തീർച്ചയായും ജീവിത സന്തുഷ്ടി തരുന്ന കാര്യം തന്നെയാണ്. പക്ഷെ ഇതിന്റെയൊക്കെ അഭാവമോ, കുറവുകളോ, നഷ്ടമാണെന്ന് പറയാൻ കഴിയില്ല. പിന്നെ എന്താണ്, എവിടെയാണ് നഷ്ടം, നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത്? അധാർമികതയിൽ മുങ്ങി ആത്മാവിനെ നഷ്ടപ്പെടുത്തുമ്പോൾ വ്യക്തി നഷ്ടപ്പെടുന്നു. നഷ്ടത്തിൽ ജീവിക്കുന്ന വ്യക്തിയായി അങ്ങനെയുള്ളവർ മാറ്റപ്പെടും. എന്തു നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ, അത് സൃഷ്ടാവിനെപ്പോലും ദുഃഖിപ്പിക്കുന്നു. ജീവിത യാത്രയിൽ ചില അടിസ്ഥാന പ്രമാണങ്ങളൊക്കെ നമ്മൾ മറന്നുപോകുന്നു, പക്ഷെ മറവി ഒഴിവുകഴിവല്ല.


## വസ്തു വില്പനയ്ക്ക്

പള്ളം SNDP യ്ക്ക് താഴ്‌വശം റോഡ് സൗകര്യവും, Water front ഓടുകൂടിയ 13½ സെന്റ് വീതമുള്ള 2 plots വീട് വയ്ക്കാനും, ബിസിനസ്സിനും പറ്റിയ സ്ഥലം ഉടൻ വില്പനയ്ക്ക്.

**Contact No. 9288190298, 8075512326**

## വസ്തു വില്പനയ്ക്ക്

ചിങ്ങവനം ജംഗ്ഷനിൽനിന്ന് 150 മീറ്ററും മാർക്കറ്റിൽനിന്ന് 100 മീറ്ററും ദൂരത്തിൽ ജല ലഭ്യതയുള്ള 24 സെന്റ് സ്ഥലം വില്പനയ്ക്ക്.

**Mob. 9447021160**

# ശബ്ദമുണ്ടാക്കുന്ന ചില കാര്യങ്ങൾ

**റ്റി.യു. ജോസ് തൈത്ര, കുറിച്ചി**

**2024** സെപ്റ്റംബർ ８-ാം തീയതി ഞായറാഴ്ച മലയാള മനോരമ ദിനപത്രത്തിലെ സൺഡേ സപ്ലിമെന്റിൽ ഇന്നത്തെ ചിന്താവിഷയത്തിൽ എ.രോ ഹിണി തിരുന്നാൾ ശബ്ദമലീകരണത്തെപ്പറ്റിയാണ് പ്രതിവാദിച്ചിരിക്കുന്നത്. “ശബ്ദമുണ്ടാക്കുന്ന ചില കാര്യങ്ങൾ” എന്ന തലകെട്ടിൽ വിജ്ഞാനപ്രദമായ ചിന്താവിഷയം. നമ്മുടെ അനുദിന ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയാണ്.” ഘോരശബ്ദം കൊണ്ട് പൗരജനങ്ങളെ അലോസരപ്പെടുത്താതിരിക്കുന്നതാണ് സംസ്ക്കാരം എന്ന മിക്കരാജ്യങ്ങളും തിരിച്ചറിയുന്നു. നിർഭാഗ്യവശാൽ ശബ്ദങ്ങൾ ആഘോഷിക്കുന്നവരാണ്. നാം. കേൾവി നഷ്ടവും. ഹൃദ്രോഗവും ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് അമിത ശബ്ദവും, കഠിന ശബ്ദവും കാരണമാകുമെന്ന് ഏറെ കാലമായി ലോകാരോഗ്യ സംഘടന ഓർമ്മപ്പെടുത്തുന്നുണ്ട്. ശബ്ദമലിനീകരണമെന്ന് കൊലയാളിയെപ്പറ്റി നമുക്കത്ര വിചാരമില്ല എന്നതാണ് സത്യം. ഉച്ചഭാഷണം ഭക്ഷണമാക്കി ജീവിക്കുകയാണ് നാമിപ്പോഴുമെന്ന് ലേഖിക പറയുന്നു. യൂറോപ്യൻ പരിസ്ഥിതി ഏജൻസിയുടെ കണക്കു പ്രകാരം അമിത ശബ്ദം മൂലം കാലമെത്താതെയുള്ള 12000 മരണങ്ങൾ പ്രതിവർഷം സംഭവിക്കുന്നു. ഇതേ കാരണത്താൽ 48000 പേർക്ക് ഹൃദയരോഗങ്ങൾ ഉണ്ടാകുന്നു. പല യൂറോപ്യൻ രാജ്യങ്ങളിലും ശബ്ദമലിനീകരണ നിയന്ത്രണനിയമം 1986 മുതലെ നടപ്പിലാക്കി കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്തും ഈ നിയമമൊക്കെ ഉണ്ടെങ്കിലും ആരും ഇത് ഗമിക്കുന്നില്ല.

നമ്മുടെ മിക്ക ദൈവാലയങ്ങളിലും ഈ ശബ്ദമലിനീകരണം കാണുവാൻ സാധിക്കും. ഓരോ ദൈവാലയത്തിന്റെയും വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും ആളുകളുടെ എണ്ണത്തിനും അനുസൃതമായിട്ട് ഉച്ചഭാഷിണിയുടെ ശബ്ദം sound engineer ന്റെയോ മറ്റ് വിദഗ്ധരുടെയോ നിർദ്ദേശ പ്രകാരം ക്രമീകരിച്ചാൽ ഈ ബുദ്ധിമുട്ട് നമുക്ക് പരിഹരിക്കാൻ സാധിക്കും. ചില ദൈവാലയങ്ങളിൽ ക്വയറിന്റെയും ഓർഗൻ മുതലായ ഇൻസ്ട്രമെന്റിന്റെയും ശബ്ദം ബലി അർപ്പിക്കുന്ന പുരോഹിതന്റെയും ശബ്ദത്തെക്കാളും മുകളിലാണ്.

പരിശുദ്ധ കുർബ്ബാനയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണല്ലോ ഖണ്ഡിപ്പിന്റെ ശുശ്രൂഷ മദ്ബഹായിൽ നടക്കുന്നത്. തിരിശ്ശീലക്കുള്ളിൽ ഗോഗുൽ ത്തായിലെ ബലിയുടെ ഭയങ്കരവും രക്ഷാകരവുമായ നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവം, കുരിശുമരണം, കബറടക്കം, ഉയർത്തെഴുന്നേൽപ്പ് ഇവയുടെ അനുസ്മരണമാണ് നടക്കുന്നത്. ഈ സമയത്ത് മറുവാസയും ചെറുമണിയുമൊക്കെ ചലിപ്പിച്ച് ശബ്ദം മുണ്ടാക്കുന്നത് മാലാഖമാരുടെ സ്തുതിപ്പുകളും ചിറകടി ശബ്ദമായിട്ടാണ് പിതാക്കന്മാർ വ്യാഖ്യാനിച്ചിരിക്കുന്നത്. അനുതാപത്തോടും ഭക്തിയോടുംകൂടി വിശ്വാസികൾ നിൽക്കേണ്ട സമയമാണിത്. മാലാഖമാരുടെ സ്തുതിപ്പിന്റെയും ചിറകടിയുടെയും ശബ്ദമാകുന്ന മറുവാസായുടെയും മണിയുടെയും ശബ്ദം കേൾക്കുമ്പോൾ വിശ്വാസികൾ കുരിശ് വരച്ച് നിൽക്കേണ്ടതാണ്. എന്നാൽ നിർഭാഗ്യവശാൽ ചില ദൈവാലയങ്ങളിൽ ക്വയറിന്റെയും ഓർഗന്റെയുമൊക്കെയുള്ള ഘോരശബ്ദംകൊണ്ട് ഇത് കേൾക്കുവാൻ സാധിക്കുന്നില്ലെന്ന് വിശ്വാസികൾ പറഞ്ഞ് കേൾക്കാറുണ്ട്. വലിയ ഗാനമേള സദൃശ്യത്തിൽ ക്വയർ പാടുന്നതിന് പകരം അനുതാപത്തിലും ധ്യാനമയമായി അൽപം ശബ്ദം ഒക്കെ കുറച്ച് വിശ്വാസികൾക്ക് അനുതാപം ഉണ്ടാകത്തക്കവണ്ണം അവരെ കൂടി ഉൾപ്പെടുത്തി ഗീതങ്ങൾ ആലപിക്കുന്നത് അനുഗ്രഹമായിരിക്കും.

നമ്മുടെ ആരാധനകളിലും മറ്റ് ശുശ്രൂഷകളിലും സമ്മേളനങ്ങളിലുമൊക്കെ നമുക്കും, മറ്റ് പൊതുജനങ്ങൾക്കുമൊക്കെ ശബ്ദ മലിനീകരണത്തിന്റെ ദോഷങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നത് ഉത്തമമായിരിക്കും. ശബ്ദമലിനീകരണം ഉണ്ടാകുന്നവർക്കും അത് ശ്രവിക്കുന്നവർക്കും തങ്ങളുടെ ആരോഗ്യത്തിന് അത് ഏറ്റവും ദോഷകരമായിരിക്കുമെന്ന് മനസ്സിലാക്കി പ്രവർത്തിക്കുന്നത് ഉചിതമായിരിക്കും. ●




**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**മറിയാമ്മ, മഴുക്കീർ**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി, കോട്ടയം**

---

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**

പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. **ജോ, റാന്നി**

# രോഗി സന്ദർശനം

ക്നാനായ ദീപം ലൈബ്രറി

രോഗികളെ സന്ദർശിക്കുക, അവരെ ആശ്വസിപ്പിക്കുക എന്നത് പരസ്നേഹപ്രവൃത്തിയായി നാമെല്ലാവരും കണക്കാക്കുന്നുണ്ട്. എന്നാൽ, നമ്മുടെ സന്ദർശനത്തിനുശേഷം രോഗിക്ക് രോഗം മൂർച്ഛിച്ചാലോ? അതു കഷ്ടം തന്നെ! നാം രോഗിയെ സന്ദർശിക്കുന്നതിന്റെ പ്രധാന ഉദ്ദേശം അയാളെ സമാശ്വസിപ്പിക്കുക, നമ്മുടെ സ്നേഹം അറിയിക്കുക, രോഗം ഭേദമാകാൻ നമ്മുടെ സാന്നിദ്ധ്യം കൊണ്ട് സഹായിക്കുക എന്നതൊക്കെയാണ്. എന്നാൽ, ചില ആളുകൾ 'ഞാൻ ചെന്നില്ലെങ്കിൽ രോഗി എന്തു കരുതും എന്തു ചിന്തിക്കും'? എന്നുള്ള സ്വാർത്ഥചിന്തയോടുകൂടി സന്ദർശനം നടത്താറുണ്ടെന്നത് മറച്ചുവെച്ചിട്ടു കാര്യമില്ല.

നമ്മുടെ സാന്നിദ്ധ്യം കൊണ്ട് രോഗിക്കും ബന്ധുജനങ്ങൾക്കും അല്പമെങ്കിലും ആശ്വാസം കിട്ടുന്നതിന് ചില കാര്യങ്ങളൊക്കെ ശ്രദ്ധിക്കുന്നത് നന്നായിരിക്കും. രോഗിയെ കാണുന്നതിന് തെരഞ്ഞെടുക്കുന്ന സമയം പ്രധാനപ്പെട്ടതാണ്. ആശു പത്രിയിലാണ് രോഗിയെങ്കിൽ നിശ്ചിത സമയം സന്ദർശനത്തിനു മാറ്റിവെയ്ക്കപ്പെട്ടിട്ടുണ്ട്. രോഗി ഉറങ്ങുന്ന സമയം, ക്ഷീണിതനായി കിടക്കുന്ന സമയം, വേദനകൊണ്ടു പുളയുന്ന അവസരങ്ങൾ ഇവ സന്ദർശനത്തിനു പറ്റിയവയല്ല. ബന്ധുജനങ്ങളോട് രോഗവിവരം തിരക്കി അറിയുകയും അവരെ ആശ്വസിപ്പിക്കയും ചെയ്തിട്ട് സ്ഥലം വിടുകയാണ് ഈ അവസരങ്ങളിൽ അഭികാമ്യം. ഉറങ്ങിക്കിടക്കുന്ന രോഗിയെ തട്ടിയുണർത്തി തന്റെ സന്ദർശനം അറിയിക്കേണ്ട കാര്യമില്ല. പൂർണ്ണ വിശ്രമം ആവശ്യമുള്ള രോഗികളെ സന്ദർശിക്കുമ്പോൾ അവരുമായി നർമ്മസംഭാഷണം ചെയ്യാൻ മുതിരരുത്. കൂടെ നില്ക്കുന്നവരോട് വിവരങ്ങൾ ആരാഞ്ഞാൽ മതി.

രോഗിയുമായി തികഞ്ഞ ബന്ധം പുലർത്തുന്ന രീതിയിലായിരിക്കണം നമ്മുടെ നിൽപ്പും നോട്ടവുമെല്ലാം. രോഗിക്ക് ഏറ്റവും സൗകര്യപ്രദമായി നമ്മെ കാണുന്നതിനും സംസാരിക്കുന്നതിനും പറ്റിയ പൊസിഷനാണ് നാം കൊകൊള്ളേണ്ടത്. കട്ടിലിന്റെ പുറകിൽ പോയി നിന്നാൽ രോഗിക്ക് തല വെട്ടിച്ചു നമ്മെ കാണാൻ ബുദ്ധിമുട്ടാകും. പരസ്പരം സുഗമമായി കാണാവുന്ന നിലയാണ് ഉത്തമം. രോഗിയുയുമായി കൂടുതൽ ബന്ധം സ്ഥാപിക്കാൻ സ്പർശനം ഉതകുമെങ്കിൽ അതു നല്ലതുതന്നെ. രോഗിയുടെ മുറിയിൽ ചെന്നിട്ട് അവിടെയുള്ള മറ്റു സന്ദർശകരും ബന്ധുക്കളുമായി ഉച്ചത്തിൽ സംസാരിക്കുന്നതും രാഷ്ട്രീയ സാമുദായിക പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതും, പുകവലിക്കുന്നതും, മൂക്കുപിഴിയുന്നതും രോഗിയ്ക്ക് അരോചകമാകാൻ സാദ്ധ്യതയുണ്ട്. നമ്മുടെ സന്ദർശനം ചെറുതാണെങ്കിലും ഊഷ്മളമാക്കാനാണ് നാം ശ്രമിക്കേണ്ടത്. അതു രോഗത്തിന്റെ നിലയും, ആശുപത്രിനിയമങ്ങളും കണക്കിലെടുത്തുകൊണ്ടു വേണംതാനും.

രോഗിയെ സന്ദർശിക്കുമ്പോൾ എന്തെങ്കിലും സമ്മാനം നൽകുന്ന പതിവ് യൂറോപ്യൻ രാജ്യങ്ങളിലുണ്ട്. പൂക്കളാണ് സാധാരണ നൽകുന്ന സമ്മാനം. യൂറോപ്പിലെ ആശുപത്രികളുടെ മുമ്പിൽ സാധാരണയായി പൂക്കടകൾ കാണും. രോഗിക്കു പ്രിയപ്പെട്ട പൂക്കൾ സന്ദർശകർ വാങ്ങിച്ചുക്കൊടുക്കുന്നു. പരിചരിക്കുന്ന നേഴ്സ് അതു പാത്രത്തിലാക്കി രോഗിയുടെ മുറിയിൽ വെക്കുന്നു. അതുപോലെ പത്രമാസികകളും സുഗന്ധദ്രവ്യങ്ങളും മധുരപലഹാരങ്ങളും പഴവർഗ്ഗങ്ങളും സന്ദർശകർ രോഗിക്കു സമ്മാനമായി കൊണ്ടുചെല്ലാറുണ്ട്. നമ്മുടെ നാട്ടിൽ ഇതത്ര സാധാരണമെല്ലെങ്കിലും രോഗിക്കും അതു സന്തോഷമുണ്ടാക്കുമെന്ന് ബോദ്ധ്യമുണ്ടെങ്കിൽ ചെറിയ സമ്മാനങ്ങൾ നൽകുന്നതിൽ കുഴപ്പമില്ല. എന്നാൽ, ഭക്ഷണസാധനങ്ങൾ രോഗിയെ ഏല്പിക്കുന്നതിനു മുമ്പായി ശുശ്രൂഷിക്കുന്ന നേഴ്സിന്റെ അനുവാദം ചോദിക്കുന്നതു വിവേകമാണ്. ചില ഭക്ഷ്യപദാർത്ഥങ്ങൾ രോഗിക്ക് നിഷിദ്ധമായിരിക്കും. നിർദ്ധനരായ രോഗികളെയാണ് നാം സന്ദർശിക്കുന്നതെങ്കിൽ നമ്മുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് സഹായങ്ങൾ നൽകുന്നത് ശ്ലാഘനീയമാണ്. എന്നാൽ, നമ്മുടെ സാന്നിദ്ധ്യവും സന്ദർശനവും രോഗിക്ക് നൽകുന്ന ഏറ്റവും വലിയ സമ്മാനമാക്കിത്തീർക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്.

രോഗികളുമായുള്ള സംഭാഷണങ്ങളിലും നാം സൂക്ഷിക്കേണ്ടതുണ്ട്. രോഗി അവശനിലയിലാണെങ്കിൽ രോഗവിവരങ്ങൾ, കൂട്ടത്തിൽ ശുശ്രൂഷയ്ക്കായി നിൽക്കുന്ന ആളോട് ചോദിക്കുകയാണുത്തമം. രോഗിയുമായി കുറച്ചു സംസാരിക്കുകയും കണ്ണുകൾകൊണ്ടും, സ്പർശനംകൊണ്ടും നമ്മുടെ സാന്നിദ്ധ്യം രോഗിക്ക് ആശ്വാസ പ്രദമാക്കിത്തീർക്കുകയുമാണ് കരണീയം. രോഗത്തിന്റെ ഗുരുതര സ്വഭാവത്തെപ്പറ്റിയോ, ശുശ്രൂഷയുടെ കുറവിനെപ്പറ്റിയോ, രോഗത്തിന്റെ വരുംവരായ്കകളെക്കുറിച്ചോ, ഡോക്ടറുടെ കഴിവുകേടുകളേക്കുറിച്ചോ ഉള്ളചർച്ചകൾ രോഗിയുടെ സാന്നിദ്ധ്യത്തിൽ ഒഴിവാക്കേണ്ടതാണ്. പലപ്പോഴും നാം അതിൽ ശ്രദ്ധിക്കാറില്ല. 'ഭാഗ്യംകൊണ്ടു രക്ഷപ്പെട്ടതാണ്. ആളു കായേണ്ടതായിരുന്നു. 'ഈ ഡോക്ടർക്ക് ഓപ്പറേഷനിൽ പല കൈപ്പിഴകളും പറ്റിയിട്ടുണ്ട്.' 'ഈ വയറ്റുവേദന പല കോംപ്ളിക്കേഷനും ഉണ്ടാക്കിയേക്കാം വയസ്സായാൽ മരിക്കാനൊരു കാരണം വേണമല്ലോ,' തുടങ്ങിയ സംസാരങ്ങൾ സന്ദർശകർ തട്ടിവിടാറുണ്ട്. അവ രോഗിയുടെ ധൈര്യത്തെയും ആത്മവിശ്വാസത്തെയും കെടുത്തുന്നതാണ്.

രോഗിയെ സന്ദർശിക്കുന്ന വേളയിലുള്ള ഓരോ വാക്കും ആത്മാർത്ഥത നിറഞ്ഞതായിരിക്കണം. ഉള്ളിൽ തോന്നാത്ത ആഹ്ളാദവും അനുകമ്പയും പൊള്ളവാക്കുകളും കഴിവതും ഒഴിവാക്കണം. ഒരുതലോടലോ നെറ്റിയിൽ സ്പർശിക്കുന്നതോ കൈയിൽ പിടിക്കുന്നതോ ഒക്കെ രോഗിക്ക് ആശ്വാസം നൽകിയേക്കാം. പനിയുണ്ടെന്നു പറയുമ്പോൾ നെറ്റിയിൽ സ്പർശിച്ചു നോക്കുന്നത്. വളരെസ്വഭാവികമാണ്. എന്നാൽ, 'എവിടെയാണ് വേദന' എന്നു ചോദിച്ച് പലയിടത്തും ഞെക്കി നോക്കുന്നതും ഓപ്പറേഷൻ നടത്തിയ സ്ഥലം തേടി വസ്ത്രങ്ങൾക്കുള്ളിൽ നിർബന്ധപൂർവ്വം തെരയുന്നതും അരോചകമാണ്. ചില പ്രത്യേക രോഗങ്ങളെപ്പ

റ്റിയും ഓപ്പറേഷനെപ്പറ്റിയും വിശദീകരിച്ചു പറയാൻ രോഗിക്ക് ബുദ്ധിമുട്ടുള്ളപ്പോൾ കിള്ളിക്കിഴച്ചു ചോദിക്കുന്നതു ശരിയല്ല. രോഗിക്ക് എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ അതു ചെയ്തുകൊടുക്കാൻ തയ്യാറാണെന്നു രോഗി അറിയുന്നത് നല്ലതാണ്. വീട്ടിൽ വിവരം പറയുകയോ മെഡിക്കൽഷോപ്പിൽനിന്ന് മരുന്നു വാങ്ങിച്ചു കൊടുക്കുകയോ, ഓഫീസിൽനിന്ന് അവധിഫാറം വാങ്ങിച്ചു കൊടുക്കുകയോ ആവാം. ഈ സഹായങ്ങൾ, അതുപോലെ രോഗം ഭേദമാകാൻ പ്രത്യേകം പ്രാർത്ഥനകൾ വാഗ്ദാനം ചെയ്യുന്നതും നല്ലതുതന്നെ.

രോഗിയുടെ മുറി സൽക്കാരസ്ഥലമാക്കിത്തീർക്കരുത്. രോഗിയെ സന്ദർശിക്കുന്നവർ അവിടെനിന്നും കാപ്പിയോ ലഘുഭക്ഷണങ്ങളോ പ്രതീക്ഷിക്കേണ്ടതില്ല. അതു ലഭിക്കാതിരുന്നാൽ ആതിഥ്യത്തിന്റെ കുറവായി കണക്കാക്കുകയുമരുത്. എന്നാൽ, രോഗി വല്ല ചോക്ലേറ്റോ ഓറഞ്ചോ വെച്ചുനീട്ടിയാൽ സ്വീകരിക്കുകയായിരിക്കും രോഗിക്കു സന്തോഷം.

മരണാസന്നനായ രോഗിയെ സന്ദർശിക്കുന്നത് വളരെ വേദനാജനകമാണ്. രോഗം മാരകമാണെന്ന് രോഗിയെ അറിയിക്കേണ്ട ചുമതല സന്ദർശകന്റേതല്ല. അതു വേണ്ടപ്പെട്ടവർ ചെയ്തുകൊള്ളും. രോഗത്തിന്റെ ഗൗവരവത്തെക്കുറിച്ച് ബോധവാനായ, രോഗിയെ സന്ദർശിക്കുമ്പോൾ അയാളുടെ പ്രതീക്ഷയുടെ കവാടങ്ങളെ കൊട്ടിയടയ്ക്കുന്ന വിധത്തിലുള്ള സംസാരമോ വിങ്ങിപ്പൊട്ടലോ നാം പ്രകടിപ്പിക്കരുത്. രോഗിക്കു നിരാശയോ, വെറുപ്പോ, സർവ്വരാലും പരിത്യക്തനായെന്ന തോന്നലോ ഉണ്ടാകാതെ സ്നേഹപൂർവ്വമായ രീതിയിൽ ഇടപെടണം. രോഗത്തിന്റെ അന്ത്യം മരണമാണെന്ന വസ്തുത നമുക്കറിവുള്ളപ്പോൾ, അയാളുടെ സഹനത്തിൽ നാം പ്രകടിപ്പിക്കുന്ന സഹാനുഭൂതി വളരെ ഹൃദ്യമായിരിക്കണം. നാം സാധിക്കുന്നതെല്ലാം ചെയ്യുമെന്നും അയാൾ ഉപേക്ഷിക്കപ്പെടുകയില്ലെന്നും പ്രതീക്ഷയുടെ നേരിയ രേഖകൾ ഇനിയും ഉണ്ടെന്നുള്ളബോധം രോഗിക്കുണ്ടാവുമ്പോൾ, അന്ത്യനിമിഷങ്ങളെ തരണം ചെയ്യുന്നതിനുവേണ്ട ശക്തി അയാൾക്കു ലഭിച്ചേക്കും. മരണാസന്നനായി രോഗിക്ക് അധികം താല്പര്യങ്ങൾ ഉണ്ടായിരിക്കുകയില്ല. അയാൾ ഏകാന്തത ഇഷ്ടപ്പെടും. സന്ദർശകരിൽ വലിയ താൽപര്യമോ അവരുമായി സംസാരിക്കുന്നതിൽ സന്തോഷമോ പ്രകടിപ്പിക്കുകയില്ല. സംസാര രീതി വാക്കുകളിലൂടെ എന്നതിലധികം ആംഗ്യത്തിലൂടെയാകും. സന്ദർശകുടെ കൈ മുറുക്കിപ്പിടിച്ച് നിശബ്ദരായിരിക്കാൻ താല്പര്യപ്പെടും. മരണാസന്നരെ സന്ദർശിക്കുന്നവർ അർത്ഥവത്തായ ആശയവിനിമയത്തിന്റെ നിമിഷങ്ങളായി ഇവയെ കണക്കാക്കി, തങ്ങൾ അയാളോടുകൂടി അന്ത്യംവരെ ഉണ്ടായിരിക്കുമെന്ന് ഉറപ്പുകൊടുക്കുന്ന വിധത്തിൽ പെരുമാറേണ്ടതാണ്.

രോഗിയുടെ രോഗം ഭേദമാകുന്നതിനുള്ള ഒരുപാധിയായിരിക്കണം നമ്മുടെ സന്ദർശനം. രോഗാവസ്ഥയിൽ ഏതൊരു മനുഷ്യനും വിഷാദാത്മകത്വം ഏറിയിരിക്കും, പ്രത്യേകിച്ചു ഓപ്പറേഷനായി ഒരുങ്ങുന്ന രോഗികൾ, സന്ദർശകർ ഈ കാര്യം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. രോഗിയുടെ വ്യാധിയോടൊപ്പമുള്ള ആദിയെ കുറയ്ക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്, അല്ലാതെ അതുമിതും വിളിച്ചു പറഞ്ഞ് കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിക്കാനല്ല, രോഗി ഒരു മനുഷ്യവ്യക്തിയാണെന്നും ആ വ്യക്തിയെ നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുവെന്നും രോഗി മനസ്സിലാക്കിയാൽ അതുവഴി രോഗചികിത്സയിൽ നാം സഹകാരികളാവുകയാണ്. ഡോക്ടറോടും, നേഴ്സിനോടുമൊപ്പം രോഗശാന്തി കൈവരിക്കുന്നതിൽ നമ്മുടെ സന്ദർശനത്തിനും ഒരു നിർണ്ണായക പങ്കുണ്ടെന്നു നാം മനസ്സിലാക്കുകയും അതിനായി ബോധപൂർവ്വം ശ്രമിക്കുകയും ചെയ്യേണ്ടതാണ്. എങ്കിൽ നമ്മടെ സന്ദർശനം യഥാർത്ഥത്തിലുള്ള ഒരു ഉപവി പ്രവൃത്തിയാകും. ●

# യഹോവയുടെ സംയുക്ത നാമങ്ങൾ

1. **യഹോവ-യിരേ** = യഹോവ കരുതിക്കൊള്ളും (ഉല്പ. 22:14)
2. **യഹോവ-നിസ്സി** = യഹോവ എന്റെ കൊടി (പുറ. 17:15)
3. **യഹോവ-ശാലോം** = യഹോവ നമ്മുടെ സമാധാനം (ന്യായാ. 6:24)
4. **യഹോവ-സബാവോത്ത്** = സൈന്യങ്ങളുടെ യഹോവ (സങ്കീ. 68:12, 104:4, 148:2, മത്താ. 26:53). “സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം” (യെശ. 47:4; 48:2; 51:15; 54:5) യിരെമ്യാവിൽ 80 പ്രാവശ്യവും, ഹഗ്ഗായിൽ 14 പ്രാവശ്യവും, സെഖര്യാവിൽ 53 പ്രാവശ്യവും, മലാഖിയിൽ 25 പ്രാവശ്യവും ഈ നാമം ഉപയോഗിച്ചിട്ടുണ്ട്.
5. **യഹോവ-മക്കാദെഷ്‌ക്കേം** = നിന്നെ വിശുദ്ധീകരിക്കുന്ന യഹോവ (പുറ. 31:12). പുറപ്പാടിൽ ആദ്യമായി കാണുന്ന ഈ നാമം ലേവ്യാപുസ്തകത്തിൽ 7 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (20:8, 21:8, 15, 23; 22:9; 16:32)
6. **യഹോവ-രോഹി (റാ)** = യഹോവ-ഇടയൻ (സങ്കീ. 23:1)
7. **യഹോവ-സിദ്കെനു** = യഹോവ നമ്മുടെ നീതി (യിരെ. 23:6)
8. **യഹോവ-ശമ്മാ** = യഹോവ അവിടെ അഥവാ യഹോവ സന്നിഹിതൻ
9. **യഹോവ-റാഫാ** = യഹോവ നമ്മുടെ സൗഖ്യദായകൻ (പുറ. 15:26)




# ക്രൈസ്തവ കാഴ്ചപ്പാടിൽ ആരാധനയുടേയും ദൈവാലയത്തിന്റേയും പ്രസക്തിയെന്ത്?

ദൈവം സർവ്വ വ്യാപിയും, സർവ്വശക്തനും, സർവ്വജ്ഞാനിയും ആകയാൽ ദൈവത്തെ ആരാധിക്കുന്നതിന് പ്രത്യേക സ്ഥലവും സമയവും ആവശ്യമുണ്ടോ? അവരവരുടെ സമയവും സൗകര്യവും അനുസരിച്ച് പ്രാർത്ഥിച്ചാൽ പോരേ? ദൈവം മനുഷ്യനോട് ആരാധന ആവശ്യപ്പെട്ടിട്ടുണ്ടോ? കൂട്ടായ്മ അഥവ ഫെലോഷിപ്പിന്റെ ആവശ്യം എന്ത്? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ വിശ്വാസികളിൽ നിന്നു തന്നെ കേൾക്കുവാനിടയായിട്ടുണ്ട്. ആയതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ വി. വേദപുസ്തക പശ്ചാത്തലത്തിൽനിന്നുകൊണ്ട് ചിന്തിക്കാം.

**ആമുഖം**

സൃഷ്ടിയായ മനുഷ്യൻ തന്റെ സൃഷ്ടിതാവായ ദൈവത്തോടും സമസൃഷ്ടിയായ മനുഷ്യനോടും പുലർത്തേണ്ട നീതിയും, കാത്തു സൂക്ഷിക്കേണ്ട ബന്ധവുമാണ് വിശുദ്ധ ബൈബിളിന്റെ ഉള്ളടക്കം. ന്യായ പ്രമാണത്തിലെ ഏതു കല്പനയാണ് വലിയ കല്പന എന്ന ന്യായശാസ്ത്രിയുടെ ചോദ്യത്തിന് യേശു പറഞ്ഞ മറുപടി "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും സ്നേഹിക്കണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം എന്നുമായിരുന്നു." (മത്താ.22:34-40 മർക്കോ.12:28-33).

ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും, പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു. ഈ രണ്ടു കല്പനകൾ ന്യായപ്രമാണത്തിലെ പത്തു കല്പനകളുടേയും രത്നചുരുക്കമാണ്. അതിലെ ആദ്യത്തെ നാലു കല്പനകൾ ദൈവമനുഷ്യബന്ധത്തിൽ പുലർത്തേണ്ട നീതിയാണങ്കിൽ അവസാനത്തെ ആറു കല്പനകൾ മനുഷ്യ-മനുഷ്യബന്ധത്തിൽ പുലർത്തേണ്ട നീതിയാണ്.

ഏദൻ എന്ന പറുദീസായിൽ ആദ്യമനുഷ്യനെ ദൈവം സൃഷ്ടിച്ചാക്കിയത് ഈ ദ്വിമുഖ ബന്ധത്തിലായിരുന്നു. എന്നാൽ പൈശാചിക പ്രലോഭനത്തിനു വിധേയനായി അവൻ പാപം ചെയ്തപ്പോൾ ആ ബന്ധം ശിഥിലമാവുകയും അതിന്റെ പരിണിത ഫലമായി അവൻ ദൈവത്തിൽനിന്നും അകലുന്ന അവസ്ഥ ഉണ്ടായി. നഷ്ടപ്പെട്ടുപോയ ആ ബന്ധം പുന:സ്ഥാപിക്കപ്പെട്ടത്. ദൈവ പുത്രനായ യേശുതമ്പുരാന്റെ രക്ഷാകര പ്രവർത്തനത്തിലൂടെയാണ്. ഇന്ന് ആ ദ്വിമുഖബന്ധത്തിന്റെ ശക്തിയും സുഖവും മനുഷ്യൻ അനുഭവിച്ചറിയുന്നത് ദൈവാലയ കൂട്ടായ്മയിലും അതിലെ ആരാധനയിലുമാണ്. ആയതിനാൽ ദൈവലായം എന്നത് ഒരു വിശ്വാസിയുടെ ജീവിതത്തിലെ അവിഭാജ്യഘടകവും അതിലെ ആരാധന ദൈവാനുഭവത്തിന്റെ പൂർണ്ണതയും ആണ്.

**ആരാധനയുടെ തുടക്കം**

പാപം മുഖാന്തിരം ദൈവിക ബന്ധം നഷ്ടപ്പെട്ടതിനാൽ ദൈവിക സാമീപ്യത്തിൽ നിന്നും പുറത്താക്കപ്പെട്ട മനുഷ്യന് ആ സാമീപ്യവും ബന്ധവും നിലനിർത്തുവാനാഗ്രഹിച്ചാണ് ആരാധന തുടങ്ങിയത് എന്ന് വി. വേദപുസ്തക പശ്ചാത്തലത്തിൽ നിന്ന് മനസ്സിലാക്കാം. മനുഷ്യൻ ദൈവത്തെ ആരാധിക്കാൻ തുടങ്ങിയത് ദൈവം ആരാധന ആവശ്യപ്പെട്ടിട്ടില്ല, പ്രത്യുത സൃഷ്ടാവായ ദൈവം ആരാധനയ്ക്ക് യോഗ്യനാണെന്ന് മനുഷ്യന് ബോധ്യമായതുകൊണ്ടാണ്. ശേത്തിന്റെ മകൻ ഏനോശിന്റെ കാലത്താണ് ദൈവനമാത്തിലുള്ള ആരാധന ആരംഭിച്ചത് എന്ന് ബൈബിൾ പറയുന്നുണ്ടെങ്കിലും (ഉല്പ.4:26). ആദ്യമക്കളായ കായേനും ഹാബേലും തങ്ങളുടെ അദ്ധ്വാനഫലത്തിൽനിന്ന് വഴിപാട് ദൈവസന്നിധിയിൽ സമർപ്പിച്ചപ്പോൾ മുതൽ ഭൂമിയിൽ ആരാധന ആരംഭിച്ചു എന്നു പറയാം (ഉല്പ. 4:3-4). പിന്നീട് നോഹ, വാഗ്തത്വ പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നീ പിതാക്കന്മാരുടെ കാലത്തെല്ലാം വ്യക്തിപരമായ രീതിയിൽ മനുഷ്യൻ ദൈവത്തെ ആരാധിച്ചു വന്നതായി വി. ബൈബിളിൽനിന്നു മനസ്സിലാക്കാം (ഉല്പ. 12:8-18, 22:13, 28:17-19, 35:7-8 etc).

**സമൂഹ ആരാധന-ന്യായപ്രമാണ യുഗത്തിൽ**

മോശയുടെ കാലം മുതലാണ് ആരാധന ന്യായപ്രമാണ യുഗത്തിൽ മോശയുടെ കാലം മുതലാണ് ആരാധന സമൂഹപരമാകാൻ തുടങ്ങിയത്. ആരാധന സമൂഹപരമായി വന്ന

പ്പോൾ പൊതു ആരാധനയ്ക്കായി ദൈവാലയം ആവശ്യമായി വന്നു. ആരാധനയ്ക്കായി ദൈവാലയം നിർമ്മിക്കുവാൻ മോശയോട് ആവശ്യപ്പെട്ടത് ദൈവം തന്നെയാണ്. “ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കേണം (പുറ:25:8) എന്നു കല്പിച്ച യഹോവ പണിയേണ്ട വി. മന്ദിരത്തിന്റെ മാതൃകയും അളവുമെല്ലാം പർവ്വത മുകളിൽവച്ച് മോശയ്ക്ക് പറഞ്ഞു കൊടുത്തു (ഉല്പ. 25:40). പർവ്വതമുകളിൽ വച്ച് മോശയോടു നേരിട്ട് സംസാരിച്ച് തന്റെ ഹിതം വെളുപ്പെടുത്തിയ ദൈവം പിന്നിട്ട് സമാഗമന കൂടാരമായ ദൈവലയത്തിൽ കൃപാസനത്തിന്മേൽ ഇറങ്ങിവന്ന് പുരോഹിതന്മാരിലൂടെ തന്റെ ഹിതം കാലാകാലങ്ങളിൽ ഇസ്രായേലിനെ അറിയിച്ചുകൊണ്ടിരുന്നു. സമാഗമന കൂടാരത്തിൽ അനുദിനം അർപ്പിച്ചു വന്ന യാഗത്തിലും ആരാധനയിലുമായി ദൈവമനുഷ്യബന്ധത്തിന്റെയും അതു മുഖാന്തിരം മനുഷ്യ-മനുഷ്യ ബന്ധത്തിന്റെയും പൂർണ്ണത ഇസ്രായേൽ ജനം അനുഭവിച്ചുവന്നു.

**ജറുശലേം ദൈവാലയ നിർമ്മാണം**

മരുഭൂമിയിൽ ദൈവ-മനുഷ്യബന്ധം ശക്തമായി കാത്തു പരിപാലിച്ച ഇസ്രായേൽ ജനം വാഗ്ദത്വനാടായ കനാനിൽ സ്ഥിരതാമസമായി, ദേശത്തിന്റെ സമൃദ്ധിയും സുഖലോലുവതയും ആസ്വദിച്ച് തുടങ്ങിയപ്പോൾ മരുഭൂമിയിൽ വഴി നടത്തിയ ദൈവത്തെ മറന്ന് ഭൗതിക സമൃദ്ധി നൽകുന്നു എന്ന് കനാന്യർ വിശ്വസിച്ചിരുന്ന പ്രകൃതി ശക്തികളെ ആരാധിക്കാൻ തുടങ്ങി. അങ്ങനെ സത്യദൈവത്തെ മറന്ന് ഭൗതികതയിൽ മുഴകി ജീവിച്ച യിസ്രായേൽ ഗോത്രങ്ങളുടെ ഇടയിൽ അതിരു തർക്കങ്ങ കലഹങ്ങളും, വിഭാഗിയ ചിന്തകളും ഒക്കെ ശക്തമായിക്കൊണ്ടിരിക്കുന്നു.

ദാവിദിന്റെ കാലമായപ്പോൾ വിഘടിച്ചുനിന്ന ഇസ്രായേൽ ഗോത്രങ്ങളെ ഒന്നിച്ചു നിർത്തുവാനും, ഐക്യം കാത്തു സൂക്ഷിക്കുവാനും, ജീവിത ലക്ഷ്യം ദൈവത്തിൽ കേന്ദ്രീകരിക്കുവാനും പൊതുവും കേന്ദ്രീകൃതവുമായ ഒരു ആരാധനാലയം ആവശ്യമാണ് അദ്ദേഹത്തിന് ബോധ്യമാവുകയും അങ്ങനെ ജറുശലേം ദൈവാലയം നിർമ്മിക്കുവാൻ ആഗ്രഹിക്കുകയും അദ്ദേഹത്തിന്റെ മകൻ ശലോമോന്റെ കാലത്ത് അത് സാധ്യമാകുകയും ചെയ്തു. അങ്ങനെ ദൈവാലയ നിർമ്മാണത്തോടു കൂടി നഷ്ടപ്പെട്ടുപോയ ഏക ദൈവ വിശ്വാസവും, ആരാധനയും ഐക്യവും എല്ലാം യിസ്രായേലിൽ തിരിച്ചുവന്നു. **(തുടരും)**

# ഈശ്വരനോ, ടൊരൊത്തൊരുമ!

**കെ.എം. മാനുവൽ, കളപ്പുരയ്ക്കൽ**

ഈശ്വരനെന്നും, കരുതുന്നു സ്നേഹത്തിൽ;
“ഒന്നായി തീർക്കുന്ന തീരം!”
ഈശ്വരനെന്നും, മാറോടു ചേർക്കുന്നു;
“തൻ പ്രിയ പുത്രർക്കു, താലം!”
ഈശ്വരൻ, ആദിയിൽ, ലോകത്തെ തീർത്തപ്പോൾ;
“കണ്ടതോ നന്മതൻ - കാലം!”
ഈശ്വരൻ, സന്ധ്യയ്ക്ക്, ഏദനിൽ വന്നതോ;
“തൻ, സർവ്വ-സൃഷ്ടിയ്ക്കു മിഷ്ടം!”
ഈശ്വരൻ, ഇത്രമേൽ നന്മകൾ സൃഷ്ടിപ്പാൻ;
“എന്തായിരുന്നുവോ, ലക്ഷ്യം!”
ഈശ്വര-ലക്ഷ്യത്തെ, മുൻകൂട്ടിക്കണ്ടൊരാ;
“മുൻനിരാ-ദൂതനൊ, രന്ത്യം!”
ഈശ്വരപദ്ധതി, സാക്ഷാത്കരിയ്ക്കുവാൻ;
“ഭൂലോക, ശുദ്ധിയാൽ... സാധ്യം!”
ഈശ്വരനോടെന്നും, പ്രാർത്ഥിയ്ക്കണം, നമ്മൾ;
“എന്തുഞാൻ, ചെയ്യേണ, മാദ്യം!”
ഈശ്വരാ...ഈശ്വരാ... എന്നു വിളിയ്ക്കും;
“പാപത്തിൻ പിന്നാലെ, എന്നും!”
ഈശ്വരൻ, നിന്നെ, കരുതുന്നുവെങ്കിലോ;
“ശിക്ഷ! കുറയ്ക്കില്ല, നൂനം!”

ഈശ്വരൻ, ആറുനാൾ, കൊണ്ടു സൃഷ്ടിച്ചവ—
“നമ്മുടെ പുത്രർക്കു തുല്യം!”
ഈശ്വരൻ, ചിന്തകൾക്കപ്പുറ,ത്തെങ്ങാനു;
“മെത്താൻ, ചിന്തിപ്പതോ...., പാപം!”
ഈശ്വരനെന്നൊറ്റ വാക്കിൻ, വിഘടനം;
“മാതാ-പിതാ-ഗുരു” ദൈവം!
ഈശ്വരനെ കാണാം; അമ്മമാരിൽ..., സദാ-
“നിൻ സുഖം, അച്ഛന്റെ ഇഷ്ടം!”
“ഈശ്വരാ..” എന്നൊരു വാക്കു വിളിച്ചിട്ട്;
“നിൻ ഗുരു, കാണട്ടെ; മുത്തം!
ഈശ്വരൻ, സാക്ഷാൽ...., പരിശുദ്ധ താതനോ;
“താതർക്കു ‘നേർവഴി’, എന്നും!”
ഈശ്വരചിന്തയാൽ...,എന്നും തുടങ്ങണം;
“നിൻ ദിനചര്യകൾ, നിത്യം!”
ഈശ്വരചിന്ത, നിന്നുള്ളിൽ ജനിപ്പിപ്പൂ;
“നന്മ, വെടിയാത്ത; ലോകം!”
ഈശ്വരൻ, നാൾക്കുനാൾ, നിന്നിൽ പ്രതീക്ഷിപ്പൂ;
“പാപത്തെ, തീണ്ടാത്തൊ, ‘രാദാം’!”
ഈശ്വരൻ, മാറോടു ചേർക്കാൻ..., വിളിയ്ക്കുമ്പോൾ;
“കാണണം, പുഞ്ചിരി....; ഓട്ടം!”




# M.S. സുബ്ബലക്ഷ്മി കർണ്ണാടക സംഗീതത്തിലെ അതികായ

എബി

സംഗീത ലോകത്തെ ഈ ചക്രവർത്തിക്കു മുമ്പിൽ ഞാൻ വെറുമൊരു പ്രധാന മന്ത്രി മാത്രം.

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ അതിപ്രശസ്തമായ ഈ വാക്കുകൾ എം.എസ്. സുബ്ബലക്ഷ്മിയെക്കുറിച്ചായിരുന്നു. കർണ്ണാടകാ സംഗീതത്തിലെ മുടിചൂടിയ ചക്രവർത്തി തന്നെയായിരുന്നു എം.എസ്. സുബ്ബലക്ഷ്മി എന്ന ഗാനകോകിലം.

ശെമ്മാങ്കുടിയുടെ ശിക്ഷണത്തിൽ സംഗീത പഠനം തുടങ്ങിയ സുബ്ബലക്ഷ്മി ഭാഷയുടെ പരിമിതികളെ സംഗീതത്തിന്റെ മാധുര്യംകൊണ്ട് അതിജീവിച്ചു. കൂടാതെ നിരവധി ചിത്രങ്ങളിലും മുഖ്യ കഥാപാത്രമായി അഭിനയിക്കയും ചെയ്തിട്ടുണ്ട്. ആ സ്വരമാധുരി ഐക്യരാഷ്ട്ര സഭയിലും അലയടിച്ചു. ലണ്ടനിലെ റോയൽ ആൽബർട്ട് ഹാളിലും അതു മുഴങ്ങി കേട്ടു. ഗാന്ധിജിക്ക് വളരെ പ്രിയമുള്ളതായിരുന്നു സുബ്ബലക്ഷ്മിയുടെ ഭജനകൾ.



1916 സെപ്റ്റംബർ 16 നാണ് മധുരയിൽ സുബ്ബലക്ഷ്മി ജനിച്ചത്. മുഴുവൻ പേര് മധുര ഷൺമുഖ വഡിവ് സുബ്ബലക്ഷ്മി. അഛൻ സുബ്രമണ്യ അയ്യർ അഡ്വക്കേറ്റ് ആയിരുന്നു. അമ്മ ഷൺമുഖ വടിവേൽ അമ്മാൾ നല്ലയൊരു വീണ വായനക്കാരിയായിരുന്നു. ഗായകനായ കൽക്കി സദാശിവത്തെ 1940 ൽ വിവാഹം കഴിച്ച് ജീവിത പങ്കാളിയാക്കി. എന്നാൽ 1997 ൽ അദ്ദേഹം അന്തരിച്ചു. ആ ദാമ്പത്യത്തിൽ ഒരു കുട്ടി ജനിച്ചു. രാധാവിശ്വനാഥൻ.

നന്നെ ചെറുപ്പത്തിൽ തന്നെ സുബ്ബലക്ഷ്മി കർണ്ണാട്ടിക്ക് സംഗീതം പഠിക്കാൻ തുടങ്ങി. അന്ന് അമ്മയായിരുന്നു ഗുരു. ഹിന്ദുസ്ഥാനി സംഗീതം അഭ്യസിച്ചത് പണ്ഡിറ്റ് നാരായൺ റാവു വ്യാസിന്റെ ശിക്ഷണത്തിലാണ്.

10–ാമത്തെ വയസിൽ ശെമ്മാങ്കുടി ശ്രീനിവാസ അയ്യർ ആദ്യത്തെ റെക്കാഡിംഗ് നടത്തി. 13–ാം മത്തെ വയസിൽ ആദ്യത്തെ പരിപാടി മദ്രാസ് മ്യൂസിക്ക് അക്കാഡമിയിലാണ് നടത്തിയത്. അത് വളരെ ശ്രദ്ധേയമായി. പിന്നീട് സ്വന്തമായ പരിപാടികൾ അവതരിപ്പിക്കാൻ തുടങ്ങി. അന്ന് വയസ് 17 മാത്രം.

പിന്നീട് ലണ്ടൻ, ന്യൂയോർക്ക്, കാനഡ മുതലായ സ്ഥലങ്ങളിൽ പരിപാടികളുമായി യാത്രകൾ നടത്തി. കർണ്ണാടക സംഗീതമെന്നാൽ എം.എസ്. സുബ്ബലക്ഷ്മിയെന്ന് ലോകം പറയാൻ തുടങ്ങി.

1952–ൽ ഡൽഹിയിലെ രാമകൃഷ്ണാശ്രമത്തിൽ പാടുമ്പോഴാണ് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കേൾവിക്കാരനായെത്തിയത്. അത് നവംബർ 29 നായിരുന്നു. സുബ്ബലക്ഷ്മിയുടെ ശബ്ദ മാധുരിയിൽ അലിഞ്ഞു ചേർന്ന നെഹ്റു പറഞ്ഞു: സംഗീത ലോകത്തെ ഈ ചക്രവർത്തിക്കു മുമ്പിൽ ഞാൻ വെറുമൊരു പ്രധാനമന്ത്രി മാത്രം. അത് സുബ്ബലക്ഷ്മിയുടെ ജീവിതത്തിലെ വലിയൊരു അംഗീകാരമായിരുന്നു. നെഹ്റുവിനെ കൂടാതെ ഉസ്താദ് അലിഖാൻ. സരോജിനി നായിഡു മുതലായ പ്രതിഭകളും സുബ്ബലക്ഷ്മിയെ അഭിനന്ദിച്ചിരുന്നു. പല സിനിമകളിലും സുബ്ബലക്ഷ്മി അഭിനയിച്ചിരുന്നു. അതിൽ എടുത്തു പറയത്തക്കതാണ് G.വരലക്ഷ്മിയുമൊത്തുള്ള 'സേവാസദനം' U.Nൽ പാടുന്ന ആദ്യത്തെ ഇൻഡ്യാക്കാരിയും സുബ്ബലക്ഷ്മിതന്നെ. അത് 1966 ൽ ആയിരുന്നു.

'ഭാരതരത്ന' ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾക്ക് ഈ ഗാന കോകിലം അർഹയായി. കാളിദാസ സമ്മാനം, ഇന്ദിരാഗാന്ധി ദേശിയോദ്ഗ്രഥന പുരസ്കാരം, പത്മഭൂഷൺ, പത്മശ്രീ, പത്മവിഭൂഷൺ മുതലായ ചിലതുമാത്രം. ഏഷ്യയിലെ നോബെൽ പ്രൈസ് എന്നു കരുതുന്ന രമൺ മാഗ്സേസെ അവാർഡിനും അവർ അർഹയായി. 'ഭാരതരത്ന' നേടുന്ന ആദ്യ സംഗീതക്കാരിയും സുബ്ബലക്ഷ്മി തന്നെ. ലോകമാകെയും സംഗീത പ്രേമികളെ ആകർഷിച്ച ഈ അനശ്വര പ്രതിഭ ഇൻഡ്യയുടെ യശസു വാനോളം ഉയർത്തി.

1997–ൽ തന്റെ എല്ലാമായ ഭർത്താവ് സദാശിവം മരിച്ചു. അത് സുബ്ബലക്ഷ്മിയെ വല്ലാതെ വേദനിപ്പിച്ചു. അതിനുശേഷം പൊതു പാരിപാടികൾ അവർ നിറുത്തി. ഏറ്റവും ഒടുവിലത്തെ പൊതു പരിപാടി 1997–ൽ ആയിരുന്നു. ഗാന്ധിജിക്ക് സുബ്ബലക്ഷ്മിയുടെ പ്രശസ്തമായ ഭജന നേരിട്ടു കേൾക്കാൻ ആഗ്രഹമുണ്ടായിരുന്നു. എങ്കിലും അതു നടന്നില്ല. അതിന്റെ റെക്കാർഡ് ഗാന്ധിജിക്ക് അയച്ചുകൊടുക്കയാണ് ചെയ്തത്.

കൗസല്യ സുപ്രജാ രാമപൂർവ്വ
സന്ധ്യാ പ്രവർത്തതേ.

ഈ ഗാനം ഉറക്കമുണർത്താൻ തുടങ്ങിയിട്ട് എത്രയോ ദശകങ്ങളായി. എം.എസ്. സുബ്ബലക്ഷ്മി എന്ന ഗായിക കാലം കടന്നും ജീവിക്കും. കവി പാടിയപോലെ പുലരിയുടെ ചുവപ്പിൽ എം.എസ്– ന്റെ സ്വരമാധുരിയിൽ അലിഞ്ഞങ്ങനെ കിടക്കുമ്പോൾ പ്രഭാതം എത്ര മനോഹരമായിരിക്കും.

2004 ഡിസംബർ 11–ന് ചെന്നൈയിലെ കോട്ടൂർപുരത്തു വച്ച് എം.എസ്. സുബ്ബലക്ഷ്മി എന്ന ഗാന കോകിലം ഈ ലോകത്തോടു വിട പറഞ്ഞു. അന്ന് അവർക്ക് 88 വയസായിരുന്നു. അരങ്ങൊഴിഞ്ഞു പോയെങ്കിലും കർണ്ണാടക സംഗീതത്തിന്റെ വിഹായസിൽ നക്ഷത്ര ശോഭയായി ആ അനശ്വര പ്രതിഭ എന്നും തിളങ്ങിക്കൊണ്ടിരിക്കും. ●




## വരനെ ആവശ്യമുണ്ട്

**M. 341**

Knanaya parents invite proposals for their daughter (31/162cm) who has done MHRM and currently working as HR Executive in MRF, Chennai. Seeking alliance from parents of professionally qualified boys .

Ph: 9445687880, 9345066340

**M. 342**

B.Tech Computer Science and Engineering പാസ്സായി ഇൻഫോ പാർക്കിൽ സോഫ്റ്റ്‌വെയർ ഡെവലപ്പർ ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/164 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 8606457084, 9495509626

**M. 343**

Knanaya parents invite proposals for their daughter (27/168 cm) MBBS from Govt. Medical College, expecting admission to PG Course through NEET, from parents of professionally qualified boys .

Ph: 9447161472, 9496094091

## വധുവിനെ ആവശ്യമുണ്ട്

**M. 344**

Knanaya parents invite proposals for their son, 27/168cm MBBS , currently working as a junior doctor. He has obtained UK medical registration and is planning to move to the UK. Seeking a suitable alliance from parents of God-fearing and professionally qualified girls, preferably MBBS graduates.

Contact: 9594185253, 7736421021, 9447207388

**M. 345**

MBA കഴിഞ്ഞ ക്നാനായ യുവാവിന് (28/167 cm) working as Business Analyst at origin multilingual (Ireland Company) Studying Digital Business (one year) at Newzeland അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9188007331, 9497707238

**M. 346**

Instrumentation കഴിഞ്ഞ് അബുദാബിയിൽ Oil Company ൽ (Semi Govt.) ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/162 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9744798622, 9656716527

**M. 347**

Knanaya Jacobite parents invite proposal for their son, Age 27 (May 1997) Born in India and raised in US. Height 5' 8" Running own business in USA. Seeking Alliances from educated , family oriented and God fearing girls from India or abroad.

Please contact WhatsApp number 8472086319 (USA)

**M. 348**

കുവൈറ്റിൽ ഗവൺമെന്റ് ഹോസ്പിറ്റലിൽ റേഡിയോഗ്രാഫർ ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (33/175 cm, B.Sc MIT) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 8301019549

**M. 349**

B.Tech, MBA (from U.K.) കഴിഞ്ഞ് നാട്ടിൽ Exporting Business ചെയ്യുന്ന ക്നാനായ യുവാവിന് (29/169 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9447472905, 9447129518

**M. 350**

Knanaya parents invite proposals for their son, (28/188 cms) who has done MBA (finance and operation) and currently working as financial consultant in MNC, Hydrabad. Seeking alliance from parents of God fearing and professionally qualified girls.

Ph: 9345066340, 9445687880

**M. 351**

Dubai ൽ പ്രശസ്ത കമ്പനിയിൽ QA/QC Engineering ആയി ജോലി ചെയ്യുന്നതും, ഡിസംബറിൽ നാട്ടിൽ വരുന്നതുമായ ക്നാനായ യുവാവിന് (32/6') അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഇടത്തരം കുടുംബം, ഡിമാന്റുകൾ ഒന്നും ഇല്ല) Ph: 09744405991

**M. 352**

Instramentation പഠിച്ചതും ഇപ്പോൾ നാട്ടിൽ സ്വന്തമായി ബിസിനസ് ചെയ്യുന്നതുമായ ക്നാനായ യുവാവിന് (32/173 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 9526023547

**M. 353**

B.Sc Hotel Management കഴിഞ്ഞ് എറണാകുളത്തെ Four Star ഹോട്ടലിൽ സൂപ്പർവൈസറായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (32/171 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 8301877236, 9495847791


**M. 354**

We invite proposals for our son (26/172) born in India but raised and settled in UK. He completed BSc nursing from UK and currently working in NHS as a theatre practitioner. We are inviting proposals from parents of God fearing BSc Nurses working in India or abroad. Ph: 00447774680062, 00447733209437

## പുനർവിവാഹം
## വധുവിനെ ആവശ്യമുണ്ട്.

**M. 355**

നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയ, സാമ്പത്തികശേഷിയുള്ള Retd Govt. മാതാപിതാക്കളുടെ മകനായ ക്നാനായ യുവാവ് (38/166 cm) MBA നാട്ടിൽ പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു. ബാധ്യതയില്ലാത്ത അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (കുട്ടികളില്ല).
Ph: 9447111728, Whatapp - 9567911728



24 –ാം ചരമവാർഷികം
02-12-2024

വി. എ. പുന്നൂസ്
(അച്ചൻകുഞ്ഞ്)
പീടികയിൽ, കുന്നംകേരി

സന്തപ്ത കുടുംബാംഗങ്ങൾ




03 –ാം ചരമവാർഷികം
03- 12-2024

പെണ്ണമ്മ കുറിയാക്കോസ്
വൈക്കത്തുശ്ശേരിൽ
മാമ്പുഴക്കരി

*നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ*
സന്തപ്ത കുടുംബാംഗങ്ങൾ

03 –ാം ചരമവാർഷികം
14-11-2024



ഇ. ഒ. ജോസഫ്
ഇടശ്ശേരിൽ
വെള്ളുത്തുരുത്തി

സന്തപ്ത കുടുംബാംഗങ്ങൾ

08 –ാം ചരമവാർഷികം
01-12-2024



പി. എ. കുറിയാക്കോസ്
പുളിക്കാവിൽ
ഇരവിപേരൂർ

സന്തപ്ത കുടുംബാംഗങ്ങൾ


10 –ാം ചരമവാർഷികം
20-11- 2024



ചിന്നമ്മ കുര്യൻ
കാഞ്ഞിരപ്പള്ളി മാലിയിൽ
തിരുവൻവണ്ടൂർ

സന്തപ്ത കുടുംബാംഗങ്ങൾ

09 –ാം ചരമവാർഷികം
20-11- 2024



മറിയാമ്മ കുറിയാക്കോസ്
പള്ളിക്കപ്പറമ്പിൽ
(ചേലച്ചിറ), കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

**16 – ാം ചരമവാർഷികം**
**16-11-2024**




## I. Mathews
## Elayasseril, Kuttoor

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**12 – ാം ചരമവാർഷികം**
**27-11-2024**

**33 – ാം ചരമവാർഷികം**
**09-09-2024**






**അച്ചുഅമ്മ ഏബ്രഹാം**
(തങ്കമ്മ)

**കെ. എസ് ഏബ്രഹാം**

**കണ്ടനാട്ട്, അങ്ങാടി, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**16 – ാം ചരമവാർഷികം**
**16-11-2024**



## M. C. Abraham (Joy)
## Mepparathil
## Ranni

**Sorrowing Family**

**14 – ാം ചരമവാർഷികം**
**04-11-2024**



**അച്ചാമ്മ ഏബ്രഹാം** (കുഞ്ഞമ്മ)
**ഇരണയ്ക്കൽ, തുരുത്തിക്കാട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

17 –ാം ചരമവാർഷികം

02-11-2024



**ശോശാമ്മ പുന്നൂസ്**


**കോവിലാൽ, മഴുക്കീർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ

**സന്തപ്ത കുടുംബാംഗങ്ങൾ**

2nd Death Anniversary

14-12-2024




**P.C. Jacob (Kunjumon)**

**Valanjathuruthil, Ranny**

"You the light of our home have gone.
Yet, your memories remain in our hearts"

45th Death Anniversary

08-11-2024



**T. P. Kuruvilla**

**Aronnil, Ranni**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

**സന്തപ്ത കുടുംബാംഗങ്ങൾ**

19 –ാം ചരമവാർഷികം
29-11-2024

20 –ാം ചരമവാർഷികം
27-12-2024



**M. A. Thomas** **Molly Thomas**

**Manimalethu**

**Ranny**

Inserted by:
Sorrowing family

**15 – ാം ചരമവാർഷികം**
**04-12-2024**



## മാത്തുക്കുട്ടി
**താഴത്തേതിൽ, കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**03 – ാം ചരമവാർഷികം**
**20-11-2024**



**ജയ സാറാമ്മ ചാക്കോ**
**തുണ്ടിയിൽ, ഇരവിപേരൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
ദുഃഖാർത്തരായ അമ്മ, സഹോദരങ്ങൾ
ജിനു & ഫാമിലി, ജിജി & ഫാമിലി,
ജോസ്മോൻ & ഫാമിലി
മറ്റ് കുടുംബാംഗങ്ങൾ

**40 – ാം ചരമദിനം**
**09-11-2024**



## K.O. Kuriakose
**Kavumkal, Nellickamon**
**Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**04 – ാം ചരമവാർഷികം**
**28-11-2024**

**11 – ാം ചരമവാർഷികം**
**04-06-2025**



**M.T. Skaria** **Kunjamma Skaria**

**Melayil House**
**Kallissery**
**BY Sorrowing Family**

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

## 10th Death Anniversary
10.11.2024

## 15th Death Anniversary
26.12.2024



## K.T. Kuruvilla

## Mariamma Kuruvilla

**Karimattathil,**
**Channanikadu (Manjeri)**

Precious in the sight of the lord is the death of his faithful. (Psalms 116.15)

By Loving Family

Advt - S



40–ാം ചരമദിനം
21–11–2024

# REJI MARKOSE
Malathusseril,
Chingavanam

Advt - R

സന്തപ്ത കുടുംബാംഗങ്ങൾ

## 40th Day of Demise
26.11.2024



# Joseph Elvis
Nellickal House, Vallamkulam

Though death brings pain that cannot be healed, your love has created memories that will forever be ours. With heartfelt gratitude and hope, knowing you're in God's loving presence, we find the strength to carry on.

With love & Hope
Binu Elvis Lesly,
Lifin & Hanok Leen.

## 10th Birthday in Heaven
15 – 11 – 2024




Advt -O

# T. P. Cheriyan
Veliyathuthundiyil, Thuruthickadu

By Sorrowing Family

## 40th Day of demise

16/11/2024



## V. S. Thomas

Valiyaveetil, Vakathanam

Tribute to the devoted servant of Christ, known for his unwavering faith, kindness and love for his family and community.

Advt -O

## 20th Death Anniversary

03 – 11 – 2024



## ZACHARIAH JACOB (ANIYAN)

COIPURATHU, Aythala - Ranny

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

2 – ാം ചരമവാർഷികം
11 – 11 – 2024

2 – ാം ചരമവാർഷികം
30 – 04 – 2024



**P. P ABRAHAM** **CHINNAMMA ABRAHAM**

Plamparampil, Kurichy

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

13 – ാം ചരമവാർഷികം
13 – 11 – 2024

9 – ാം ചരമവാർഷികം
19 – 12 – 2024





**THANKAMMA MATHEW** **A.O.MATHEW**

Mulamoottil, Ranni

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# CHETTIYAKULATHU FAMILY

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

**12th Birthday in Heaven**
6 -12 - 2024



**Rev.Fr. C.T. Jacob**
Chettiyakulathu

**4th Birthday in Heaven**
11-11- 2024



**C.T. ABRAHAM**
Chettiyakulathu
Mannar, Houston, USA

**4th Birthday in Heaven**
16-10- 2024



**C.T. SKARIAH**
Chettiyakulathu
Thiruvanvandoor

**4th Birthday in Heaven**
29-03- 2024



**ANNAMMA SKARIAH**
Chettiyakulathu

Advt - O

By Sorrowing family

## 14th Death Anniversary

**03-11-2024**



**കെ.ഐ. കുര്യൻ**


**കുറ്റിക്കാട്ടിൽ, മഴുക്കീർ**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ

**സന്തപ്ത കുടുംബാംഗങ്ങൾ**

## സ്നേഹ സ്മരണയ്ക്ക്

| 41 –ാം ചരമവാർഷികം | 15 –ാം ചരമവാർഷികം |
|---|---|
| 29-11-2024 | 11-02-2025 |





**വി.ഐ. ചാക്കോ** **മറിയാമ്മ ചാക്കോ**


**മാണിയ്ക്കമംഗലം**
**കുറിച്ചി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

**സന്തപ്ത കുടുംബാംഗങ്ങൾ**

## ഇമ്പങ്ങളുടെ പറുദീസയിൽ

| 07th Birthday | 23rd Birthday | 42nd Birthday | 62nd Birthday |
|---|---|---|---|
| 29-11-2024 | 17-01-2024 | 25-08-2024 | 01-11-2024 |









| C. M. Kurian | Achamma Kurian | Mathai Kurian | Annamma Mathai |
|---|---|---|---|

**Kallolickal Family**
**S. Puram, Kurichy**


**16 –ാം ചരമവാർഷികം**
**22-11-2024**



**ആൻഡ്രൂസ് ഏബ്രഹാം (കൈരളി തങ്കച്ചൻ)**
**പരപ്പൂത്തറ, ഈര**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**40 –ാം ചരമവാർഷികം**
**10-11-2024**



**കെ.കെ. മാത്യു**
**കുറ്റിയിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**22 –ാം ചരമവാർഷികം**
**18-11-2024**



**പി. റ്റി. തോമസ്**
**പള്ളിക്കപറമ്പിൽ (കട്ടപ്പന)**

**27 –ാം ചരമവാർഷികം**
**28-10-2024**



**ചിന്നമ്മ തോമസ്**
**പള്ളിക്കപറമ്പിൽ (കുറിച്ചി)**

**10 –ാം ചരമവാർഷികം**
**17-12-2024**



**ലീലാമ്മ തോമസ്**
**പള്ളിക്കപറമ്പിൽ (കട്ടപ്പന)**

**സന്തപ്ത കുടുംബാംഗങ്ങൾ**


**വേർപാടിന്റെ 8 – ാം വർഷം**
**14- 11-2024**



**ELBIN SIMON**
**Pazhayakalam, Kuzhimattom**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"
**ACHA, MUMMY, KELVIN**

**03 – ാം ചരമവാർഷികം**
**22-11-2024**





**പി.കെ. എബ്രഹാം (കുഞ്ഞുമോൻ)**
**പന്ത്രണ്ടാംകുഴിയിൽ**
**വാകത്താനം**

**സന്തപ്ത കുടുംബാംഗങ്ങൾ**

**56 – ാം ചരമവാർഷികം** **26- 11- 2024**

**19 – ാം ചരമവാർഷികം** **02-11- 2024**






**തോമസ് ചാണ്ടി**

**ചാണ്ടി തോമസ്**
**(കുഞ്ഞ്)**

**കളത്തിൽ, നീലംപേരൂർ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**42 – ാം ചരമവാർഷികം** **06-12-2024**

**31 – ാം ചരമവാർഷികം** **28-04-2025**






**ഇട്ടി മാത്യു**

**ഏലിക്കുട്ടി മാത്യു**

**മടുക്കമൂട്ടിൽ, പൂവൻതുരുത്ത്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

20 – ാം ചരമവാർഷികം
22-11-2024



**ബാബു ജേക്കബ്**
**അറയ്ക്കൽ തോപ്പിൽ ചിറയിൽ, പൂവൻതുരുത്ത്**


കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

36 – ാം ചരമവാർഷികം
06-11-2024

06 – ാം ചരമവാർഷികം
14-01-2025





**പി. റ്റി. മാത്യു**
(മാത്തുക്കുട്ടി)

**കുഞ്ഞൂഞ്ഞമ്മ മാത്യു**

**പട്ടശ്ശേരിൽ, ചെങ്ങളം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

01 – ാം ചരമവാർഷികം
02-11-2024




**T.K. PHILIP**
**Thenparayil, Valiangady, Kottayam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

03 – ാം ചരമവാർഷികം
02-11-2024

31 – ാം ചരമവാർഷികം
21-12-2024





**പി.കെ. ജേക്കബ്**

**ജിബു ജേക്കബ്**

**പാലക്കുടിയിൽ, ചിങ്ങവനം**

സെയിൻ മാത്യു അലക്സ്, ജേക്കബ് അലക്സ്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

**17 – ാം ചരമവാർഷികം**
**20-11-2024**



## വിജ് കെ.എ.
**കുര്യൻപറമ്പിൽ, നിലമ്പൂർ, വടപുറം**

കണ്ടു കൊതി തീരും മുമ്പേ ഞങ്ങളെ വിട്ടുപിരിഞ്ഞ
ഞങ്ങളുടെ മോനെ നിത്യതയുടെ തീരത്ത്
കാണാമെന്നുള്ള പ്രത്യാശയോടെ

**സന്തപ്ത കുടുംബാംഗങ്ങൾ**

**04 – ാം ചരമവാർഷികം**
**15-11-2024**

**03 – ാം ചരമവാർഷികം**
**09-12-2024**



**കെ.സി.ചെറിയാൻ** **ചിന്നമ്മ ചെറിയാൻ**

**കുന്നുതറ, പള്ളം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**07 – ാം ചരമവാർഷികം**
**02-12-2024**

**41 – ാം ചരമവാർഷികം**
**15-07-2024**



**മറിയാമ്മ കുരുവിള** **എം.ഐ. കുരുവിള**

**മൂഴിപ്പെരുമേത്ത്**
**ഐത്തല, ചെറുകുളഞ്ഞി, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**62 – ാം ചരമവാർഷികം**
**13-11-2024**



## നയ്ത്തോമ്മ അബ്രഹാം
**പുത്തൻപറമ്പിൽ**
**ചിങ്ങവനം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

23 – ാം ചരമവാർഷികം
22-12-2024

13 – ാം ചരമവാർഷികം
13-11-2024






തോമസ് കുറിയാക്കോസ്

ശോശാമ്മ കുറിയാക്കോസ്

ചതുരതുണ്ടിയിൽ
കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

05 – ാം ചരമവാർഷികം
09-11-2024



കുരുവിള ഏബ്രഹാം
(കുറിയാക്കോച്ചൻ)
കാലായിൽ, ഇടക്കുളം, റാന്നി

ജനനം: 22-08-1950
മരണം: 09-11-2019

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ




26 – ാം ചരമവാർഷികം
29-11-2024

ഏലിക്കുട്ടി സഖറിയ
പീടികപറമ്പിൽ
മേരിഗിരി, വടക്കഞ്ചേരി
പാലക്കാട്


സന്തപ്ത കുടുംബാംഗങ്ങൾ

37 – ാം ചരമ വാർഷികം
16 – 11 – 2024



അച്ചു അമ്മ കുര്യൻ

3 – ാം ചരമ വാർഷികം
22 – 09 – 2024




കുര്യൻ പുന്നൂസ് (കുഞ്ഞച്ചൻ)

1 – ാം ചരമ വാർഷികം
23 – 11 – 2024




അമ്മിണി പുന്നൂസ്

9 – ാം ചരമ വാർഷികം
30 – 05 – 2024



കുര്യൻ കുറിയാക്കോസ്

23 – ാം ചരമ വാർഷികം
26 – 09 – 2024



അമ്മാൾ കുറിയാക്കോസ്

കൂടത്തിൽ , ചെറുകുളഞ്ഞി – റാന്നി

സന്തപ്തകുടുംബാംഗങ്ങൾ

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

13 – ാം ചരമവാർഷികം
14-11-2024



**വി. പി. സ്റ്റീഫൻ** (കുഞ്ഞുമോൻ)
**വേലമ്മേപ്പുറത്ത്**
**ഐത്തല, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

**സന്തപ്ത കുടുംബാംഗങ്ങൾ**

18 – ാം ചരമവാർഷികം
22 - 11 - 2024



**തങ്കമ്മ മാത്യു**
**വടവുപറമ്പിൽ, ഒഴുവൻപാറ, റാന്നി**

**സന്തപ്ത കുടുംബാംഗങ്ങൾ**


08 – ാം ചരമവാർഷികം
06-12-2024



കെ. റ്റി. ജോർജ്
(Rtd. Manager, Federal Bank)
കയ്യാലേത്ത്
കല്ലിശ്ശേരി, തൈമറവുംകര

*സന്തപ്ത കുടുംബാംഗങ്ങൾ*


18 – ാം ചരമവാർഷികം
30-11-2024



കെ. ഐ. ഏബ്രഹാം
കൊടിയത്ത്
കല്ലിശ്ശേരി

*സന്തപ്ത കുടുംബാംഗങ്ങൾ*


17 – ാം ചരമവാർഷികം
15-11-2024



റ്റി.എ. ഇട്ടിയവിരാ (അനിയൻ)
തേവരുഴത്തിൽ
കല്ലിശ്ശേരി

*സന്തപ്ത കുടുംബാംഗങ്ങൾ*

12 – ാം ചരമവാർഷികം
06-11-2024



പി.റ്റി. ജോസഫ് (തമ്പാച്ചൻ)
പാറയിൽ
ഞാലിയാകുഴി

*സന്തപ്ത കുടുംബാംഗങ്ങൾ*

07 – ാം ചരമവാർഷികം
29-11-2024



റ്റി.സി. തോമസ്
പുന്നവേലിൽ തുണ്ടിയിൽ
ഐത്തല, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

11 – ാം ചരമവാർഷികം
24-10-2024



തങ്കമ്മ മർക്കോസ്
ഇടപ്പറമ്പിൽ, (കുന്നത്തിൽ)
ഒളശ്ശ

*സന്തപ്ത കുടുംബാംഗങ്ങൾ*


09 – ാം ചരമവാർഷികം
10-11-2024



അച്ചാമ്മ ചാക്കോ
(അമ്മുക്കുട്ടി)
കൈപ്പുഴമുള്ളാനിൽ
ഇടക്കുളം, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

03 – ാം ചരമവാർഷികം
20-11-2024



കെ.സി ജോസഫ്
(കുഞ്ഞൂഞ്ഞ്)
കുന്നുതറ, ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

03 – ാം ചരമവാർഷികം
23-11-2024



ചിന്നമ്മ ചാണ്ടി
പുത്തൻപുരയ്ക്കൽ
മാന്നാർ

*സന്തപ്ത കുടുംബാംഗങ്ങൾ*


17 – ാം ചരമവാർഷികം
01-11-2024



ജിനോ ഏലിയാസ്
പുതുപ്പറമ്പിൽ
വാകത്താനം

*സന്തപ്ത കുടുംബാംഗങ്ങൾ*

08 – ാം ചരമവാർഷികം
28-11-2024



A.I. Zachariah
(Kunjumon)
Puthiyadom
Chingavanam

*സന്തപ്ത കുടുംബാംഗങ്ങൾ*

4th Birthday in Heaven
03-11-2024



Mrs. Mariamma Thomas
W/o Thomas K.C.
Kunnelparampil
Chingavanam

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

**26-12-2024**



# V.A . Markose

**Valliyathil, Chingavanam**

*"Oh my Jesus, forgive us our sins, save us from the fires of the hell, and lead all the souls to the heaven, especially those most indeed of thy mercy."*

By Sorrowing Family

Advt -O

Registered No. KL/CHC/29/2024-26
Published on 15 November 2024

KNANAYA DEEPAM
Chingavanam

RNI No. KERBIL/2006/19210
Vol. 35, Issue: 11 ₹ 10

## 40th Day of Demise
**18-11-2024**



# LEELAMMA JOSEPH

W/o (Late) Chev. K.M. Joseph,
Kalayithra, Bangalore

05/02/1944 10/10/2024

"Her ways are ways of pleasantness,
and all her paths are peace." Prov. 3:17

Advt - O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**